PROCEEDINGS OF THE TRAVANCORE-COCHIN LEGISLATIVE ASSEMBLY

SECOND SESSION 1952

Saturday, the 5th July, 1952

Vol. VI OFFICIAL REPORT No. 6

The Assembly met in the Assembly Chamber, Trivandrum, at Eleven of the Clock on Saturday, the 5th July, 1952, with Mr. Speaker in the Chair.

QUESTIONS AND ANSWERS

(The number within brackets indicates the number in the list of admitted questions for the day.)

ORAL ANSWERS

Buses.

※281. [1] Shri P. S. Nataraja Pillai: Will the Minister for Transport be pleased to state:

(*a*) the total number of buses available with the Department for regular service on 30th April 1952;

(*b*) the number of buses of each of the defferent makes or types out of the number under part (a);

(*c*) the number of buses that run on petrol and the number that run on Diesel oil out of the number under part (a); and

(*d*) the total number of buses and the different types or makes of the buses with their respective number that are allotted to each of the Transport Divisions?

Minister for Works and Transport **(Shri Kalathil Velayudhan Nair):**

(*a*)	246	
(*b*)	Austin (Diesel)	53
	Austin (Petrol)	3
	Ford	109
	Chevrolet	72
	Studebaker	8
	International	1
(*c*)	Petrol running	188
	Reserve	5
	Total	193
	Diesel running	52
	Reserve	1
	Total	53

(*d*) It is a long statement, Sir. I am prepared to place it on the Table*

Shri P. S. Nataraja Pillai: May I know whether the types of buses given to each District are of the same type or different types?

Shri Kalathil Velayudhan Nair: Different types are given to all these places. But Diesel vehicles are given mostly to Trivandrum and Nagercoil Districts.

Shri P. S. Nataraja Pillai: Are there petrol buses also at Nagercoil ?

Shri Kalathil Velayudhan Nair: There are petrol buses also at Nagercoil.

Shri P. S. Nataraja Pillai: Are the Diesel Engines now available sufficient to meet the demands of any one District ?

Shri Kalathil Velayudhan Nair: It may be sufficient to meet the demands of one District. But in practical use if all the Diesel Engines are used in one District, there will be difficulty in operation, because in any line vehicles will have to be operated from more than one District.

Shri P. S. Nataraja Pillai: May I know the number of international buses in the whole of the State, or in the Nagercoil District ?

Shri Kalathil Velayudhan Nair: In service 1.

Shri P. S. Nataraja Pillai: May I know when those buses were bought ?

Shri Kalathil Velayudhan Nair: The International buses, most of them, were purchased last year.

Shri P. S. Nataraja Pillai: May I know the number of buses bought last year ?

Shri Kalathil Velayudhan Nair: 30.

Shri P. S. Nataraja Pillai: What was the reason for the 30 buses becoming unfit for service ?

Shri Kalathil Velayudhan Nair: They have not become unfit for service. The chassis was purchased and the body was under construction. It is not a case of the purchased buses becoming unserviceable.

Shri T. S. Ramaswami: May I know the number of buses purchased during the previous occasion ?

Shri Kalathil Velayudhan Nair: Five.

Shri P. S. Nataraja Pillai: How many are serviceable now ?

Shri Kalathil Velayudhan Nair: Out of the five, one is in service.

Shri Nedumangad R. Kesavan Nair: Has Mr. Collins reported that two types of vehicles must be standardised ?

Shri Kalathil Velayudhan Nair: Yes, that is the report.

---

* Placed in the Library.

ശ്രീ. പി. വി. അബ്രഹാം തരകൻ : ഇൻഡ്യാ ഗവണ്മെൻറിൻെറ അപ്രൂവ്ഡ് ലിസ്റ്റിൽ ഇൻറർനാഷണൽ ബസ്സ് ഇല്ലെന്നറിയാമോ?

ശ്രീ. കളത്തിൽ വേലായുധൻനായർ : ഇൻഡ്യാഗവണ്മെൻറിൻെറ അപ്രൂവ്ഡ് ലിസ്റ്റിൽ ഇൻറർനാഷണൽ ബസ്സും ഉണ്ട്.

Shri N. Rajagopalan Nair: Why were these buses purchased then?

Shri Kalathil Velayudhan Nair: Collins' report has not stated that these buses are not fit for service here, but has stated that two types of buses can be used.

Shri Nedumangad R. Kesavan Nair: Were not the two types of buses Austin and Ford? Were they not in existence at the time of the report of Mr. Collins?

Shri Kalathil Velayudhan Nair: They were not, Sir. Collins' report states that petrol buses may be replaced by diesel buses.

ശ്രീ. കെ. സി. നൈനാൻ : ഈ ബസ്സുകൾ ഉപയോഗിച്ചുകഴിഞ്ഞതിനശേഷം അതേപ്പററിയുള്ള ഗവണ്മെൻറിൻെറ അഭിപ്രായം എന്താണ്?

Mr. Speaker: The Minister in charge of the Department is not a technical expert.

ശ്രീ. കെ. ജെ. തോമസ് : കോട്ടയം ഡിസ്ത്രിക്ടിലേക്കു നല്ല ബസ്സുകൾ കൊടുക്കരുതെന്ന് ഗവണ്മെൻറിൽനിന്നും വല്ല നിർദ്ദേശവും കൊടുത്തിട്ടുണ്ടോ?

Mr. Speaker: The question is disallowed.

Shri Nedumangad R Kesavan Nair: Will the hon. Minister be pleased to state the number of buses in existence—Austin and Ford — at the time of Mr. Collins' report?

Shri Kalathil Velayudhan Nair: The exact number is not available with me. But there were a large number of Ford buses at the time of Mr. Collins' report and there were a few Austin buses also.

Shri Nedumangad R. Kesavan Nair: I suppose there were no International buses then. At the time of the report of Mr. Collins, were International buses indented?

Shri Kalathil Velayudhan Nair: I want notice.

Shri Nedumangad R. Kesavan Nair: Was any attempt made on the standardisation of vehicles as recommended by Mr. Collins?

Shri Kalathil Velayudhan Nair: That is being attempted now, Sir.

ശ്രീ. ചെങ്ങാരപ്പള്ളി പി. നാരായണൻപോററി : ഏററവും കൂടുതൽകാലം അററകുററങ്ങൾ കൂടാതെ ഓടിയിട്ടുള്ള ബസ്സുകൾ ഏതു മേക്ക് ബസ്സുകളാണ്?

ശ്രീ. കളത്തിൽ വേലായുധൻനായർ : ഏററവും കൂടുതൽ കാലം അററകുററങ്ങളും കൂടാതെ ഓടുന്ന ബസ്സും ഏതു മേക്ക് ആണെന്നുള്ളതിനെക്കുറിച്ച് ഗവേഷണം നടത്തിക്കൊണ്ടിരിക്കുകയാണ്.

Austin Buses.

*282. [3] **Shri P. S. Nataraja Pillai:** Will the Minister for Transport be pleased to state:

(*a*) the number of Austin chassis bought during the period March 1951 to March 1952 ;

(*b*) the date of last supply in the number under (a) and the number so supplied ;

(*c*) were the batteries fitted for the chassis under part (b) different from those fitted in the previous supplies ;

(*d*) were any chassis received as commission by the Department under this transaction ; and

(*e*) did the Firm supply a stepney wheel and tyre for each chassis purchased ; if not, for how many ?

Minister for Works and Transport **(Shri Kalathil Velayudhan Nair):**

(*a*) 74

(*b*) 28-3-1952. 14 numbers.

(*a*) No.

(*d*) No.

(*e*) Stepney wheel was supplied for 44 numbers received in 1951 and stepney wheel and tyre were supplied for 30 numbers received in 1952.

Shri P. S. Nataraja Pillai: May I know, Sir, whether any other batteries were used in the place of Lucas batteries that were used in this type of buses?

Shri Kalathil Velayudhan Nair: That information is not available with me now.

Shri P. S. Nataraja Pillai: May I know the number that was taken delivery of in April 1952?

Shri Kalathil Velayudhan Nair: The information about the number of buses taken delivery of in April 1952 is not available at present.

Shri P. S. Nataraja Pillai: May I know whether there were differences in the battery supplied for the Ford buses in April and for the other buses before that ?

Shri Kalathil Velayudhan Nair: I shall enquire.

Shri Nedumangad R. Kesavan Nair: What was the indented price of Austin buses ?

Shri Kalathil Velayudhan Nair: Diesel Austin buses— Rs. 20,195|—.

Shri Nedumangad R. Kesavan Nair: Was it not Rs. 14,250 that was indented?

Shri Kalathil Velayudhan Nair: That I do not know, Sir.

Shri Nedumangad R. Kesavan Nair: Is the hon. Minister aware that Rs. 6,000 was paid over and above the indented price for 94 Austin buses?

Shri Kalathil Velayudhan Nair: I am not aware of 94 Austin buses being purchased.

Shri P. S. Nataraja Pillai: Will the hon. Minister be pleased to state the name of the Company that offered quotation for Austin buses?

Shri Kalathil Velayudhan Nair: Messrs. Asok Motors Ltd., Madras.

Shri Nedumangad R. Kesavan Nair: When was the indent given?

Shri Kalathil Velayudhan Nair: I shall be glad to furnish the answer if the hon. Member will put a separate question on that.

Shri M. M. Abdul Khader: Is the working of the Standard batteries found satisfactory or as good as the other?

Shri Kalathil Velayudhan Nair: The information is not available.

Sabarimala Temple Incident.

***283.** [4] **Shri P. S. Nataraja Pillai:** Will the Minister for Law and Order be pleased to state:

(*a*) whether there is a police staff on special duty now to investigate the Sabarimala Temple Incident;

(*b*) if so, how long are they on this duty:

(*c*) has the Government received report from the investigating officers;

(*d*) if so, how many; and

(*e*) is there any necessity to continue the staff on this duty?

Minister for Home Affairs (**Shri T. M. Varghese**):

(*a*) Yes.

(*b*) Since 11-5-1951.

(*c*) No.

(*d*) Does not arise in view of answer to (c).

(*e*) Yes.

Shri P. S. Nataraja Pillai: Is it a permanent department? The appoitment of the staff on special duty was on 11-5-1951. We are in July 1952. When is the report expected from this investigation staff?

Shri T. M. Varghese: I believe the question refers to a report to be submitted after completing the investigation. I am

not in a position to say exactly now when the investigation will be completed. The investigation will be expedited and as soon as it is completed the report will be submitted without delay.

Shri P. S. Nataraja Pillai; May I know the average time ordinarily taken in Travancore for criminal investigation ?

Shri T. M. Varghese: The time ordinarily taken by the Police Department employed for the purpose will always depend upon the gravity of the matters involved and the complications incidental to such investigations.

Shri P. S. Nataraja Pillai: What is the strength of the staff now deputed ?

Shri T. M. Varghese: The information is not available with me now. I shall, if necessary, gather the information and place it before the House.

Shri P. S. Nataraja Pillai: Is there any necessity to continue that staff to investigate this matter now?

Shri T. M. Varghese: Yes, there is necessity.

Shri P. S. Nataraja Pillai: After a lapse of two or three years, is it the view of the Government that any evidence could be traced even now ?

Shri T. M. Varghese: Government, as at present advised, have reasons to feel satisfied that the investigations, if continued further, may lead to detection.

Shri P. S. Nataraja Pillai: May I know the facts which led the Government to come to that conclusion ? Is it based on the report of the investigating officer ?

Shri T. M. Varghese: The progress of the investigation that is continued justifies the inference.

ശ്രീ. എൻ. രാജഗോപാലൻനായർ : ഏതെങ്കിലും രാഷ്ട്രീയ കക്ഷിയെ ഈ കേസിൽ ഉൾപ്പെടുത്തുവാൻ സ്റ്റാഫ് ശ്രമിച്ചതായി ഗവൺമെൻറിനറിയാമോ ?

ശ്രീ. ടി. എം. വർഗ്ഗീസ് : അറിഞ്ഞുകൂടാ.

ശ്രീ. സി. കെ. വിശ്വനാഥൻ : ഈ സ്റ്റാഫിൻെറ പ്രവർത്തനത്തിന് എന്തു തുക ചെലവായിട്ടുണ്ടെന്നു പറയാമോ ?

ശ്രീ. ടി. എം. വർഗ്ഗീസ് : ആ വിവരം മേലാൽ അന്വേഷിച്ചു പറയേണ്ടതാണ്.

ശ്രീ. കെ. പി. കൃഷ്ണമേനോൻ : അവർ ഗവൺമെൻറിലേക്കു ഇൻറെറിം റിപ്പോർട്ടു അയച്ചിട്ടുണ്ടോ ?

ശ്രീ. ടി. എം. വർഗ്ഗീസ് : ഇൻറെറിം റിപ്പോർട്ടു കിട്ടിയിട്ടുണ്ട്.

ശ്രീ. കെ. പി. കൃഷ്ണമേനോൻ : ആ റിപ്പോർട്ടു നിയമസഭയുടെ മുമ്പിൽ വയ്ക്കുവാൻ ദയവുണ്ടാകുമോ ?

ശ്രീ. ടി. എം. വർഗ്ഗീസ് : അതു ഇപ്പോൾ സഭയുടെ മുമ്പിൽ വയ്ക്കുവാൻ പാടില്ല.

Shri M. M. Abdul Khader; Is it a fact that political motives are imputed to this Sabarimala Temple Incident?

Mr. Speaker: Order, order, please. Further questions in the same direction will be disallowed. It is a matter pending enquiry. Therefore, the questions put by the hon. Members should not in any way prejudice the investigation that is being conducted.

ഭക്ഷ്യധാന്യറേഷൻ.

* ൨൭൪. [൩] ശ്രീ. ആർ. ഗംഗാധരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി പറയുമോ:

(എ) ഒരാഴ്ചയിലെ ഭക്ഷ്യധാന്യറേഷൻ മുഴുക്കെ ഒന്നായി തന്നെ വാങ്ങണമെന്നു നിർബ്ബന്ധമുണ്ടോ;

(ബി) അങ്ങനെ ഉണ്ടെങ്കിൽ മുഴുക്കെ റേഷനും ഉള്ള പണം ഒന്നായി എടുക്കാൻ മിക്ക തൊഴിലാളികൾക്കും കഴിയുന്നില്ലെന്നുള്ള വിവരം ഗവണ്മെന്റിന്റെ ദൃഷ്ടിയിൽപ്പെട്ടിട്ടുണ്ടോ?

ധനകാര്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) ഒരാഴ്ചയിലെ റേഷൻ ഒന്നായി വാങ്ങണമെന്ന് നിർബ്ബന്ധമില്ല.

(ബി) മുൻ ഉത്തരത്തിൽനിന്നും ഈ ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. ആർ. ഗംഗാധരൻ: റേഷൻ കടക്കാർ ഒരാഴ്ചയിലെ റേഷൻ മുഴുവനും ഒരുമിച്ചു വാങ്ങണമെന്ന് ഉപഭോക്താക്കളെ നിർബ്ബന്ധിക്കുന്നതായിട്ട് വല്ല പരാതിയും ഗവണ്മെന്റിനു കിട്ടിയിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ആ വിധത്തിലുള്ള പരാതികളൊന്നും കിട്ടിയിട്ടില്ല.

ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ: ഗോതമ്പിന്റെ റേഷൻ വില കുറയ്ക്കണമെന്ന് ഇൻഡ്യാഗവണ്മെന്റിന്റെ വല്ല നിർദ്ദേശങ്ങളും ഈ ഗവണ്മെന്റിനു കിട്ടിയിട്ടുണ്ടോ?

Mr. Speaker: That does not arise.

വെയർഹൌസ് ആക്ട്.

* ൨൭൫. [൧] ശ്രീ. ആർ. ഗംഗാധരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും സിവിൽസപ്ലൈസുംവകുപ്പുമന്ത്രി സദയം മറുപടി പറയുമോ:

(എ) ഇവിടെ വെയർഹൌസ് ആക്ട് എന്ന പേരിൽ ഒരു ആക്ട് പാസ്സാക്കീട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്നാണ്;

(സി) ഇപ്പോഴും ഈ ആക്ററ പ്രവൎത്തനത്തിൽ ഇരിക്കുന്നുണ്ടോ ?

(ഡി) ഇല്ലെങ്കിൽ കാരണം എന്തു്;

(ഇ) എന്നുമുതൽ നടപ്പിൽ ഇല്ല;

(എഫ്) ഈ ആക്ററ് നടപ്പിൽ വരുത്തുന്നതിനു എന്തെങ്കിലും നടപടികൾ എടുത്തിട്ടുണ്ടോ ?

ധനകാൎയ്യവും സിവിൽസപ്ലൈസുംവകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) ദി ട്രാവൻകൂർ വെയർഹൗസ് ആക്ററ് ൧൧൨൧ എന്നു് പേരുള്ള ഒരു ആക്ററ് തിരുവിതാംകൂർ നിയമസഭ പാസ്സാക്കിയിട്ടുണ്ടു്.

(ബി) അതു പാസ്സാക്കിയതു് ൧൯൪൩ ആഗസ്ററ മാസം ൧൩-ാം തീയതിയാണു്.

(സി) ഈ ആക്ററ് തിരുവിതാംകൂർ വിഭാഗത്തിൽ ഇപ്പോഴും നിലവിലിരിക്കുകയാണു്.

(ഡി) സിയുടെ ഉത്തരത്തിൽ ഈ ചോദ്യം ഉദിക്കുന്നില്ല.

(ഇ) ഈ ചോദ്യം ഉദിക്കുന്നില്ല.

(എഫ്) ആക്ററിന്റെ ഫലപ്രദമായ പ്രവൎത്തനത്തിനും അതു് കൊച്ചി വിഭാഗത്തിലേയ്ക്കു് വ്യാപിപ്പിക്കുന്നതിനും ചില ഭേദഗതികൾ വരുത്തേണ്ടതുണ്ടു്. ഈ ഭേദഗതികൾ ഗവണ്മെന്റിന്റെ ആലോചനയിൽ ഇരിക്കുകയാണു്.

ശ്രീ. കെ. കെ. കുമാരപിള്ള: ഫലപ്രദമായ രീതിയിൽ നടപ്പാക്കുന്നതിനുവേണ്ടി ആക്ററ് കൊച്ചി വിഭാഗത്തിലേയ്ക്കുമാത്രം വ്യാപിപ്പിച്ചാൽ മതിയെന്നാണോ പറയുന്നതു് ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഈ ആക്ററിൽ ചില ഭേദഗതികളും വരുത്തി കൊച്ചി വിഭാഗത്തിൽ മാത്രമല്ല തിരുവിതാംകൂർ വിഭാഗത്തിലുംകൂടി വ്യാപിപ്പിക്കണമെന്നാണു് പറഞ്ഞതിന്റെ അൎത്ഥം.

ശ്രീ. ആർ. ഗംഗാധരൻ: എന്തെല്ലാം ഭേദഗതികളാണു് വരുത്താൻ ഉദ്ദേശിക്കുന്നതെന്നുള്ളതിന്റെ സംക്ഷിപ്തം പറയാമോ ?

Mr. Speaker: That will be a matter for legislation. How can the answer be given in the course of a reply to a supplementary question.

കയറിനു് പുതിയ മാൎക്കററുകൾ.

* ൨൪൩. [൪] ശ്രീ. ആർ. ഗംഗാധരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് വ്യവസായവകുപ്പുമന്ത്രി സദയം മറുപടി പറയുമോ:

(എ) കയറും കയർഉൽപ്പന്നങ്ങളും ൧൯൫൧—൫൨-ൽ ഏതെങ്കിലും പുതിയ വിദേശരാജ്യങ്ങളിലേയ്ക്കു് കയററി അയച്ചിട്ടുണ്ടോ;

(ബി) കയററിനു പുതിയ മാൎക്കററുകൾ കണ്ടുപിടിക്കാൻ ട്രേഡ് ഏജൻറന്മാരെ നിയമിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) ഇൻഡ്യാഗവണ്മെൻറ് വിദേശരാജ്യങ്ങളുമായി നടത്തുന്ന കച്ചവടഉടമ്പടികളിൽ കയററിനെക്കൂടി ഉൾപ്പെടുത്തണമെന്ന് ഇൻഡ്യാഗവണ്മെൻറിനോടു് ആവശ്യപ്പെട്ടിട്ടുണ്ടോ ;

(ഡി) ഇല്ലെങ്കിൽ കാരണമെന്തു് ;

(ഇ) ആവശ്യപ്പെട്ടിട്ടുണ്ടെങ്കിൽ അതിൻെറ ഫലമെന്തു് ?

ധനകാര്യവും സിവിൾസപ്ലൈസ്സുംവകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) :

(എ) കയറും കയർഉൽപ്പന്നങ്ങളും ൧൯൫൧—൫൨-ൽ പുതിയ വിദേശരാജ്യങ്ങളിലേയ്ക്കു് കയററി അയച്ചിട്ടില്ല.

(ബി) ഈ വ്യവസായത്തിനു് മാക്കററുകൾ കണ്ടുപിടിക്കാൻ ഈ ഗവണ്മെൻറിൽനിന്നും ഏജൻറന്മാരെ നിയമിക്കാൻ ഉദ്ദേശിക്കുന്നില്ല.

(സി) വിദേശരാജ്യങ്ങളുമായി നടത്തുന്ന കച്ചവടഉടമ്പടികളിൽ കയററിനെക്കൂടി ഉൾപ്പെടുത്തണമെന്നു് ഇൻഡ്യാഗവണ്മെൻറിനോടു് ഒരു പ്രാവശ്യമല്ലാ, പല പ്രാവശ്യവും അപേക്ഷിച്ചിട്ടുണ്ടു്.

(ഡി) മുൻ ചോദ്യത്തിൻെറ വെളിച്ചത്തിൽ ഈ ചോദ്യം ഉദിക്കുന്നില്ല.

(ഇ) ഈ കാര്യത്തെപ്പററി വിദേശരാജ്യങ്ങളിലുള്ള അംബാസഡർമാരുമായി ഇൻഡ്യാഗവണ്മെൻറ് എഴുത്തുകുത്തുകൾ നടത്തിക്കൊണ്ടിരിക്കുകയാണു്. അതിൻെറ ഫലമായിട്ടു് പടിഞ്ഞാറൻ ജർമ്മനിയിൽനിന്നും അയച്ചിട്ടുള്ള ഒരു എഴുത്തു് രണ്ടു ദിവസം മുൻപു് ഇവിടെ കിട്ടിയിട്ടുണ്ടു്. അതു് ഞാൻ ഇവിടെ വായിക്കാമെന്നു് ഉദ്ദേശിക്കുന്നു.

It is a short letter, Sir, and with your permission I shall read it.

"Please refer to your letter No. 68-Ter. (Em) (19 |50 dated 13th May 1952 regarding the export of coir and coir products to West Germany. Coir yarn is already on the German free list and Indian merchants can sell freely in this country. There will of course, be a demand and I am quite satisfied that the trade will move without difficulty. However, if any particular trader finds it difficult to sell, I shall be grateful if you will advise him to contact us when every assistance will be given to him. As regards coir products the German Government have just now released D. M. 1,05,000 in foreign exchange for import of coir products from India. It is an open offer. We hope that the importers of this country will take advantage of this. We find ourselves handicapped by the lack of samples of coir products, as one importer has already complained that in the absence of samples, it would be difficult for them to make a contract and apply for the licence."

ശ്രീ. ആർ. ഗംഗാധരൻ : ട്രേഡ് ഏജൻറന്മാരെ നിയമിക്കാൻ ഉദ്ദേശിക്കുന്നില്ലയെന്നു് പറയുകയുണ്ടായി. ആ കാര്യം ഇൻഡ്യാഗവണ്മെൻറിൻെറ പരിധിയിൽപ്പെട്ടതായതുകൊണ്ടാണോ അങ്ങനെ പറഞ്ഞതു് ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതേ. മാത്രമല്ല ഇൻഡ്യാ ഗവണ്മെൻറിന്റെ ഏജൻസി മുഖാന്തരം മാത്രമേ നമ്മുടെ പ്രശ്നത്തിന് പരിഹാരമുണ്ടാകുകയുള്ളൂ. പുറരാജ്യങ്ങളുമായി ഈ കാര്യത്തിനെപ്പറ്റി എഴുത്തുകുത്തുകൾ നടത്താനുള്ള സാദ്ധ്യത കേന്ദ്രഗവണ്മെൻറിനാണ് ഉള്ളതു്.

ശ്രീ. ആർ. ഗംഗാധരൻ : നമ്മുടെ കയർ ഉൽപ്പാദനങ്ങൾക്ക് മാർക്കററ് കണ്ടുപിടിക്കാൻ ഒരാളെ ഇൻഡ്യാഗവണ്മെൻറിന് നിയമിച്ചയയ്ക്കാൻ അധികാരമില്ലേ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അധികാരമുണ്ടെന്നാണ് തോന്നുന്നതു്.

ശ്രീ. എൻ. രാജഗോപാലൻനായർ : കയർഉൽപ്പന്നങ്ങൾക്കുവേണ്ടി വിദേശവിപണികൾ കണ്ടുപിടിക്കേണ്ടതു് ആവശ്യമാണെന്നു് പറയുന്നതു കേട്ടു. ഈ ഗവണ്മെൻറ് സ്വന്തമായി എന്തെങ്കിലും ചെയ്യണമെന്നു ഉദ്ദേശിക്കുന്നുണ്ടോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ ; കേന്ദ്രഗവണ്മെൻറ് ഈ കാര്യത്തിൽ വേണ്ടത്ര ശ്രദ്ധ പതിപ്പിക്കുന്നതുകൊണ്ടു് നാം വിചാരിക്കുന്നതിൽ കൂടുതൽ ഫലം കിട്ടുമെന്നാണ് പ്രതീക്ഷിക്കുന്നതു്.

ശ്രീ. ആർ. ഗംഗാധരൻ : ഈ ഗവണ്മെൻറ് ഇൻഡ്യയ്ക്കു് അകത്തു തന്നെ പല വിപണികളും കണ്ടുപിടിക്കുന്നതിനുവേണ്ടി നടപടിയെടുത്തിട്ടുണ്ടോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഇൻഡ്യയിലുള്ള എല്ലാ സ്റ്റോറുകളിലും കയറിന്റെ കാര്യത്തെപ്പറ്റി എഴുത്തുകുത്തുകൾ നടത്തിയതിന്റെ ഫലമായി അടുത്തകാലത്തു് ഇൻഡ്യാഗവണ്മെൻറിന്റെ സപ്ലൈഡിപ്പാർട്ടുമെൻറിൽനിന്നും പല ആർഡറുകളും കിട്ടിയിട്ടുണ്ടു്.

ശ്രീ. ആർ. ഗംഗാധരൻ : കിട്ടിയിട്ടുള്ള ആർഡറുകൾ

Mr. Speaker : The matter has been dealt with in detail yesterday during the discussion of the subject under Rule 26.

Roads in Pandalam Vadakkekara.

*287. [9] **Dr. M. Sivaraman Nair :** Will the Minister for Works and Transport be pleased to state : whether the Mezhuveli-Ilavanthitta Road and Thumpamon-Ilavanthitta road in Pandalam Vadakkekara pakuthies are worthy of motor traffic ?

Minister for Works and Transport **(Shri Kalathil Velayudhan Nair) :** No.

ഡാക്ടർ എം. ശിവരാമൻനായർ : നിവൃത്തിയുള്ളിടത്തോളം വേഗം അന്വേഷണം നടത്തി ഈ റോഡുകൾ നന്നാക്കാൻ ഗവണ്മെൻറ ശ്രദ്ധിക്കുമോ ?

ശ്രീ. കളത്തിൽ വേലായുധൻനായർ : തീർച്ചയായും.

ട്രാവൽബ്യൂറോ.

✻ ൨൮൮. [൧൦] ശ്രീ. ടി. എ. മജീദ്: താഴെപ്പറയുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ;

(എ) സംസ്ഥാനത്തെ ഗവണ്മെൻറു കെട്ടിടങ്ങൾ ട്രാവൽബ്യൂറോ എന്നൊരു കമ്പനിയെ ഏൽപ്പിച്ചിട്ടുണ്ടോ?

(ബി) ഈ കമ്പനിയുടെ ഡയറക്ടർമാർ ആരെല്ലാം; ഈ കമ്പനിയുടെ മൂലധനം എന്ത്;

(സി) ഈ കമ്പനിയുടെ പ്രവൎത്തനം കാര്യക്ഷമമല്ലെന്നു ഗവണ്മെൻറിനു പരാതി ലഭിച്ചിട്ടുണ്ടോ;

മുഖ്യമന്ത്രി (ശ്രീ. എ. ജെ. ജാൺ):

(എ) പതിനാറ് ഗവണ്മെൻറു കെട്ടിടങ്ങൾ ട്രാവൽബ്യൂറോ കമ്പനിക്ക് വാടകയ്ക്ക് കൊടുത്തിട്ടുണ്ട്.

(ബി) ൧. ശ്രീ. എം. സി. തോമസ്സ്

൨. ,, എ. വി. ജോർജ്ജ് കോട്ടയം.

൩. ,, കെ. ആർ. ഇലങ്കത്ത്, തിരുവനന്തപുരം.

൪. ,, പി. ആർ. രാമവൎമ്മരാജാ, തിരുവനന്തപുരം.

൫. ,, പറയത്ത് ഈ. രാമൻമേനോൻ, വടക്കൻ പറവൂർ.

൬. ,, കെ. എം. ചാണ്ടി, മാരാമൺ.

൭. ,, കെ. ആർ. ജി. മേനോൻ, തിരുവനന്തപുരം.

൮. ,, ഒരാളെ ബോംബയിൽ നിന്നും, ഒരാളെ ഡൽഹിയിൽ നിന്നും നോമിനേററ് ചെയ്യേണ്ടതായിട്ടുണ്ട്.

ഈ കമ്പനിയുടെ മൂലധനം ൨൫ ലക്ഷം രൂപയാണ്.

(സി) പരാതി ലഭിച്ചിട്ടുണ്ട്.

ശ്രീ. ടി. എ. മജീദ്: ഈ ഗവണ്മെൻറും കമ്പനിയുമായി വല്ല കരാറുമുണ്ടോ?

ശ്രീ. എ. ജെ. ജാൺ: ഒരു എഗ്രിമെൻറ് എഴുതിവച്ചിട്ടുണ്ട്.

ശ്രീ. ടി. എ. മജീദ്: ഈ കമ്പനിയുടെ പ്രവൎത്തനം കാര്യക്ഷമമല്ലെന്നു ബോദ്ധ്യപ്പെട്ടിട്ടുള്ള സ്ഥിതിക്ക് അതിന്മേൽ വല്ല നടപടിയും എടുത്തിട്ടുണ്ടോ?

ശ്രീ. എ. ജെ. ജാൺ: കാര്യക്ഷമമല്ലെന്നു പരാതികിട്ടിയതായി ഞാൻ മുൻപ് പ്രസ്താവിച്ചുകഴിഞ്ഞു. എന്നാൽ അന്വേഷണത്തിൽ ഗവണ്മെൻറിനു ബോദ്ധ്യപ്പെട്ടാൽ നടപടി നടത്തുന്നതായിരിക്കും.

ശ്രീ. എ. കുഞ്ഞൻനാടാർ: കമ്പനിയുടെ മൂലധനം ൨൫ ലക്ഷം രൂപയാണെന്നു പറഞ്ഞു. ഈ തുക പെയിഡ് അപ്പ് ക്യാപ്പിററൽ ആണോ;

ശ്രീ. എ. ജെ. ജാൺ: അത് ആ കമ്പനിയോട് ചോദിച്ചാലേ അറിയാവൂ.

ശ്രീ. ടി. എ. മജീദ്: സർ, ഈ കമ്പനിയുടെ—

ശ്രീ. എ. കുഞ്ഞൻനാടാർ: സർ, ഈ കമ്പനിയുടെ മൂലധനത്തെ സംബന്ധിച്ചിടത്തോളവും.—

Mr. Speaker: Order, order,[1] When a Member has tabled a question that Member has the preferential right to put suppbmentary questions.This right may be respected.

Shri P. S. Nataraja Pillai: Has the Government enquired about the paid up capital of this Company ?

ശ്രീ. എ. ജെ. ജോൺ: അതേപ്പറ്റി അന്വേഷിച്ചിട്ടില്ല.

Shri P. S. Nataraja Pillai: Will the Government be pleased to exclude Cape Comorin which is an All-India resort from the agreement regarding the handing over of 16 Government buildings ?

Shri A. J. John: Not only the building at Cape Comorin, but there are other rest houses also in the agreement.

Shri P. S. Nataraja Pillai: But will the Government be pleased to exclude the building at Cape Comorin from the purview of the agreement?

Shri A. J. John: Government will consider it.

Shri P. S. Nataraja Pillai: Does the Government realise the difficulty caused to the people who go to Cape Comorin by giving this building to the Agency?

Shri A. J. John: That is why I said that Government will consider the matter.

Shri P. S. Nataraja Pillai: Is there not a case for misusing that building?

ശ്രീ. എ. ജെ. ജോൺ: അന്വേഷണം നടത്തിയതിനുമേൽ മാത്രമേ മറുപടി പറയാൻ സാധിക്കുകയുള്ളു.

ശ്രീ. എൻ. രാഘവക്കുറുപ്പ്: മദ്യപാന നിരോധനമേഖലയിൽ മദ്യപാനത്തിനുവേണ്ടി ലൈസൻസു കൊടുത്തിട്ടുണ്ടോ?

ശ്രീ. എ. ജെ. ജോൺ: കൊടുത്തിട്ടുണ്ട്.

ശ്രീ. എൻ. രാഘവക്കുറുപ്പ്: അങ്ങനെ ലൈസൻസു കൊടുക്കാനുള്ള കാരണമെന്താണെന്നു പറയാമോ;

ശ്രീ. എ. ജെ. ജോൺ: ടൂറിസ്റ്റ് വിദേശികളിൽ പലരും മദ്യം ഉപയോഗിക്കുന്നവരാണ്. അതുകൊണ്ട് അവർക്ക് ലൈസൻസു കൊടുത്തിട്ടുണ്ട്.

ശ്രീ. എൻ. രാഘവക്കുറുപ്പ്: ഈ കമ്പനിക്ക് ലൈസൻസു കൊടുത്തിരിക്കുന്നതുപോലെ മറ്റുള്ള കമ്പനികൾക്കും ഈ കാരണത്താൽ ലൈസൻസു കൊടുക്കപ്പെടുമോ?

ശ്രീ. എ. ജെ. ജോൺ: അതിന്റെ ആവശ്യം ഉണ്ടെന്നു ഗവൺമെന്റിനു ബോദ്ധ്യപ്പെട്ടാൽ ലൈസൻസു കൊടുക്കപ്പെടും.

ശ്രീ. ടി. എസ്. രാമസ്വാമി: ലൈസൻസു കൊടുക്കുന്നതു വിദേശികൾക്ക് മാത്രമല്ല, സ്വദേശികൾക്കും കൊടുക്കുന്നില്ലേ;

ശ്രീ. എ. ജെ. ജാൺ : അതിന്ന മറുപടി ഞാൻ മുൻപു പറഞ്ഞു കഴിഞ്ഞു.

ശ്രീ. എൻ. രാഘവക്കുറുപ്പ് : ലൈസൻസില്ലാത്ത ആളുകഠം അവിടെ ചെന്ന് കുടിയ്ക്കുന്നുവെന്ന് ഗവണ്മെൻറിന്ന അറിവു കിട്ടുകയാണെങ്കിൽ വേണ്ട നടപടിയെടുക്കുമോ?

Mr: Speaker : Than is a hypothetical quesiton

തോക്കുകഠം.

* ൨ വൃൻ. [൧൧] ശ്രീ. ടി. എ. മജീദ് : താഴെ പറയുന്ന ചോദ്യങ്ങഠംക്ക് അഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്വന്തം ആവശ്യത്തിനായി ഉപയോഗിച്ചുകൊണ്ടിരുന്ന തോക്കുകഠം ഉടമസ്ഥന്മാരിൽ നിന്നും ഗവണ്മെൻറു കൈവശപ്പെടുത്തി വച്ചിട്ടുണ്ടോ;

(ബി) ഗവണ്മെൻറു കൈവശപ്പെടുത്തിയിട്ട് എത്ര വർഷമായി;

(സി) എന്തിനാണങ്ങനെ വാങ്ങി സൂക്ഷിച്ചിരിക്കുന്നത്;

(ഡി) തോക്കുകഠം ഗവണ്മെൻറിന്റെ പക്കൽ ഇരിക്കുമ്പോഴും ഉടമസ്ഥർ ലൈസൻസുഫീസു കൊടുത്തു ലൈസൻസു പുതുക്കണമെന്നു വ്യവസ്ഥയുണ്ടോ?

അഭ്യന്തരകാര്യമന്ത്രി (ശ്രീ. ടി. എം. വർഗ്ഗീസ്) :

(എ) ഏതാനും തോക്കുകഠം ഡിപ്പോസിററിൽ വച്ചിട്ടുണ്ട്.

(ബി) പലതും പല സമയങ്ങളിലായിട്ടാണ് ഡിപ്പോസിററിൽ വച്ചിട്ടുള്ളത്. ഏതെങ്കിലും തോക്കിനെപ്പററി പ്രത്യേകം ചോദിച്ചാൽ വിശദവിവരങ്ങഠം ശേഖരിച്ചു നൽകാം.

(സി) പൊതുരക്ഷയെ ഉദ്ദേശിച്ചും, ലൈസൻസു പുതുക്കാതെയും മററും.

(ഡി) അങ്ങനെ വ്യവസ്ഥയില്ല. പക്ഷെ, നിയമപ്രകാരം മൂന്നു കൊല്ലം തുടർച്ചയായി ലൈസൻസില്ലാതെ ഇരിക്കുകയാണെങ്കിൽ തോക്കുകഠം കണ്ടുകെട്ടപ്പെടുന്നതാണ്.

ശ്രീ. ടി. എ. മജീദ് : അവരുടെ പക്കൽനിന്നും ഇപ്പോഠം എടുത്തുവച്ചിരിക്കുന്ന തോക്കുകഠം തിരിച്ചുകൊടുക്കുവാൻ ദയവുണ്ടാകുമോ?

ശ്രീ. ടി. എം. വർഗ്ഗീസ് : അപേക്ഷിച്ചാൽ വേണ്ടതു ചെയ്യുന്നതാണ്.

ഫിലിം സെൻസർബോർഡ്

* ൨൩൦. [൧൨] ശ്രീ. കാമ്പിശ്ശേരിൽ കരുണാകരൻ : താഴെ പറയുന്ന ചോദ്യത്തിന ഇൻഫർമേഷൻ വകുപ്പുമന്ത്രി ദയവായി ഉത്തരം പറയുമോ :

ഈ സംസ്ഥാനത്തിന് പ്രത്യേകമായി ഒരു ഫിലിംസെൻസർ ബോർഡു് ഉണ്ടോ?

അഭ്യന്തരകാര്യമന്ത്രി (ശ്രീ. ടി. എം. വർഗ്ഗീസ്) : ഇല്ല.

ശ്രീ. കാമ്പിശ്ശേരിൽ കരുണാകരൻ : ഒരു സെൻസർ ബോർഡു് ഇവിടെ ഉണ്ടാക്കണമെന്നുദ്ദേശിക്കുന്നുണ്ടോ?

ശ്രീ. ടി. എം. വർഗ്ഗീസ്: ഇപ്പോഴം ആലോചനയിൽ എടുത്തിട്ടുള്ളതായി അറിവില്ല.

ശ്രീ. കാമ്പിശ്ശേരിൽ കരുണാകരൻ: നമ്മുടെ ഭാഷയ്ക്കും സംസ്കാരത്തിനും സന്മാർഗ്ഗബോധത്തിനും എതിരായി പല ചിത്രങ്ങളും ഈ രാജ്യത്തു പ്രദർശിപ്പിച്ചുവരുന്നതായ, ഗവണ്മെൻറിനറിയാമോ;

ശ്രീ. ടി. എം. വർഗ്ഗീസ്: അങ്ങനെ ഗവണ്മെൻറിൻെറ അറിവിൽ പെടുന്ന ഒരു ചിത്രവും പ്രദർശിപ്പിക്കുകയില്ല.

ശ്രീ. എൻ. രാഘവക്കുറപ്പ്: ഇവിടെയുണ്ടാക്കുന്ന ഫിലിം സെൻസർ ചെയ്യുന്നതാരാണ്?

ശ്രീ. ടി. എം. വർഗ്ഗീസ്: അതാതു സ്ഥലത്തുള്ള അധികാരികൾ റിപ്പോർട്ട്ചെയ്യുന്നതനുസരിച്ചു അവസാനമായി ഉത്തരവ് പാസാക്കുന്നതു ഗവണ്മെൻറ തന്നെയാണ്.

ശ്രീ. എൻ. രാഘവക്കുറപ്പ്: അങ്ങനെ ഓരോ സ്ഥലത്തു നിന്നും റിപ്പോർട്ടുചെയ്യുന്നതാരാണ്?

ശ്രീ. ടി. എം. വർഗ്ഗീസ്: ഡിസ്ട്രിക്ട് മജിസ്ട്രേട്ടും പോലീസുദ്യോഗസ്ഥന്മാരും റിപ്പോർട്ടുതരുന്നുണ്ട്.

ശ്രീ. എൻ. രാഘവക്കുറപ്പ്: ഇങ്ങനെയുള്ള കാര്യങ്ങളിൽ പോലീസിനു പരമാധികാരം കൊടുത്തിട്ടുള്ളതു ശരിയാണോ;

ശ്രീ. ടി. എം. വർഗ്ഗീസ്: പരമാധികാരം കൊടുത്തിട്ടില്ല.

റോഡ്മെയിൻറനൻസ്.

* ൨൩൧. [൧൩] ശ്രീ. കാമ്പിശ്ശേരിൽ കരുണാകരൻ: താഴെ പറയുന്ന ചോദ്യത്തിനു പൊതുമരാമത്തു വകുപ്പുമന്ത്രി ദയവായി ഉത്തരം പറയുമോ:

കരുനാഗപ്പള്ളി താലൂക്കിൻെറ ഉത്തരഭാഗത്തുള്ള എല്ലാ റോഡുകളും (ഉദാഹരണം ഓച്ചിറ-ആയിരംതെങ്ങ്, വവ്വാക്കാവ്, വള്ളിക്കാവ്, തുറയിൽക്കടവുറോഡ്, തഴവാ-വള്ളിക്കുന്നംറോഡ്, മുതലായവ) ദിവാൻഭരണകാലത്തിനു ശേഷം മെയിൻറനൻസ് നടക്കാതെ നാശമായിരിക്കുകയാണെന്ന് ഗവണ്മെൻറിൻെറ ദൃഷ്ടിയിൽപ്പെട്ടിട്ടുണ്ടോ?

മരാമത്തും ഗതാഗതവും വകുപ്പുമന്ത്രി ശ്രീ. കളത്തിൽ വേലായുധൻ നായർ): ഇല്ല.

ട്രാൻസ്പോർട്ടു ഡിപ്പാർട്ടുമെൻറിലെ ബോണസ്സ്.

* ൨൩൨. [൧൪] ശ്രീ. എൻ. നീലകണ്ഠരു പണ്ടാരത്തിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ട്രാൻസ്പോർട്ടുഡിപ്പാർട്ടുമെൻറിൽ ൧൧൨൬-ലെ അററാദായത്തിൻെറ ഏഴരശതമാനം ബോണസ്സായി വീതിച്ചുകൊടുത്തപ്പോൾ ജീവനക്കാർക്കു രൂപയ്ക്കു എത്ര അണവീതം ലഭിച്ചു;

(ബി) ഈ ഡിപ്പാർട്ടുമെൻറിൽ ആദ്യമായി ബോണസ്സ് വീതിച്ചുകൊടുത്ത അവസരം ജീവനക്കാർക്ക് രൂപയ്ക്കു എത്ര അണവച്ചുനൽകി;

(സി) ഇങ്ങനെ കുറയാനുള്ള കാരണം എന്ത്?

മരാമത്തും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. കളത്തിൽ വേലായുധൻ നായർ) :

(എ) ൧ ണ. ൪ പൈസ.

(ബി) ഉദ്ദേശം ൧൧ അര പൈസ.

(സി) ആദ്യത്തതിൽനിന്നും ൧൯൫൧-ലെ ബോണസ്സ് കുറവല്ല.

ശ്രീ. എൻ. നീലകണ്ഠരു പണ്ടാരത്തിൽ : ഈ ഡിപ്പാർട്ടുമെൻറിലെ പ്രവർത്തനം വർദ്ധിച്ചുവരുന്തോറും അററാദായം കുറഞ്ഞുവരാനുള്ള കാരണം എന്താണ്?

ശ്രീ. കളത്തിൽ വേലായുധൻ നായർ : ഈ ഡിപ്പാർട്ടുമെൻറിൽ ജോലിചെയ്യുന്ന തൊഴിലാളികൾക്കു കൂടുതൽ വേതനം കൊടുക്കുന്നതുകൊണ്ടാകാം.

ശ്രീ. എൻ. നീലകണ്ഠരു പണ്ടാരത്തിൽ ഈ ഡിപ്പാർട്ടുമെൻറിൽനിന്നും ധാരാളം സംഖ്യ മററു ഡിപ്പാർട്ടുമെൻറുകളിലേയ്ക്ക് നീക്കിവച്ചിട്ടുള്ളതുകൊണ്ടല്ലേ ഈ അററാദായം കുറഞ്ഞുവരുന്നത്.

ശ്രീ. കളത്തിൽ വേലായുധൻ നായർ : അതുകൊണ്ടല്ല.

ശ്രീ. എൻ. നീലകണ്ഠരു പണ്ടാരത്തിൽ : റോഡു മെയിൻറനൻസിനെന്നുപറഞ്ഞ് മററു ഡിപ്പാർട്ടുമെൻറുകളിലേയ്ക്കു പണം നീക്കി വച്ചിട്ടുണ്ടോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ : മററു ഡിപ്പാർട്ടുമെൻറുകളിലേയ്ക്കല്ല നീക്കിവച്ചിട്ടുള്ളത്; ട്രാൻസ്പോർട്ടു വണ്ടികൾ ഓടുന്ന റോഡുകൾ നന്നാക്കുന്നതിനാണ ൧൩ ലക്ഷം രൂപ നീക്കിവച്ചിട്ടുള്ളത്. അതുകൊണ്ടു ഡിപ്പാർട്ടുമെൻറിനു ആദായം വർദ്ധിക്കുകയേയുള്ളു.

ശ്രീ. എൻ. നീലകണ്ഠരു പണ്ടാരത്തിൽ : അങ്ങനെയുള്ള റോഡുകളിൽ മററു വണ്ടികളും ഓടുന്നില്ലേ?

ശ്രീ. കളത്തിൽ വേലായുധൻ നായർ : സാധാരണയായി മററു ബസ്സുകൾ ആ റോഡു ഉപയോഗിക്കുന്നില്ല.

ശ്രീ. ടി. വി. തോമസ് : ൧൩ ലക്ഷം രൂപ റോഡു മെയിൻറനൻസിന് മാററിവെച്ചിട്ടുണ്ടെന്നു പറഞ്ഞു. ആ റോഡുകളിൽ മാത്രമേ ട്രാൻസ്പോർട്ടുബസ്സുകൾ ഓടുന്നുള്ളോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ : ട്രാൻസ്പോർട്ടുബസ്സുകൾ ഓടുന്ന റോഡുകൾ നന്നാക്കുന്നതിനാണ് ആ തുക മാററിവച്ചിട്ടുള്ളത്.

ശ്രീ. ടി. എസ്. രാമസ്വാമി : ഇങ്ങനെ തുക മാററിവക്കുന്നതു തൊഴിലാളികളുടെ ബോണസ്സിനെ സാരമായി ബാധിക്കുമെന്നറിയാമോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ : ഇങ്ങനെ തുക മാററിവക്കുന്നതുകൊണ്ടു തൊഴിലാളികൾക്കു കൂടുതൽ ഗുണം ഉണ്ടാകുകയേയുള്ളു. ഈ തുക മാററിവക്കുന്നില്ലെങ്കിൽ ഇതിലും കൂടുതൽതുക സ്പെയർ പാർട്ട്സ് വാങ്ങുന്നതിനുവേണ്ടി ഉപയോഗിക്കേണ്ടിവരും.

ശ്രീ. ടി. എസ്. രാമസ്വാമി : ഇങ്ങനെ തുക മാററിവെച്ചില്ലെങ്കിൽ അതുകൂടി ബോണസു കണക്കാക്കുമ്പോൾ തൊഴിലാളികൾക്കു കിട്ടുകയില്ലേ?

ശ്രീ. കളത്തിൽ വേലായുധൻ നായർ : ഈ രൂപ മാററിവച്ചല്ല ബോണസ് കൊടുത്തതു്. ഇതുവരെയും അങ്ങനെ മാററിവച്ചിട്ടു ബോണസു കൊടുത്തിട്ടില്ല.

ശ്രീ. ജോസഫ് വാഴപ്പിള്ളി : പ്രൈവററബസ്സുകളിൽനിന്നും ഈടാക്കുന്ന നികുതികൾ ട്രാൻസ്പോർട്ടു ബസ്സുകളിൽനിന്നും ഈടാക്കുന്നുണ്ടോ?

Mr. Speaker : We are far away from the original question ofb wnus·

ട്രാൻസ്പോർട്ടു ഡിപ്പാർട്ടുമെൻറിലെ കണ്ടിജൻസി ജീവനക്കാർ.

❋ ൨൯൩. [൧൭] ശ്രീ. എൻ. നീലകണ്ഠരു പണ്ടാരത്തിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി പറയുമോ:

(എ) ട്രാൻസ്പോർട്ടു ഡിപ്പാർട്ടുമെൻറിലെ ഡെയിലിവേജും കണ്ടിജൻസിയും ജീവനക്കാരെ സ്ഥിരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ എത്ര കാലത്തിനുള്ളിൽ നടപ്പിൽ വരുത്തുമെന്നു വ്യക്തമാക്കുമോ?

മരാമത്തും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. കളത്തിൽ വേലായുധൻ നായർ) :

(എ) അങ്ങനെ ഉദ്ദേശിക്കുന്നില്ല. ഡിപ്പാർട്ടുമെൻറിലെ മെക്കാനിക്കൽ സെക്‌ഷൻെറ പുനരുദ്ധാരണത്തോടുകൂടി സ്ഥിരം സർവ്വീസിലുണ്ടാകാവുന്ന കുറെ ഒഴിവുകളിലേയ്ക്കു കണ്ടിജൻസിയിലും ഡെയിലിവേജസിലുമുള്ള ജീവനക്കാരിൽനിന്നും ആവുന്നിടത്തോളം സിൽബന്തികളെ എടുക്കുവാൻ ഉദ്ദേശമുണ്ട്.

(ബി) അതിലേക്കു ഒരു കാലനിർണ്ണയം ഇപ്പോൾ സാദ്ധ്യമല്ല. അതു നടപ്പിൽ വരുത്തുവാൻ സത്വരനടപടികൾ എടുത്തുവരുന്നുണ്ട്.

ശ്രീ. എൻ. നീലകണ്ഠരു പണ്ടാരത്തിൽ : ഇപ്പോൾ കണ്ടിജൻസിയിലും ഡെയിലിവേജസിലും എത്ര ജോലിക്കാരുണ്ടെന്നു പറയാമോ?

ശ്രീ. കളത്തിൽ വേലായുധൻനായർ: അതു ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

ശ്രീ. സി. ജി. സദാശിവൻ: കണ്ടിജൻസി ജീവനക്കാർക്ക അലവൻസു കിട്ടുന്നില്ലെന്നറിയാമോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: അറിയുവാൻ പാടില്ല. അന്വേഷിച്ചു കിട്ടുന്നില്ലെങ്കിൽ ഉടൻ ഏർപ്പാടുചെയ്യാം.

Shri C. Sankar: May I know what pay has been given to the contingency staff?

ശ്രീ. കളത്തിൽ വേലായുധൻ നായർ: ഈ ചോദ്യത്തിൽനിന്നും ഇങ്ങനെയൊരു ഉപചോദ്യം വരുമെന്നു വിചാരിക്കാത്തതുകൊണ്ടു അതിനു ഉത്തരം തയാറാക്കിയിട്ടില്ല.

ശ്രീ. ടി. കെ. ദിവാകരൻ: ഈ കണ്ടിജൻസി ജീവനക്കാരെ നിയമിക്കുന്നതു ആരാണെന്നു പറയാമോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: ഡിപ്പാർട്ടുമെൻറ ഉദ്യോഗസ്ഥന്മാരാണു നിയമിക്കുന്നതു്.

ശ്രീ. എൻ. നീലകണ്ഠരു പണ്ടാരത്തിൽ: ഡെയിലിവേജസിലുള്ള ജോലിക്കാരെ സ്ഥലം മാററുന്നതായി ഗവണ്മെൻറിനറിയാമോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: അങ്ങനെ ചില അവസരങ്ങളിൽ മാററുന്നുണ്ടു്. ഏതെങ്കിലും ഒരു സ്ഥലത്തു റിക്രൂട്ടുചെയ്യുതിന്റെ ശേഷം, അവിടത്തെ ജോലിതീരുമ്പോൾ മററുസ്ഥലത്തു ജോലിയുണ്ടെങ്കിൽ അങ്ങോട്ടു മാററും. അങ്ങനെ മാററാൻപാടില്ലെന്നാണു അവരുടെ ആഗ്രഹമെങ്കിൽ അവരെ ജോലിതീരുമ്പോൾ പിരിച്ചുവിടുന്നതിനു ഏർപ്പാടു ചെയ്യാം.

നെയ്ത്തുതൊഴിലാളി യൂണിയൻ.

✱ ൨ൻ൪. [൫൩] ശ്രീ. വി. ശ്രീധരൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ഇൻഡസ്ട്രീസ്സ് ആൻറ് കാമേഴ്സ്സ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) ഈ സംസ്ഥാനത്തു് ഇപ്പോൾ പ്രവർത്തനം നടത്തിക്കൊണ്ടിരിക്കുന്ന ഏതെങ്കിലും നെയ്ത്തുതൊഴിലാളി യൂണിയനിൽനിന്നും ഗവണ്മെൻറിലേയ്ക്കു് ഏതെങ്കിലും നിവേദനം ലഭിച്ചിട്ടുണ്ടോ?

(ബി) ഉണ്ടെങ്കിൽ ഗവണ്മെൻറ് അതുസംബന്ധിച്ചു് എന്തു നടപടി സ്വീകരിച്ചു?

(സി) നെയ്ത്തുതൊഴിലാളികൾക്കു ആശ്വാസം നൽകുന്ന ഏതെങ്കിലും പദ്ധതി ഗവണ്മെൻറ് നടപ്പിൽ വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ?

(ഡി) ഉണ്ടെങ്കിൽ അതു എന്താണെന്നു വെളിപ്പെടുത്തുമോ?

ധനകാര്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) :

(എ) യുണൈറ്റഡ് ടെക്സ്റ്റയിൽസ് തൃശ്ശൂർ എന്ന നെയ്ത്തുശാല അടച്ചുപൂട്ടിയതുമൂലം തൊഴിലാളികൾക്കു തൊഴിലില്ലാതായിത്തീർന്നിട്ടുണ്ടെന്നും, അതുകൊണ്ടു ആ സ്ഥാപനം ഉടൻ തുറന്നു ജോലി ആരംഭിക്കണമെന്നുമുള്ള ഒരു നിവേദനം യുണൈറ്റഡ് ടെക്സ്റ്റയിൽ വർക്കേഴ്സ് യൂണിയനിൽനിന്നും ൨൪-൪-൧൨-ൽ കിട്ടിയിട്ടുണ്ട്.

(ബി) ചിറയിൻകീഴ് താലൂക്കിലെ നെയ്ത്തുതൊഴിലാളികൾക്കു കൂലിവർദ്ധനവും, നൂൽക്വോട്ടാവർദ്ധനവും ആവശ്യപ്പെട്ടുകൊണ്ടുള്ള ഒരു നിവേദനം ചിറയിൻകീഴതാലൂക്ക നെയ്ത്തുതൊഴിലാളിയൂണിയനിൽനിന്നും ൧-൭-൧൨-ൽ ഗവണ്മെൻറിനു ലഭിച്ചിട്ടുണ്ട്.

സി. തൊഴിൽവകുപ്പിൻെറ ഇടപെടൽമൂലം തൃശ്ശൂർ യുണൈറ്റഡ് ടെക്സ്റ്റയിൽസിൻെറ നെയ്ത്തുശാല വീണ്ടും തുറന്നു പ്രവൎത്തനം ആരംഭിച്ചിട്ടുണ്ട്.

ഡി. ചിറയിൻകീഴ താലൂക്കിലെ നെയ്ത്തു തൊഴിലാളികളുടെ അവസ്ഥ തൃപ്തികരമല്ലെന്നും, അവൎക്കു ലഭിക്കുന്ന ശമ്പളം തുച്ഛമാണെന്നും, നൂലിൻെറ ദൗർല്ലഭ്യം ഹേതുവായി അവൎക്കു ജോലി തുടർച്ചയായി ലഭിക്കുന്നില്ലെന്നും ഗവണ്മെൻറിനറിയാം. അക്കാര്യം ഗവണ്മെൻറിൻെറ ആലോചനയിൽ ഇരിക്കുകയാണ്.

(സി. ഡി.) ഇപ്പോൾ ഒന്നുമില്ല.

ശ്രീ. വി. ശ്രീധരൻ : നെയ്ത്തുവ്യവസായം സ്തംഭനത്തിലാണെന്നു ഗവണ്മെൻറിനറിയാമോ?

Mr. Speaker : Detailed and elucidating answers have clearly been given on this matter.

ശ്രീ. എം. എം. അബ്ദുൾഖാദർ : പറവൂരുള്ള നെയ്ത്തുതൊഴിലാളികൾക്ക്............

Mr. Speaker : That question does not arise.

ശ്രീ. ആർ. ഗംഗാധരൻ : നെയ്ത്തുവ്യവസായത്തെ സംബന്ധിച്ച് അന്വേഷിക്കാൻ, കയർവ്യവസായത്തെ സംബന്ധിച്ച് അന്വേഷിക്കാൻ ഇവിടെ വന്നിരുന്ന ശ്രീ. കൃഷ്ണയ്യർ വരുന്നുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : എനിക്ക് അറിവില്ല.

ശ്രീ. ആർ. ഗംഗാധരൻ : ഈ നിയമസഭയിലുള്ള ഏതെങ്കിലും ഒരു അംഗം നെയ്ത്തുവ്യവസായത്തിൻെറ സ്തംഭനാവസ്ഥയെപ്പററി നിവേദനം നടത്തിയിട്ടുണ്ടോ?

Mr. Speaker : Evidently, the hon. Member was not listening to the proceedings. The hon. Minister has stated that representations have been received and that action is being taken.

വൈദ്യുതീകരണം.

*൨൯൫. [൧൭] ശ്രീ. വി. ശ്രീധരൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ൧൯൫൨-൧൯൫൩-ൽ എത്ര ഗ്രാമങ്ങളിൽ ഗവണ്മെൻറ് വൈദ്യുതീകരണം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ട്;

(ബി) അതിൽ തിരുവനന്തപുരം താലൂക്കിലുള്ള ഏതെങ്കിലും ഗ്രാമങ്ങൾകൂടി ഉൾപ്പെടുത്തിയിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ അവ ഏതെല്ലാം?

മരാമത്തും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. കളത്തിൽ വേലായുധൻ നായർ):

(എ) ഉദ്ദേശം ഇരുനൂറ് ഗ്രാമങ്ങൾ.
(ബി) ഉണ്ട്.
(സി) ആററിപ്ര, മുരുക്കുംപുഴ, മംഗലാപുരം.

ശ്രീ. വി. ശ്രീധരൻ: എല്ലാ താലൂക്കുകൾക്കും വീതപ്രകാരം കിട്ടാൻ ശ്രദ്ധിക്കുമോ?

ശ്രീ. കളത്തിൽ വേലായുധൻനായർ: ആവശ്യമുള്ള സ്ഥലങ്ങളിൽ കൊടുക്കാൻ ശ്രദ്ധിക്കാം. വീതപ്രകാരമെന്നുള്ളതു എളുപ്പമുള്ള കാര്യമല്ല.

Shri K. Balakrishna Menon: Is there any scheme or plan for extending the supply?

ശ്രീ. കളത്തിൽ വേലായുധൻനായർ: സ്കീം ഉണ്ട്. അഞ്ചുകൊല്ലംകൊണ്ടു എല്ലാ ഗ്രാമങ്ങൾക്കും കൊടുക്കണമെന്നാണ് ഉദ്ദേശിക്കുന്നതു്.

ശ്രീ. കെ. സി. നൈനാൻ: ൧൯൫൨-൫൩ ബഡ്ജററിൽ കൊള്ളിച്ചിട്ടുള്ള തുക അനുസരിച്ചുള്ളതാണോ ഈ ഇരുനൂറു ഗ്രാമങ്ങൾ?

ശ്രീ. കളത്തിൽ വേലായുധൻനായർ: അതെ.

ശ്രീ. ആർ. കേശവപിള്ള: ഓരോ താലൂക്കിലും വിഭജിച്ചുകൊടുക്കാൻ ഗവണ്മെൻറിന് ദയവുണ്ടാകുമോ?

ശ്രീ. കളത്തിൽ വേലായുധൻനായർ: ഇതു് അങ്ങനെ വിഭജിക്കാവുന്നതല്ല.

Grow More Food Campaign.

*296 [18] **Shri P. V. Avira Tharakan:** Will the Minister for Food be pleased to state: the amount distributed up to 31st May 1952 to the cultivators of each Taluk from the amount received from the Central Government for the Grow More Food Campaign?

Chief Minister **(Shri A. J. John):** The amounts are given below:—

Taluk.	*Amount.*
Changanacherry	Rs. 44,900
Kottarakara	5,000
Kunnathunad	2.000
Karthikapally	6,000
Ambalapuzha	75,000

ശ്രീ. പി. വി. അവിരാത്തരകൻ : ഈ തുക എന്തു പലിശയ്ക്കാണു കൊടുത്തിരിക്കുന്നതെന്നു പറയാമോ ?

ശ്രീ. എ. ജെ. ജാൺ : ആറര ശതമാനം.

ശ്രീ. പി. വി. അവിരാത്തരകൻ : നമുക്കു എന്തു പലിശയ്ക്കാണു കിട്ടുന്നതു് ?

ശ്രീ. എ. ജെ. ജാൺ : നാലരശതമാനം.

ശ്രീ. വി. ശ്രീധരൻ : ഏതെങ്കിലും അപേക്ഷകർക്കു പണം കൊടുക്കാനുണ്ടോ ?

ശ്രീ. എ. ജെ. ജാൺ : രണ്ടപേക്ഷകൾ ഉണ്ടു്. അതിനെപ്പററി അന്വേഷണം നടത്തിക്കൊണ്ടിരിക്കുകയാണു്.

Bath Rooms and Latrines.

❋ 297. [19] **Shri P. V. Avira Tharakan:** Will the Minister for Law and Order be pleased to state :

whether there is any lock-up in this State attached with bath rooms and latrines ?

Minister for Home Affairs **(Shri T. M. Varghese) :** Yes, one.

ശ്രീ. പി. വി. അവിരാത്തരകൻ : അതെവിടെയാണെന്നു പറയാമോ ?

ശ്രീ. ടി. എം. വർഗ്ഗീസ് : ഫോർട്ടു പോലീസ് സ്റ്റേഷനാണു്.

ശ്രീ. എൻ. രാഘവക്കുറുപ്പ് : എല്ലാ സ്റ്റേഷനുകളിലും ഇതുപോലുള്ള സൗകര്യം ചെയ്തുകൊടുക്കാനുദ്ദേശിക്കുന്നുണ്ടോ ?

ശ്രീ. ടി. എം. വർഗ്ഗീസ് : ഉദ്ദേശിക്കുന്നുണ്ടു്.

ശ്രീ. എൻ. രാഘവക്കുറുപ്പ് : അതു എന്നേയ്ക്കു നടപ്പിൽ വരുമെന്നു പറയാമോ ?

ശ്രീ. ടി. എം. വർഗ്ഗീസ് : അതിപ്പോൾ പറയാൻ നിവൃത്തിയില്ല.

ശ്രീ. എൻ. രാഘവക്കുറുപ്പ് : അതിലേയ്ക്കു ഒരു തുകയും ബഡ്ജററിൽ കൊള്ളിച്ചിട്ടില്ലെന്നുള്ള വിവരം അറിയാമോ ?

ശ്രീ. ടി. എം. വർഗ്ഗീസ് : തുക കൊള്ളിച്ചിട്ടില്ലെന്നു അറിഞ്ഞുകൂടാ, കൊള്ളിച്ചിട്ടുള്ളതായി അറിയാം.

ശ്രീ. എൻ. രാജഗോപാലൻനായർ : തടവുകാർക്കു അതു ഉപയോഗിക്കുന്നതിനുള്ള സൗകര്യം നിഷേധിച്ചിരിക്കയാണെന്നുള്ള വിവരം ഗവണ്മെൻറിനറിയാമോ ?

ശ്രീ. ടി. എം. വർഗ്ഗീസ് : അറിഞ്ഞുകൂടാ.

ശ്രീ. എൻ. രാജഗോപാലൻനായർ : മെംബർ അവിടെ കുറച്ചുനാൾ കിടന്നതാണു്. അന്നു് ഈ സൗകര്യമൊന്നും കിട്ടിയിട്ടില്ല.

Mr. Speaker : That is supplying information.

നിയമസഭാംഗങ്ങളുടെ പേരിലെ കേസുകൾ.

*൨൯൮. [൨൦] ശ്രീ. കെ. വി. കൃഷ്ണൻകുട്ടിവാര്യർ : താഴെ കാണുന്ന ചോദ്യത്തിനു അഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി പറയുമോ;

ഈ സംസ്ഥാനനിയമസഭയിലെ ചില അംഗങ്ങളുടെ പേരിൽ പൊതുരക്ഷാനിയമമനുസരിച്ചും രാജദ്രോഹവകുപ്പ് അനുസരിച്ചും സെക്യൂരിട്ടി നടപടികൾ അനുസരിച്ചും നിലവിലുള്ള കേസുകൾ പിൻവലിക്കുവാൻ ഗവണ്മെന്റ് ആലോചിക്കുന്നുണ്ടോ?

അഭ്യന്തരകാര്യമന്ത്രി (ശ്രീ. ടി. എം. വർഗ്ഗീസ്) : ഏതാനും കേസുകൾ പിൻവലിച്ചിട്ടുണ്ട്. കൂടുതൽ കേസുകൾ പിൻവലിക്കുന്ന കാര്യം ഗവണ്മെന്റിന്റെ ആലോചനയിലില്ല.

ശ്രീ. കെ. വി. കൃഷ്ണൻകുട്ടി വാര്യർ : പൊതുരക്ഷാനിയമമനുസരിച്ചും രാജദ്രോഹവകുപ്പനുസരിച്ചും സെക്യൂരിററി നടപടികൾ അനുസരിച്ചും എത്ര കേസുകൾ ജനങ്ങളുടെ മേൽ എടുത്തിരുന്നു. അതിൽ എത്ര ആളുകളെ ഈ നിയമസഭയിലേയ്ക്കു തെരഞ്ഞെടുത്തിട്ടുണ്ടെന്നു പറയാമോ?

Mr. Speaker: Probably the hon. Member means how many persons are involved in these cases.

ശ്രീ. കെ. വി. കൃഷ്ണൻകുട്ടിവാര്യർ : ഈ കേസുകൾ നിലവിലിരിക്കെ ഈ നിയമസഭയിൽ എത്രയംഗങ്ങൾ അംഗങ്ങളായി വന്നിട്ടുണ്ടെന്നറിയാമോ?

ശ്രീ. ടി. എം. വർഗ്ഗീസ് : അതേപ്പററി സൂക്ഷ്മമായി നോക്കീട്ടില്ല.

ശ്രീ. കെ. വി. കൃഷ്ണൻകുട്ടി വാര്യർ : ജനങ്ങളുടെ ഈ വിധി വച്ചുകൊണ്ടെങ്കിലും ഈ മാതിരി കേസുകൾ പിൻവലിക്കാനുള്ള ഔചിത്യബോധം ഗവണ്മെന്റിനുണ്ടാകുമോ?

ശ്രീ. ടി. എം. വർഗ്ഗീസ് : ജനങ്ങളുടെ വിധിവച്ചുകൊണ്ടല്ല കേസുകൾ പിൻവലിക്കുന്നതിനു തീരുമാനിക്കുന്നതു്. ഔചിത്യബോധത്തോടുകൂടിയാണ് ഗവണ്മെന്റ് കാര്യങ്ങൾ തീരുമാനിക്കപ്പെടുന്നതു്.

ശ്രീ. എൻ. രാഘവക്കുറുപ്പ് : തൃശ്ശൂർവച്ച് രാജാവിനെ ചീത്ത പറഞ്ഞുവെന്നുള്ള കാരണത്തിൽ ഒരു മെംബറുടെപേരിൽ ഇപ്പോഴും കേസു നടക്കുന്നതായി അറിയാമോ?

Mr. Speaker: There is no need to answer that question.

ശ്രീ. കാമ്പിശ്ശേരിൽ കരുണാകരൻ : ഞങ്ങളുടെ പേരിൽ വല്ല പുതിയ കേസുകളും എടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

Mr. Speaker: The question is disallowed.

വിചാരണകഴിയാത്ത തടവുകാരുടെ എണ്ണം.

*൨൯൯. [൨൧] ശ്രീ. കെ. വി. കൃഷ്ണൻകുട്ടിവാര്യർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് അഭ്യന്തരകാര്യമന്ത്രി സദയം മറുപടി പറയുമോ?

(എ) സംസ്ഥാനത്തിലെ പോലീസ് ലാക്കപ്പുകളിലും സബ്ജയിലുകളിലും ആയി അണ്ടർ ട്രയൽ തടവുകാരായി ഒരു കൊല്ലത്തിനും രണ്ടു കൊല്ലത്തിനും മൂന്നു കൊല്ലത്തിനും മീതെയായി വിചാരണ കഴിയാതെ സൂക്ഷിക്കപ്പെട്ടിട്ടുള്ള തടവുകാരുടെ എണ്ണം എത്ര ;

(ബി) ഇതിനിടയ്ക്കു ഇവരിൽ എത്രപേർ മരിച്ചു ;

(സി) എത്രപേർ ക്ഷയം, ശ്വാസംമുട്ടൽ, വയററിൽവേദന തുടങ്ങിയ രോഗങ്ങൾക്കു ചികിത്സിക്കപ്പെടുന്നുണ്ടു് ?

അഭ്യന്തരകാര്യമന്ത്രി (ശ്രീ. ടി. എം. വർഗ്ഗീസ്) :

(എ) ഒരു കൊല്ലം കഴിഞ്ഞവർ വ്യ ർ, രണ്ടുകൊല്ലം കഴിഞ്ഞവർ വ ൻ, മൂന്നുകൊല്ലം കഴിഞ്ഞവർ ഫ ന ൦.

(ബി) ഫ ൧

(സി) വ വ

ശ്രീ. കെ. വി. കൃഷ്ണൻകുട്ടി വാര്യർ : ഈ കേസുകളുടെ വിചാരണ ഇങ്ങനെ നീട്ടിക്കൊണ്ടുപോകുന്നതിന്റെ കാരണം അന്വേഷിച്ചിട്ടുണ്ടോ?

ശ്രീ. ടി. എം. വർഗ്ഗീസ് : ഏതാനും പ്രതികളെമാത്രം അറസ്ററു ചെയ്തു ലാക്കപ്പിൽ വച്ചിട്ടുണ്ടു്. കേസിന്റെ വിചാരണ തുടങ്ങുന്നതിനു മററു പ്രതികളെ അന്വേഷിച്ചു അറസ്ററു ചെയ്യുന്നതിനു് ശ്രമം ചെയ്തു കൊണ്ടിരിക്കുന്നതിനാലാണു് കാലതാമസം നേരിടുന്നതു്.

ശ്രീ. കെ. വി. കൃഷ്ണൻകുട്ടി വാര്യർ : അതുകൊണ്ടു് ദീർഘകാലം ഇങ്ങനെ ലാക്കപ്പിൽ വച്ചിരിക്കുന്ന പ്രതികളുടെ പേരിൽ കേസുവിസ്താരം തുടങ്ങാതിരിക്കുന്നതു ശരിയാണോ?

ശ്രീ. ടി. എം. വർഗ്ഗീസ് : എല്ലാ പ്രതികളേയും കിട്ടുന്നതിലേയ്ക്കു ശ്രമം ചെയ്തുകൊണ്ടിരിക്കെ അവധിക്കപേക്ഷ മുതലായ കാരണങ്ങൾകൊണ്ടും ഇങ്ങനെ കാലതാമസമുണ്ടാകുന്നുണ്ടു്.

ശ്രീ. കെ. വി. കൃഷ്ണൻകുട്ടി വാര്യർ : ഈ കേസുകളിൽ ഏതെങ്കിലും പ്രതികളെ ജീവപര്യന്തം ശിക്ഷിക്കേണ്ടുന്നതായ കുററത്തിനു തെളിവില്ലാതാക്കാൻ ശ്രമിക്കുന്നതായി ഗവണ്മെന്റിനറിയാമോ ?

Mr. Speaker: The question is disallowed.

ശ്രീ. എൻ. രാജഗോപാലൻനായർ : ഒരു കോടതിയിൽ ശിക്ഷിച്ചു കഴിഞ്ഞിട്ടു് മറെറാരു കോടതിയിൽപോയി അവിടത്തെ ശിക്ഷ കഴിയുന്നതുവരെക്കും അതായതു് മൂന്നും നാലും കൊല്ലം ലാക്കപ്പുകളിൽ പ്രതികൾ കഴിഞ്ഞുകൂടേണ്ടതായിവരുന്നുണ്ടെന്നറിയാമോ ?

Mr. Speaker: Order, order. All these are regulated by the Criminal Procedure Code. Let us not enter into a discussion.

Shri N. Rajagopalan Nair: Sir, it is a very pointed question. After the Sessions Court has convicted a prisoner, his sentence has to be approved by the High Court. During that time he will be in jail, for a period of four or five years in several cases. I am asking whether this period will form part of the total sentence. Has the Government noted this and taken any action?

Shri T. M. Varghese: The usual practice is that the period in jail will be counted. No such case has been brought to the notice of Government.

ശ്രീ. എ. താണുപിള്ള: ഈ പതിനേഴുപേർ മരിച്ചുവെന്നു പറയുന്നതു എത്രപേരുണ്ടായിരുന്നതിലാണ്?

ശ്രീ. ടി. എം. വർഗ്ഗീസ്: ആകപ്പാടെയുള്ള കണക്കെടുത്തിട്ടില്ല. വേണമെങ്കിൽ സൂക്ഷ്മമായി കണക്കെടുത്തു സഭയെ അറിയിക്കാം.

ശ്രീ. എ. താണുപിള്ള: അതായതു ഈ ൧൨൧൯-ൽ പതിനേഴാണോ, ൧൧൨൦-ൽ പതിനേഴാണോ എന്നറിഞ്ഞാൽ കൊള്ളാം.

ശ്രീ. ടി. എം. വർഗ്ഗീസ്: അതേപ്പററി സൂക്ഷ്മമായി ഇപ്പോൾ പറയാൻ നിവൃത്തിയില്ല. അന്വേഷിച്ചു അറിയിക്കാം.

ശ്രീ. എ. താണുപിള്ള. ഇത്രയും മരണങ്ങൾ ഉണ്ടാകാൻ കാരണമെന്താണെന്നു ഗവണ്മെൻറ അന്വേഷിച്ചിട്ടുണ്ടോ?

ശ്രീ. ടി. എം. വർഗ്ഗീസ്: അതു ഈ ചോദ്യത്തിൻെറ പരിധിയിൽ ഉൾപ്പെട്ടിട്ടില്ലാത്ത കാര്യമാണ്. അതുകൊണ്ടന്വേഷിച്ചില്ല.

ശ്രീ. എ. താണുപിള്ള: ഈ മൂന്നുവർഷവും അതിൽ കൂടുതലും കാലം മറെറല്ലാ പ്രതികളെയും പിടികിട്ടുന്നതുവരെ ഈ ലാക്കപ്പിൽ കിടക്കുന്ന പ്രതികളുടെ മേൽ വിസ്താരം നടത്താതെ അകത്തു കിടക്കണമെന്നാണോ വച്ചിരിക്കുന്നതു്?

ശ്രീ. ടി. എം. വർഗ്ഗീസ്: അല്ല.

ശ്രീ. എ. താണുപിള്ള: അതു ശരിയാണെന്നു ഗവണ്മെൻറിനു ബോദ്ധ്യമുണ്ടോ?

ശ്രീ. ടി. എം. വർഗ്ഗീസ്: അതു ശരിയാണെന്നു ഗവണ്മെൻറിനു ബോദ്ധ്യമില്ല. ഏതാനും പ്രതികളെ മാത്രം വച്ചുകൊണ്ടു കേസു വിസ്തരിക്കുന്നതായാൽ പല വൈഷമ്യങ്ങളും ഉള്ളതുകൊണ്ടാണ മററ പ്രതികളെ കിട്ടുന്നതിനു ശ്രമം ചെയ്യുന്നതും അതുവരെ കിട്ടിയ പ്രതികളെ ലാക്കപ്പിൽ സൂക്ഷിക്കുന്നതും.

ശ്രീ. എ. താണുപിള്ള: ൨൨ ആളുകൾക്കു ക്ഷയം, ശ്വാസംമുട്ടൽ, വയററുവേദന മുതലായ രോഗങ്ങൾ ഉണ്ടെന്നു പറഞ്ഞു. അതിനുള്ള കാരണങ്ങൾ എന്താണെന്നു ഗവണ്മെൻറ അന്വേഷിച്ചിട്ടുണ്ടോ?

ശ്രീ. ടി. എം. വർഗ്ഗീസ്: ഈ സുഖക്കേടുകളുടെ കാരണത്തെപ്പററി ഗവണ്മെൻറ പ്രത്യേകമന്വേഷിച്ചിട്ടില്ലെങ്കിലും ലാക്കപ്പുകളിൽ ഉള്ള പ്രതികൾക്കു് രോഗമുണ്ടാകുന്നതായി ഗവണ്മെൻറിൻെറ ശ്രദ്ധയിൽ പെടുകയും അവരുടെ സുഖസൗകര്യാദികൾ നോക്കുന്നതിലേയ്ക്കു് ഗവണ്മെൻറ ശ്രദ്ധപതിപ്പിക്കുകയും ചെയ്തിട്ടുണ്ടു്.

ശ്രീ. എ. താണുപിള്ള: ഈ ലാക്കപ്പുകളിൽ മരണവും രോഗവും വളരെ കൂടുതൽ ശതമാനം അതായതു സാധാരണയിൽക്കവിഞ്ഞു വർദ്ധിച്ചിട്ടുണ്ടെന്നുള്ള കാര്യം ഗവണ്മെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. ടി. എം. വർഗ്ഗീസ്: ലാക്കപ്പുകളിൽ രോഗവും മരണവുമുള്ളതായി ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

Shri C. Sankar: Was any under-trial prisoner beaten to death by the Police?

ശ്രീ. ടി. എം. വർഗ്ഗീസ്: ഗവൺമെൻറിനറിവില്ല.

പ്ലൈവുഡ് ഫാക്ടറി, പുനലൂർ

✻ ൩൦൦. [൨൨] ശ്രീ. പി. ഭാസ്കരൻനായർ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് വ്യവസായവകുപ്പുമന്ത്രി ദയവായി ഉത്തരം പറയുമോ:

(എ) വനം കൺസർവേററർ, വ്യവസായഡയറക്ടർ എന്നിവരിൽ ഏതു ഉദ്യോഗസ്ഥൻെറ നേരിട്ടുള്ള മേൽനോട്ടത്തിലാണ് ഗവൺമെൻറുവക പുനലൂരുള്ള പ്ലൈവുഡ് ഫാക്ടറി പ്രവത്തനം നടത്തിവരുന്നതു്;

(ബി) പ്രസ്തുത ഫാക്ടറിയിലെ ആവശ്യത്തിന് ഒരു ലക്ഷം രൂപയോളം വിലവരുന്ന ഒരു Drying chamber വരുത്തിയിട്ടുണ്ടോ;

(സി) Drying chamber വരുത്തിയിട്ട് എത്രനാളായി? അതു ഇപ്പോൾ ഉപയോഗിക്കുന്നുണ്ടോ;

(ഡി) സർക്കാർ പ്ലൈവുഡ് ഫാക്ടറിക്ക് ആകെ മുതൽമുടക്ക് എത്ര;

(ഇ) ഇതുവരെയുള്ള പ്രവത്തനത്തിൽ ഫാക്ടറിക്ക് ലാഭമോ നഷ്ടമോ എന്തു തുകവരും?

ധനകാര്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) ചീഫ് വനംകൺസർവേററുടെ മേൽനോട്ടത്തിലാണ് പ്രവത്തനം നടത്തുന്നതു്.

(ബി) പ്രസ്തുത ഫാക്ടറിയുടെ ആവശ്യത്തിന് ഒരു ലക്ഷം രൂപയോളം വിലവരുന്ന ഒരു ഡ്രയിംഗ് ചെയിംബർ വരുത്തിയിട്ടുണ്ട്.

(സി) ഇപ്പോൾ ഉപയോഗിക്കുന്നുണ്ട്. വരുത്തിയിട്ട് അഞ്ചു കൊല്ലമായി.

(ഡി) പ്ലൈവുഡ് ഫാക്ടറിക്ക് പണംമുടക്ക് ൩൧-൩-൧൨൨ വരെയുള്ള ൧൮, ൧൧, ൩൬൮ രൂപ.

(ഇ) പ്രവത്തനത്തിൽ ലാഭമാണുള്ളതു്. ഗവൺമെൻറ് ഏറെറടുത്തതിനു ശേഷം ൩,൨൮,൨൨൭ രൂപ ൨ അണ. ൧൧ പൈസ ലാഭമുണ്ടായിട്ടുണ്ട്.

ശ്രീ. പി. ഭാസ്കരൻനായർ: വനം കൺസർവേററർ ഒരു വ്യവസായ വിദഗ്ദ്ധനാണോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതെനിക്കറിവില്ല.

ശ്രീ. പി. ഭാസ്കരൻനായർ: വ്യവസായങ്ങളെപ്പററി പ്രത്യേക വൈദഗ്ദ്ധ്യമില്ലാത്ത ഒരാൾക്ക് ഈ വ്യവസായത്തിൻെറ മേൽനോട്ടം കൊടുക്കുന്നതെന്താണ്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: പ്ലൈവുഡ് ഇൻഡസ്ട്രിക്ക് ആവശ്യമുള്ള റാമെറ്റീരിയൽസ് സപ്ലൈചെയ്യുന്നതു് ഫോറസ്റ്റ് ഡിപ്പാർട്ടുമെൻറിൽനിന്നുമാണ്. അതുകൊണ്ട് അദ്ദേഹത്തിൻെറ മേൽനോട്ടത്തിലിരിക്കുന്നതു് സൗകര്യമാണെന്നുകരുതിയിട്ടാണ്.

ശ്രീ. പി. ഭാസ്കരൻനായർ: ഈ ഡ്രൈയിംഗ് ചെയിംബർ വരുത്തിയിട്ട് എത്രകാലം ഉപയോഗിക്കാതെ ഇട്ടിരുന്നു.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: എൻെറ കയ്യിലുള്ള റിക്കാർഡുകൊണ്ടു കാണുന്നതു് ഇതു ഇറക്ട്ചെയ്തതു് ൧൧൨൫ ജനുവരി മാസത്തിലാണെന്നാണ്.

ശ്രീ. പി. ഭാസ്കരൻനായർ: ഈ അഞ്ചുകൊല്ലക്കാലമായി ഡ്രയിംഗ് ചെയിംബർ വരുത്തിയിട്ട് ൧൧൨൫ വരെ അതു് ഉപയോഗമില്ലാതെ ഇട്ടിരുന്നതുകൊണ്ട് ഗവണ്മെൻറിനു വലുതായ നഷ്ടം ഉണ്ടായിട്ടില്ലേ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതു വരുത്തിയതിനുശേഷം ഇറക്ട്ചെയ്യാൻ കുറച്ചു താമസം വന്നു.

ശ്രീ. പി. ഭാസ്കരൻനായർ: സാധാരണ ഗതിയിലാണെങ്കിൽ ഇത്രയും കാലത്തെ താമസം വരുമോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഇറക്റ്റ് ചെയ്യുന്നതിലേക്ക് നാലുകൊല്ലത്തെ താമസമുണ്ടായി.

ശ്രീ. പി. ഭാസ്കരൻനായർ: ഇത്രയും താമസമുണ്ടാക്കിയതു് അതിലേക്കു ചുമതലപ്പെട്ട ഉദ്യോഗസ്ഥന്മാരുടെ കൃത്യവിലോപംകൊണ്ടല്ലേ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: കൃത്യവിലോപംകൊണ്ടു ഉണ്ടായിട്ടുള്ളതാണെന്നു് ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

ശ്രീ. പി. ഭാസ്കരൻനായർ: കൃത്യവിലോപംകൊണ്ടാണ് ഈ നഷ്ടം ഗവണ്മെൻറിനു വരുത്തിയിട്ടുള്ളതെന്നു് ബോദ്ധ്യമായാൽ അതേപ്പററി നടപടി എടുക്കുമോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: നടപടി എടുക്കാതിരിക്കയില്ല.

ശ്രീ. ടി. എസ്സ്. രാമസ്വാമി: ഇത്രയും ലാഭമുണ്ടായി എന്നു പറഞ്ഞതു് ഗവണ്മെൻറ് ഏറെറടുത്തതിനുശേഷമാണോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതേ.

ശ്രീ. ടി. എസ്സ് രാമസ്വാമി: അതു് എന്നാണ് ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതിപ്പോൾ എനിക്ക് ഓർമ്മയില്ല.

ലാക്കപ്പുമരണം.

* ൩൦൭. [൨൩] ശ്രീ. എൻ. രാഘവക്കുറുപ്പ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാൺഗ്രസ്സുഭരണം തുടങ്ങിയതിനുശേഷം തിരുവിതാംകൂർ-കൊച്ചിയിലെ ലാക്കപ്പിൽ പാർപ്പിച്ചിരുന്ന എത്രയാളുകൾ കസ്റ്റഡിയിൽകിടന്നു മരിച്ചിട്ടുണ്ടു്? അവർ ആരൊക്കെ? ഏതൊക്കെ ലാക്കപ്പുകളിൽ കിടന്നാണു മരിച്ചതു്;

(ബി) അവയിൽ ഏതെങ്കിലും മരണം പോലീസിന്റെ മർദ്ദനം മൂലമാണുണ്ടായിട്ടുള്ളതെന്നു് പരാതി ലഭിച്ചിട്ടുണ്ടോ? അവയെപ്പറ്റി എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ?

അഭ്യന്തരകാര്യമന്ത്രി (ശ്രീ. ടി. എം. വർഗ്ഗീസ്):

(എ) ൩൬ ആളുകൾ. വിശദവിവരങ്ങളടങ്ങിയ ഒരു ലിസ്റ്റ് മേശപ്പുറത്തു വച്ചിരിക്കുന്നു. *

(ബി) പരാതികൾ ലഭിക്കുകയും അന്വേഷണംനടത്തുകയും ചെയ്തിട്ടുണ്ടു്.

ശ്രീ. എൻ. രാഘവക്കുറുപ്പ്: ആരുടെയൊക്കെ മരണം സംബന്ധിച്ചാണു് പരാതികൾ ലഭിച്ചിട്ടുള്ളതു്?

Mr. Speaker: Is it not a very large question to be answered on the floor of this House? You may put definite questions.

Shri N. Raghava Kurup: This is a matter concerning 36 citizens of this country. I think it is a matter of great importance. That is why I am asking.

ആരുടെയൊക്കെ മരണം സംബന്ധിച്ചാണു് പരാതികൾ ലഭിച്ചിട്ടുള്ളതു്?

ശ്രീ. ടി. എം. വർഗ്ഗീസ്: അതേക്കുറിച്ചു പ്രത്യേകമായി അന്വേഷിച്ചു് ഒരു പ്രത്യേക ലിസ്റ്റു് തയ്യാറാക്കി മേശപ്പുറത്തു വയ്ക്കുകയോ സഭയിൽ സമർപ്പിക്കുകയോ ചെയ്യാവുന്നതാണു്.

ശ്രീ. എൻ. രാഘവക്കുറുപ്പ്: അന്വേഷണത്തിന്റെ സ്വഭാവം വെളിപ്പെടുത്തുമോ?

Mr. Speaker: The question is disallowed.

ശ്രീ. എൻ. രാഘവക്കുറുപ്പ്: ചില ആളുകളുടെ പരാതി ലഭിച്ചു എന്നും അന്വേഷണം നടത്തി എന്നും പറഞ്ഞു. എന്നാൽ അതെത്രയാണെന്നും അതിന്റെ വിവരങ്ങൾ എന്താണെന്നും ഒരു മാസത്തിനുമുമ്പു് അയച്ചിട്ടുള്ള ക്വസ്റ്റ്യനു് ഉത്തരം തയാറായിട്ടില്ല, വിവരങ്ങൾ ലഭിച്ചിട്ടില്ല എന്നെല്ലാം പറയുകയാണെങ്കിൽ എങ്ങിനെയാണു ഞങ്ങൾ ചോദ്യം ചോദിക്കേണ്ടതെന്നു് എനിക്കു മനസ്സിലാകുന്നില്ല.

ശ്രീ. ടി. എം. വർഗ്ഗീസ്: ആ ക്വസ്റ്റ്യനു് ആവശ്യമായ വിവരങ്ങളടങ്ങിയ ലിസ്റ്റ് മേശപ്പുറത്തു വച്ചിട്ടുണ്ടു്. അതല്ലാതെ കൂടുതൽ വിവരങ്ങൾ അറിയണമെന്നുണ്ടെങ്കിൽ കൂടുതൽ ചോദ്യങ്ങൾ അയച്ചാൽ കൂടുതൽ വിവരങ്ങൾ അറിയിക്കാം.

ശ്രീ. എൻ. രാഘവക്കുറുപ്പ്: തോട്ടപ്പുഴ ലാക്കപ്പിൽ കിടന്നു് ഒരാൾ മരിച്ചതു് പോലീസുമർദ്ദനം കൊണ്ടാണെന്നു പരാതിയുണ്ടായിട്ടുണ്ടോ?

---

* Please See Appendix I.

ശ്രീ. ടി. എം. വർഗ്ഗീസ്: അതേപ്പറ്റി അന്വേഷിച്ച് മാത്രമേ മറുപടി പറയാൻ നിവൃത്തിയുള്ളൂ.

F. A. C. T. Alwaye.

✻ 302. [24] **Shri M. M. Abdul Khader:** Will the Minister for Industries be pleased to state:

(*a*) whether Government auditors have audited the accounts of the F. A. C. T., Alwaye;

(*b*) have they submitted any report ; and

(*c*) has any action been taken or proposed on this report?

Minister for Finance and Civil Supplies **(Shri Panampilli Govinda Menon):**

(*a*) Government auditors have audited the accounts of the F. A. C. T., Alwaye;

(*b*) They have submitted their report;

(*c*) The report is under the examination of Government.

Shri M. M. Abdul Khader: From the examination that has been made by the Government, does the Minister think that the economic condition of the factory is satisfactory?

Mr. Speaker : The answer was that the report is under the consideration of Government.

Shri M. M. Abdul Khader : May I know from the hon. Minister the percentage of commission stipulated to be paid to the Managing agents?

Shri Panampilli Govinda Menon : I want notice.

WRITTEN ANSWERS.

Fact, Alwaye.

✻303. [25] **Shri M. M. Abdul Khader :** Will the Minister for Industries be pleased to state:

(*a*) whether the Government has extended the period of the Award in the Industrial dispute between the workers and the management of the F. A. C. T., Alwaye;

(*b*) if so, was not this extension at the instance of the management and against the express request of the workers; and

(*c*) whether the workers have protested against such extension and requested cancellation of the same?

Minister for Finance and Civil Supplies **(Shri Panampilli Govinda Menon) :**

(*a*) Yes.

(*b*) The management had requested for the extension of the term of the award. The labour union wanted to terminate the term. In the interests of industrial peace it was found necessary to extend the term of the award.

(*c*) Yes.

Import of Sulphur.

* 304 [27] **Shri M. M. Abdul Khader:** Will the Minister for Industries be pleased to state on what countries the F.A.C.T. has been depending for the supply of the important raw material, namely, sulphur?

Minister for Finance and Civil Supplies **(Shri Panampilli Govinda Menon):** U. S. A. and Japan.

ഇലക്ട്രിസിററി വകുപ്പിൽ തൃശ്ശൂർ ഡിസ്ട്രിക്ടിൽ വർക്ക് എസ്റ്റാബ്ലിഷ്മെൻറ്.

* ൩൦൫. [൩൧] ശ്രീ. വാറണ്ണി പുളിക്കൽ: താഴെപറയുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി ദയവായി ഉത്തരം പറയുമോ:

(എ) ഇലക്ട്രിക്ക് വകുപ്പിൽ തൃശ്ശൂർ ഡിസ്ട്രിക്ടിൽ വർക്ക് എസ്റ്റാബ്ലിഷ്മെൻറ് എന്ന ഒരുതരം ജോലിക്കാർ ഉള്ളതായി ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അപ്രകാരം എത്രപേർ ഉണ്ട്;

(സി) അവരിൽ എത്രകൊല്ലംമുതൽ എത്രകൊല്ലംവരെ സർവ്വീസ് ഉള്ളവരുണ്ട്;

(ഡി) അവരുടെ സർവ്വീസുകാലം പെർമനൻറ്സർവ്വീസിൽപ്പെട്ടതായി കണക്കാക്കുമോ?

മരാമത്തും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. കളത്തിൽ വേലായുധൻ നായർ:)

(എ) ഉണ്ട്.

(ബി) ൩൦൯ പേർ.

(സി) രണ്ടുമാസംമുതൽ ഇരുപത്തിയഞ്ചുകൊല്ലം, ഒൻപതുമാസം വരെ സർവ്വീസുള്ളവരുണ്ട്.

(ഡി) പ്രാജക്ടിൽ ഉൾപ്പെടാത്ത വർക്ക് എസ്റ്റാബ്ലിഷ്മെൻറുകാരെ പെർമനൻറ് ആക്കുന്ന പ്രശ്നം ഗവൺമെൻറിൻെറ പരിഗണനയ്ക്കു വിഷയമായിരിക്കുകയാണ്.

Minor Irrigation Works.

* 306 [33] **Shri. K. Madhavan Unnithan:** Will the Minister for Works be pleased to state:

(*a*) Whether it is a fact that minor irrigation works are often being postponed or delayed due to lack of sufficient coordination between the Irrigation and Food Departments;

(*b*) if so what measures are being taken to improve the position?

Chief Minister **(Shri A. J. John):**

(*a*) No.

(*b*) Does not arise.

Lemon grass oil.

✱ 307 [34] **Shri N. P. Verghese:** Will the Minister for Commerce be pleased to state:

(*a*) has there been a steep fall in price of lemon grass oil;

(*b*) is it a fact that it is an important industry in the State earning thousands of dollars for the Indian Union;

(*c*) what percentage of the world's supply of lemon grass oil is produced in the State;

(*d*) have Government any scheme for stabilising the price and improving the industry?

Minister for Finance and Civil Supplies (**Shri Panampilli govinda Menon**):

(*a*) Yes.

(*b*) Yes.

(*c*) About 75 per cent.

(*d*) Yes.

Tamilian Police Officers.

✱ 308 [35] **Shri. M. William:** Will the Minister for Law and Order be pleased to state:

How many students in general and scheduled castes students in particular were selected for admission in the Government Medical College, Trivandrum, from the taluks of Thovala, Agasteeswaram, Kalkulam and Vilavancode during last year.

Minister for Medicine and Public Health (**Shri V. Madhavan**): Hindu Nadar 1.

Water Supply.

✱ 1009. [83] **Shri A. Samraj**: Will the Minister for Works be pleased to state:

(*a*) whether there was any budget allotment for water supply scheme in Cape Comorin; if so when;

(*b*) why was it allowed to lapse;

(*c*) has the necessity of Water Supply Scheme in Cape Comorin, Suchindram and Aramboly been brought to the notice of Government?

Minister for Works and Transport (**Shri Kalathil Velayudhan Nair**) :

(*a*) There was no specific provision in the budget for this work.
(*b*) Does not arise.
(*c*) Yes; a scheme is under consideration.

Sea erosion.

✱ 1010. [867] **Shri P. V. Avira Tharakan :** Will the Minister for Works & Transport be pleased to state :

(*a*) whether Government have taken note of the great havoc done to lands in Chellanam and adjacent Coastal regions due to sea erosion;

(*b*) What steps have been taken by the Government to check this regular destruction?

Minister for Works and Transport (**Shri Kalathil Velayudhan Nair**) :

(*a*) Yes.
(*b*) Necessary works are being arranged for.

നെൽകൃഷി.

✱ ൧൦൧൧. [൧൦൧] ശ്രീ. കെ. കെ. രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ :

(എ) ൧൯൫൧-൫൨ ഈ വർഷങ്ങളിൽ പുതിയതായി എത്ര ഏക്കർ സ്ഥലത്തു് നെൽകൃഷി ചെയ്തിട്ടുണ്ടു് ;

(ബി) ഗവണ്മെൻറിൽ നിന്നും അതിനുവേണ്ടി ചെലവാക്കിയ സംഖ്യ എത്ര ;

(സി) അവയിൽ നിന്നും എത്ര പറ നെല്ലു് ഗവണ്മെൻറിലേയ്ക്കു് ലഭിച്ചിട്ടുണ്ടു് ?

മുഖ്യമന്ത്രി (ശ്രീ. എ. ജെ. ജാൺ):

(എ) ഉദ്ദേശം ൨൫൪൭ ഏക്കർ സ്ഥലത്തു്.
(ബി) ഏകദേശം ൪,൨൫,൦൦൦ രൂപാ.
(സി) പ്രത്യേകം കണക്കു് വച്ചിട്ടില്ല.

Starred Questions posted for Answer on 4-7-1952.

കടവൂർ പ്രൈമറിസ്കൂൾ.

✱ ൧൦൧൨. [൨൧൭] ശ്രീ. വി. ശ്രീധരൻ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് എഡ്യൂക്കേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം താലൂക്കിൽ മേൽതോന്നയ്ക്കൽ പകുതിയിൽ സ്ഥിതിചെയ്യുന്ന കടവൂർ പ്രൈമറി സ്കൂൾ ഒരു മിഡിൽസ്കൂളാക്കി ഉയർത്തുന്നതിനുവേണ്ടി ഗവണ്മെൻറിനു് എന്തെങ്കിലും നിവേദനം ലഭിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഗവണ്മെൻറു് എന്തു നടപടി സ്വീകരിച്ചു?

മുഖ്യമന്ത്രി (ശ്രീ. എ. ജെ. ജാൺ):

(എ) ഉണ്ട്.

(ബി) ഗവണ്മെൻറ് ചട്ടപ്രകാരം വേണ്ട സ്ഥലവും കെട്ടിടവും സംഭാവന ചെയ്യാമെന്നുള്ള സ്കൂൾ കമ്മിററി പ്രസിഡൻറിൻെറ വാഗ്ദാനം ലഭിച്ചത്, വളരെ താമസിച്ചായിരുന്നു. കൂടാതെ പ്രസ്തുത സ്കൂളിനു അടുത്തു തന്നെ ധാരാളം കുട്ടികളെ കൂടുതലായി ചേർക്കത്തക്ക സ്ഥലസൗകര്യമുള്ള ഒരു പൂർണ്ണമിഡിൽ സ്കൂളും ഉണ്ട്. അതുകൊണ്ട് പുതിയ സ്കൂൾ അനുവദിച്ചില്ല.

Basic Tax.

※ 1013. [42] **Shri E. P. Varghese :** Will the Minister for Revenue be pleased to state:

(*a*) whether any basic tax is levied from the land-holders in the pakuthies of Edapalli North and South, Vazhakulam Thrikkunnapuzha and Kalloopara.

(*b*) whether any land revenue is collected from the said pakuthies by the Government;

(*c*) under what authority does the Edapalli Chief collect tax from owners in the said pakuthies;

(*d*) does the Edapalli Chief pay the tax he collects to the Government;

(*e*) does the Edapalli Chief collect paddy tax in kind or at the commutation rate of 11 chuckrams per para;

(*f*) does the Government realise Agricultural income tax from the land-holders of the said pakuthies; and

(*g*) whether the tenants holding lands in these pakuthies are the lesees of the Edapalli Chief?

Minister for Revenue **(Shri A. Chidambaranatha Nadar) :**

(*a*) No; except from small portions of Vazhakulam and Kalloopara Pakuthies.

(*b*) Land Revenue is collected in respect of some small portions mentioned in answer to (a).

(*c*) Under the Estates Rent Recovery Act IV of 1068.

(*d*) No.

(*e*) Paddy tax in Thrikkunnapuzha, Vazhakulam and Edapalli North and South Pakuthies is liable to be paid entirely in kind. In Kalloopara Pakuthi one half of the paddy tax is to be paid at 6 chuckrams per para of paddy and the other half in kind. In the case of paddy tax liable to be paid in kind, what is actually realised is the value of paddy at the commutation rate fixed by the Government. This was fixed at Rs. 1-13-6 pies.

(*f*) Yes.

(*g*) They are pattadars of their holdings paying tax to the Chief as per pattahs issued to them by the Settlement Department.

Oodukur Settlement.

✻ 1014. [43] **Shri M. William :** Will the Minister for Land Revenue be pleased to state:

(*a*) when was the Oodukur settlement operations started in Vilavancode, Kalkulam and Neyyattinkara taluks;

(*b*) how many cases have been disposed of till the end of April 1952;

(*c*) how many cases are still pending;

(*d*) how long will it take to dispose of the cases;

(*e*) what is the reason for such inordinate delay.

(*f*) have the Government received representations from the public that a few more party officers possessed of legal knowledge and a few more supervisors and accountants should be appointed to speed up the work; and

(*g*) have the Government considered the representation?

Minister for Revenue **(Shri A. Chidambaranatha Nadar):**

(*a*) 1-1-1124.
(*b*) 19,390 cases.
(*c*) 45,425 cases.
(*d*) Not possible to say now.
(*e*) The reason for the delay is being investigated.
(*f*) Yes.
(*g*) The matter is under consideration of Government.

പഞ്ചായത്തുകൾ.

✻ ൧൦൧൫. [൪൭] ശ്രീ. കെ. പി. പ്രഭാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പു മന്ത്രി സദയം മറുപടി പറയുമോ :

(എ) പുതുതായി തെരഞ്ഞെടുക്കുന്ന പഞ്ചായത്തുകൾക്ക് ഇന്നുള്ള പഞ്ചായത്തുകളെക്കാൾ വിപുലമായ അധികാരങ്ങൾ ഉണ്ടായിരിക്കുമോ ;

(ബി) ഉണ്ടെങ്കിൽ എന്തെല്ലാം ?

തദ്ദേശസ്വയംഭരണവകുപ്പു മന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ):

(എ) ഉണ്ടായിരിക്കും.

(ബി) പഞ്ചായത്ത് ആക്ടിലെ ൪൩-ം ൪൪-ം വകുപ്പുകൾ നോക്കിയാൽ കാണാവുന്നതാണ്.

വെള്ളക്കരം.

✻ ൧൦൧൬. [൫൦] ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി ദയവായി ഉത്തരം പറയുമോ :

(എ) തെക്കൻ തിരുവിതാംകൂറിൽ കോതയാർ അണക്കെട്ടിൽ നിന്നു കൃഷിക്ക് വെള്ളം തിരിച്ചുകൊടുക്കുന്നതിനു വെള്ളക്കരം ഏക്കറിന് എന്തു തോതിലാണ് വസൂലാക്കുന്നത് ;

(ബി) ൧൱൫൦-൫൧ ഈ വർഷങ്ങളിൽ വെള്ളക്കരം വകയിൽ തെക്കൻ തിരുവിതാംകൂറിൽ നിന്നും ഗവണ്മെൻറിലേയ്ക്കു എന്തു വസൂലായിട്ടുണ്ട്;

(സി) വെള്ളക്കരം നിറുത്തൽ ചെയ്യണമെന്നു കാണിച്ച് ഗവണ്മെൻറിലേക്ക് എന്തെങ്കിലും നിവേദനം കിട്ടിയിട്ടുണ്ടോ ?

(ഡി) ഉണ്ടെങ്കിൽ അതിന്മേൽ എന്തു നടപടി എടുത്തു ?

മരാമത്തും ഗതാഗതവും വകുപ്പു മന്ത്രി (ശ്രീ. കളത്തിൽ വേലായുധൻ നായർ):

(എ) (൧) ജലസേചനപദ്ധതിപ്രകാരമുള്ള വെള്ളം എറച്ചു കയററിപ്രയോജനപ്പെടുത്തുന്ന നിലങ്ങൾക്ക് ഒരു ഏക്കറിന് ൨ ൧ ചക്രം.

(൨) അടിസ്ഥാനനികുതി ഏർപ്പെടുത്തത്താ നിലങ്ങൾക്ക് ഏക്കറിന് ഒരു (തിരുവിതാംകൂർ) രൂപ.

(൩) അടിസ്ഥാനനികുതി ഉള്ള നിലങ്ങൾക്ക് ഏക്കറിന് രണ്ടു തിരുവിതാംകൂർ രൂപ.

(൪) പുരയിടം നിലമാക്കി കോതയാർ അണയിലെ ജലം എറച്ചു കയററി പ്രയോജനപ്പെടുത്തുന്ന ഭൂമിക്ക് ഏക്കറിന് മൂന്നു (തിരുവിതാംകൂർ) രൂപാ എട്ടുചക്രം.

(൫) മററു തരത്തിൽ ഉള്ള ഭൂമി നിലമാക്കുന്നതിന് ഏക്കറിന് ഏഴ (തിരുവിതാംകൂർ) രൂപ.

(ബി) ക. ൨ ൩ ൪ ൧ ൨ ൫-൧ ൦-൧.

(സി) ഉണ്ട്.

(ഡി) അന്വേഷണം നടത്തി-വെള്ളക്കരം നിറുത്തൽചെയ്യേണ്ടാ എന്നു തീരുമാനിച്ചു.

Transfer of Teachers.

* 1017. [52] **Shri T. S. Ramaswami:** Will the Minister for Education be pleased to state:

(*a*) the number of teachers transferred in the elementary, and middle school sections in the Trivandrum Division within the last two months.

(*b*) the number of retransfers within this period ; and

(*c*) the principle under which these transfers are made ?

Chief Minister (**Shri A. J. John**) :

(*a*) 439.

(*b*) 1.

(*c*) The claims of persons of the following categories were considered: —

(1) Those who are old and nearing retirement.

(2) Those who were in distant places and subjected to handship resulting from frequent transfers.

(3) Young married women of the locality stationed infar away places.

(4) Persons whose husbands or wives are staying here.

(5) Those who are in far-away schools on promotion.

(6) Perference was given to lady teachers when other considerations were equal.

Therur Housing Scheme.

※ 1018. [53] **Shri T. S. Ramaswami**: Will the Minister for Local Self Government be pleased to state the names of persons for whom houses are allotted in the Theroor Housing Scheme ?

Minister for Local Self Government **(Shri K. Kochukuttan)**:

1. Sry. Saraswati Ammal.
2. „ Janaky Pillai.
3. „ C. N. Kamalamma.
4. Sri A. Velukutty.
5. „ M. Subbian Pillai.
6. „ Annamalai Pillai.
7. Sry. Appi.
8. Sri S. Ramakrishna Pillai,
9. „ Esakki Asari.
10. „ K. Subramonia Pillai.
11. „ K. Sreedharan.
12. „ M. Kaliam Pillai.
13. „ M. Pavanasam.
14. „ M. Azhakappa Pillai.
15. „ Enamuthu.
16. „ Vallikannu Thevar.
17. „ S. Subbia Pillai.
18. „ Muthu Pillai.
19. „ Velayudhan Asari.
20. „ Kandaswami Pillai.

Wet Lands.

※ 1019. [55] **Shri P. S. Nataraja Pillai**: Will the Minister for Land be pleased to state:

(*a*) the area of wet lands in Thovala taluk classified as Sri Pandaravaga in the Settlement Register; and

(*b*) the area of wet lands in Thovala taluk from which Sri Pandaravaka tax is realised ?

Minister for Revenue **(Shri A. Chidambaranatha Nadar)**:

(*a*) 484 acres 91 cents 132½ Sq. links.

(*b*) 210 acres 57 cents 390½ Sq. links.

Gazetted Officers belonging to the Scheduled castes.

※ 1020. [63] **A. Samraj**: Will the Chief Minister be pleased to state:

(*a*) whether there are any Gazetted Officers from among the Scheduled Castes in the State.

(*b*) If so how many ?

(*c*) if not, whether it is due to lack of qualified men in these communities.

Chief Minister **(Shri A. J. John)** :

(*a*) Yes.

(*b*) Two.

(*c*) The question does not arise.

തെങ്ങുരോഗം.

❋ ൧൦൨൧. [൭൪] ശ്രീ. കെ. കുട്ടപ്പൻ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി പറയുമോ :

(എ) തിരുവിതാംകൂർ-കൊച്ചിയിൽ അത്യധികമായി ബാധിച്ചു വരുന്ന തെങ്ങുരോഗം മാററുന്നതിനു സക്കാരിൽ നിന്നും വല്ലതും ചെയ്യുന്നുണ്ടോ ?

(ബി) ഉണ്ടെങ്കിൽ അവ എന്താണ് ? അവ പ്രായോഗികമാക്കിയ പ്രദേശങ്ങൾ ഏതെല്ലാം ?

മുഖ്യമന്ത്രി (ശ്രീ. ഏ. ജെ. ജാൺ) :

(എ) ഉണ്ട്.

(ബി) രോഗബാധിതമായ തെങ്ങുകളിൽ വേണ്ടതക്ക ഔഷധങ്ങൾ സ്പ്രേ ചെയ്യുന്നതിനു ഇൻഡ്യൻ കോക്കനട്ട് കമ്മിററിയുടെ ഒരു പദ്ധതിയുണ്ട്. ഉദ്ദേശം ൫൦൦൦൦ തെങ്ങുകൾ വീതം കഴിഞ്ഞ മൂന്നു വർഷങ്ങളായി സ്പ്രേ ചെയ്തു വരികയാണ്. തെങ്ങിൻതോട്ടങ്ങളിൽ വളം ചെയ്യുന്നതിലും സ്പ്രേ ചെയ്യുന്നതിലും കർഷകൎക്കു വേണ്ട സഹായസഹകരണങ്ങൾ കൃഷിഡിപ്പാർട്ടുമെൻറിലെ ഉദ്യോഗസ്ഥന്മാർ കമ്മിററിയുമായി സഹകരിച്ച് നൽകിവരികയാണ്. രോഗബാധിതമായ പ്രദേശങ്ങളിലേക്ക് ഉപയുക്തമായി Muriate of potash പച്ചിലവളത്തിനായി Sunhemp വരുത്തി വിതരണം നടത്തുന്നതിനു വേണ്ട നടപടികൾ എടുത്തിട്ടുണ്ട്. യഥാകാലം സ്പ്രേ ചെയ്യുന്ന ജോലിക്കായി കൃഷിഡിപ്പാർട്ടുമെൻറിൽനിന്നു ൫൦ സ്പ്രേയറുകൾ വരുത്തിയിട്ടുണ്ട്. മററു പ്രദേശങ്ങളെ അപേക്ഷിച്ചു മദ്ധ്യതിരുവിതാംകൂറിൽ പ്രത്യേകിച്ചു കരുനാഗപ്പള്ളി, കാത്തികപ്പള്ളി, മാവേലിക്കര, അമ്പലപ്പുഴ, തിരുവല്ലാ, ചങ്ങനാശേരി, കോട്ടയം മുതലായ തെങ്ങുരോഗങ്ങൾക്ക് കഠിനമായി വിധേയമായ താലൂക്കുകളിൽ പ്രസ്തുത പ്രതിരോധനപ്രയോഗങ്ങൾ പ്രചാരത്തിലായിട്ടുണ്ട്.

Registry of Lands.

❋ 1022. [75] **Shri James Tharayil:** Will the Minister for Revenue be pleased to state :

(*a*) has the attention of Government been drawn to the concessional registries under rule 30 of Puduval Rules are freely alienated;

(*b*) whether Government have received in 1950 complaints against such alienation in Shertallai taluk, Thannirmukkom pakuthi; and

(*c*) what action has been taken on such complaints ?

Minister for Revenue (**Shri A. Chidambaranatha Nadar**) :

(*a*) No. There are a few cases of such alienations.
(*b*) Yes.
(*c*) Steps are being taken to cancel the registries.

എസ്സ്. എസ്സ്. എൽ. സി. പരീക്ഷ.

* ൧൦൨൩. [൧ൻ] ശ്രീ. എം. സി. മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈയാണ്ടത്തെ എസ്സ്. എസ്സ്. എൽ. സി. പരീക്ഷയിൽ എത്ര ശതമാനം വിജയമുണ്ടായി ;

(ബി) അസിസ്റ്റൻറ് എക്സാമിനേഴ്സിനു പരീക്ഷ കടലാസ്സ് നോക്കുന്നതിനു കൊടുത്തപ്പോൾ ഏതെങ്കിലും കുറഞ്ഞ ശതമാനം ജയിക്കത്തക്കവണ്ണം മാർക്കിടണമെന്ന് വല്ല നിർദ്ദേശവും നൽകിയിരുന്നോ ;

(സി) പരീക്ഷയിൽ ജയിച്ചവരുടെ ശതമാനം വർദ്ധിപ്പിക്കുന്നതിനുവേണ്ടി മാർക്ക് കൂട്ടിയിട്ടിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ അതിനു കാരണമെന്ത്?

മുഖ്യമന്ത്രി (ശ്രീ. ഏ. ജെ. ജാൺ)

(എ) ൫൦ൻ.
(ബി) ഇല്ല.
(സി), ഡി. ജയിച്ചവരുടെ ശതമാനം വർദ്ധിപ്പിക്കാൻ വേണ്ടി മാർക്ക് കൂട്ടിയിട്ടില്ല. എന്നാൽ വിജയം നിർണ്ണയിക്കുന്നതിനു പബ്ലിക്ക പരീക്ഷകളിൽ മാർക്കുകളുടെ ക്രമീകരണം (moderation) ആവശ്യമാകും. ഈ സംഗതി പരീക്ഷാബോർഡിൻെറ അധികാര പരിധിയിൽപ്പെടുന്ന രഹസ്യമാണ്.

Starred Questions posted for Answer on 5-7-1952.

തൃശ്ശിവപേരൂർ ട്രഷറി.

* ൧൦൨൮. [൨ൻ] ശ്രീ. സി. അച്യുതമേനോൻ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് റെവന്യൂവകുപ്പുമന്ത്രി ദയവായി മറുപടി പറയുമോ :

(എ) തൃശ്ശിവപേരൂർ ട്രഷറിയിൽ എത്ര കാഷിയർമാർ ഉണ്ട് ;
(ബി) കാഷിയർമാരുടെ കുറവുകൊണ്ട് ട്രഷറിയിൽ നിന്നും പണം കിട്ടേണ്ടവർക്ക് വളരെ താമസം വരുന്നു എന്ന് പരാതി ലഭിച്ചിട്ടുണ്ടോ ;

(സി) ഇക്കഴിഞ്ഞ ജൂൺ ൧൦ാം നു വളരെ നേരം കാത്തു അക്ഷമരായ കുറെ പെൻഷ്യൻകാരും മററും കൂടി തൃശ്ശൂർ ഡിസ്ത്രിക്ട് കളക്ടരുടെ അടുത്ത് ഒരു നിവേദനം നടത്തിയതു ഗവണ്മെൻറിൻെറ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

(ഡി) കാഷിയർമാർ പോരെന്നും കൂടുതൽ ആളുകളെ നിയമിക്കണമെന്നും കളക്ടർ ഗവണ്മെൻറിലേക്ക് എഴുതുകയുണ്ടായിട്ടുണ്ടോ;

(ഇ) പൊതുജനങ്ങൾക്ക് അസൗകര്യങ്ങൾ ഇല്ലാതാക്കിത്തീർക്കാൻ ഗവണ്മെൻറ് എന്ത് നടപടി നടത്താൻ ഉദ്ദേശിക്കുന്നു ?

റവന്യൂ വകുപ്പു മന്ത്രി (ശ്രീ. എ. ചിദംബരനാഥ നാടാർ):

(എ) രണ്ടു് കാഷിയർമാർ ഉണ്ടു്. അതിൽ ഹെഡ്കാഷിയറിനു ൭൦-൧൨-൦ രൂപയും, അസിസ്റ്റൻറു് കാഷിയറിനു് ൪൫-൧൫ രൂപയും വീതമാകുന്നു.

(ബി) ഇല്ല.
(സി) ഇല്ല.
(ഡി) ഇല്ല.
(ഇ) ട്രഷറികളെ റീ ഓർഗനൈസ്‌ ചെയ്യുന്ന കാര്യം ഗവണ്മെൻറിൻെറ ആലോചനയിൽ ഇരിക്കുന്നു.

വൈപ്പിൻ ദ്വീപിലെ ശുദ്ധജലം.

❋ ൧൦൨൫. [൩൦] ശ്രീ. എ. എൽ. ജേക്കബ്ബ്: താഴെ പറയുന്ന ചോദ്യങ്ങൾക്കു് മരാമത്തും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ:

(എ) വൈപ്പിൻദ്വീപിലെ ജനങ്ങൾക്കു് ശുദ്ധജലം കിട്ടാതെ വിഷമിക്കുന്ന വിവരം ഗവണ്മെൻറിൻെറ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്തു് പരിഹാരനടപടികളാണു് ഗവണ്മെൻറു് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതു്?

മരാമത്തും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. കളത്തിൽ വേലായുധൻ നായർ):

(എ) ഉണ്ടു്.
(ബി) ഇപ്പോൾ എൽ. സി. ടി. കൾ വഴിയാണു് ഈ സ്ഥലങ്ങളിൽ ശുദ്ധജലം എത്തിക്കുന്നതു്. ഈ ഏർപ്പാടു് കുറച്ചു കാലത്തേക്കു് കൂടി തുടർന്നു പോകേണ്ടി വരും. വൈപ്പിൻകരയിലും പറവൂർ വടക്കേക്കര മുതലായ തീരപ്രദേശങ്ങളിലും കുഴൽവെള്ളം നൽകുന്നതിനു് ഒരു പദ്ധതി ഗവണ്മെൻറിൻെറ ആലോചനയിൽ ഉണ്ടു്. ഈ പദ്ധതിയുടെ ഇൻവെസ്റ്റിഗേഷൻ നടന്നുവരുന്നതും അടുത്തുതന്നെ എസ്റ്റിമേററുകൾ തയ്യാറാകുന്നതുമാണു്.

കടലാക്രമണം.

❋ ൧൦൨൬. [൬൨] ശ്രീ. കെ. കുട്ടപ്പൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് മരാമത്തുവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃക്കുന്നപ്പുഴ പല്ലന ഈ പ്രദേശങ്ങളിൽ തുടർച്ചയായി ഉണ്ടായിക്കൊണ്ടിരിക്കുന്ന കടലാക്രമണത്തിൽ നിന്നും തീരപ്രദേശവാസികളെ രക്ഷിക്കുന്നതിനു വേണ്ട രക്ഷാമാർഗ്ഗങ്ങളുണ്ടാക്കണമെന്നു് പ്രസ്തുത ദേശവാസികളായ പൌരന്മാർ ആവശ്യപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിനു് എന്തു നടപടി നടത്തി?

മരാമത്തും ഗതാഗതവും വകുപ്പു മന്ത്രി (ശ്രീ. കളത്തിൽ വേലായുധൻ നായർ):

(എ) ഉണ്ടു്.

(ബി) ഈ നാശത്തെ നിവാരണം ചെയ്യാൻ പര്യാപ്തമായ ഒരു പദ്ധതിയും പ്രയോഗത്തിൽ വരുത്തിയിട്ടില്ല.

Water Supply in Mattancherry.

*** 1027 [71] Shri L. M. Pylee:** Will the Minister for Works be pleased to state:

(*a*) Whether Government's attention has been drawn to the shortage of water supply in Mattancherry and the acute distress it causes to the people of that town.

(*b*) The reason for this shortage of supply.

(*c*) Whether Government intend to take the necessary steps to make the supply sufficient.

(*d*) If so, what are these steps and when will they materialise.

Minister for Works and Transport **(Shri Kalathil Velayudhan Nair):**

(*a*) Yes.

(*b*) The existing equipment of Chowwara and Alwaye pumping stations can supply only 19 lakhs gallons of water per day and this is not sufficient to meet the present demand.

(*c*) Yes. A scheme to augment the supply has already been sanctioned and the work is being attended to.

(*d*) (1) Laying a 12" duplicate pipe line.

(2) Increasing the number of filter beds at Chowwara.

(3) Installing additional pumping sets at Kalamasserry, Pachalam, Perumanoor and Thopumpady.

(4) Installing additional pump sets at Chowwara.

These works are expected to be completed in the course of two years.

ഷട്ടിൽ സവ്വീസ്.

* ൧൦൨൮. [൧൮] ശ്രീ. ജെയിംസ് തറയിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം-ഏറ്റുമാനൂരായി ഒരു ഷട്ടിൽ സർവ്വീസ് നടത്തണമെന്ന് ഗവണ്മെൻറിലേയ്ക്ക് നിവേദനം ലഭിച്ചിട്ടുണ്ടോ;

(ബി) അതനുസരിച്ച് ഷട്ടിൽ സർവ്വീസ് നടപ്പിൽ വരുത്തുന്നതിന് പ്രത്യേക കാരണങ്ങൾ വല്ലതും ഉണ്ടോ?

മരാമത്തും ഗതാഗതവും വകുപ്പു മന്ത്രി (ശ്രീ. കളത്തിൽ വേലായുധൻ നായർ):

(എ) ഉണ്ട്.

(ബി) കോട്ടയം-ഏറ്റുമാനൂർ ഷട്ടിൽ സർവ്വീസ് ഇപ്പോൾ നടത്തുന്നുണ്ട്.

Under-trial Prisoners

❋ 1029. [81] **Shri C. K. Kumara Panicker:** Will the Minister for Home Affairs be pleased to state:

(a) Whether the under-trial political prisoners are allowed daily papers in the Alleppey, Sub-jail; If not why ?

(b) whether recently Govennment discontinued supplying them with civil dress, smoking and chewing facilities; if so why ?

Minister for Home Affairs (**Shri T. M. Varghese**):

(a) There are no under-trial political prisoners in the Subjail, Alleppey at present. Newspapers are not generally allowed to such prisoners.

(b) Only standard type of cloth manufactured in the Jail Manufactory is being supplied to the prisoners in the Sub-jails also. However, the under-trial prisoners in the Sub-jails who are willing to have their own clothing are allowed to have the same if they desire so. Under-trial prisoners are not supplied with smoking or chewing materials.

Bus Accidents.

❋ 1030. [83] **Shri K. Bhanu:** Will the Minister for Works and Transport be pleased to state:

(a) the number of State Transport bus accidents for the year 1951—52;

(b) the number of persons involved in such accidents and whether any case proved fatal;

(c) if so the number ?

Minister for Works and Transport (**Shri Kalathil Velayudhan Nair**):

(a) 228.

(b) This information is not available since injuries caused are either negligible or slight in most of the accidents. 3 cases proved fatal.

(c) Three.

ബോട്ടപകടങ്ങൾ.

❋ ൧൦൩൧. [൮൯] ശ്രീ. റ്റി. വാസുദേവൻപിള്ള: താഴെ പറയുന്ന ചോദ്യങ്ങൾക്ക് മരാമത്തും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ:

(എ) വേമ്പനാട്ടുകായലിൽ ൧൯൫൦-൧൯൫൧ ഈ വർഷങ്ങളിൽ എത്ര ബോട്ടപകടങ്ങൾ ഉണ്ടായതായി റിപ്പോർട്ടു ചെയ്യപ്പെട്ടിട്ടുണ്ട്.

(ബി) ഇതിൽ ഓരോ കേസിലും ബോട്ടപകടം ഉണ്ടാകാനുള്ള കാരണത്തെപ്പറ്റി അന്വേഷണം നടത്തിയിട്ടുണ്ടോ;

(സി) ബോട്ടപകടം സംഭവിച്ചാൽ യാത്രക്കാർക്ക് അഭയം നൽകുന്നതിന് പ്രായോഗിക പദ്ധതികൾ നിഷ്കർഷയായി നിർദ്ദേശിക്കപ്പെട്ടിട്ടുണ്ടോ?

മരാമത്തും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. കളത്തിൽ വേലായുധൻ നായർ):

(എ) ൨൮.

(ബി) ഉണ്ട്.

(സി) ഉണ്ട്. ബോട്ടുകളിൽ ലൈഫ് ബോയികൾ വച്ചിട്ടുണ്ട്.

മോട്ടോർ അപകടങ്ങൾ.

* ൧൦൩൨. [൯൦] ശ്രീ. എ. വാസുദേവൻപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരകാര്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ൧൯൫൧-ൽ എത്ര മോട്ടോർ അപകടങ്ങൾ (Motor accidents) ഉണ്ടായതായി റിപ്പോർട്ടു ചെയ്യപ്പെട്ടിട്ടുണ്ട്

(ബി) അപകടങ്ങൾ കുറയുന്നതിനു നിയന്ത്രണ നടപടികൾ നിഷ്കർഷിച്ചു വരുന്നുണ്ടോ?

ആഭ്യന്തരകാര്യ മന്ത്രി (ശ്രീ. ടി. എം. വർഗ്ഗീസ്):

(എ) ൫൧൩.

(ബി) ഉണ്ട്.

Starred Questions Posted for Answer on 7-7-1952.

കുടിയിറക്കുകൾ.

* ൧൦൩൩. [൩൮] ശ്രീ. എം. പി. വർഗീസ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് റവന്യൂവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ-കൊച്ചിയിൽ റോഡുകളുടെ ആവശ്യത്തിനായി തിരിച്ചിട്ടിരിക്കുന്ന സ്ഥലങ്ങളിൽ കുടിയേറി താമസിക്കുന്ന സാധുക്കളെ കുടിയിറക്കുന്നതു് സംബന്ധിച്ച് എന്തെങ്കിലും പൊതുനയം ഗവൺമെൻറിൽ നിന്നും സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്താണ്.

(സി) ആലുവാ—മൂന്നാർ റോഡിൻെറ ഇരുവശങ്ങളിലും താമസിക്കുന്ന സാധുക്കളെ കുടിയിറക്കുവാനുള്ള ഗവൺമെൻറിൻെറ ഇപ്പോഴത്തെ ശ്രമം മേൽപ്പടി സ്ഥലങ്ങളെ മാത്രം ബാധിക്കുന്നതാണോ;

(ഡി) റോഡിൻെറ ആവശ്യത്തിനായി തിരിച്ചിട്ടിരിക്കുന്ന സ്ഥലങ്ങളിൽ താമസിക്കുന്നവരിൽ ബഹുഭൂരിപക്ഷവും സ്വന്തം സ്ഥലമില്ലാത്തവരാണോ;

(ഇ) റോഡരികിൽ താമസിക്കുന്ന സാധുക്കളെ കുടിയിറക്കുന്നതിനു മുൻപ് അവർക്ക് താമസിക്കുന്നതിന് മറ്റെതെങ്കിലും സ്ഥലം സമ്പാദിച്ചു കൊടുക്കുവാൻ ഗവൺമെൻറിൽ നിന്നും ഉദ്ദേശിക്കുന്നുണ്ടോ?

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. എ. ചിദംബരനാഥ നാടാർ):

(എ) ഉണ്ട്.
(ബി) നിയമപ്രകാരമുള്ള നടപടികൾ എടുക്കാറുണ്ട്.
(സി) അല്ല.
(ഡി) അറിഞ്ഞുകൂടാ.
(ഇ) നിവൃത്തിയുള്ളിടത്തോളം ഉണ്ട്.

Doctors.

* **1034.** [37] **Shri R. Kesava Pillai :** Will the Minister for Medicine and Public Health be pleased to state:

(*a*) the criterion on which more doctors are appointed in the hospitals of the State;

(*b*) the number of hospitals, except in the District Hospitals, where there is more than one doctor ?

Minister for Medicine and Public Health **(Shri V. Madhavan):**

(*a*). The volume and the nature of work in the institution.

(*b*) 40 Hospitals.
3 Dispensaries.
1 T. B. Clinic,
1 T. B. Centre.

Hospital at Cape, etc.

* **1035.** [41] **Shri T. S. Ramaswami:** Will the Minister for Medicine and Public Health be pleased to state:

whether the Government have any proposal for converting the present hospital at Cape Comorin into a full time hospital and of opening full time hospital with beds at Azhagappapuram, Thengamputhur, Thamarakulam Kudiyiruppu in Agastisvaram Taluk and Darisanamcope in Thovala Taluk.

Minister for Medicine and Public Health **(Shri V. Madhavan):**
No.

രാഷ്ട്രീയ യാതനക്കാർക്ക് ഭൂമിപതിവ്.

* ൧൦൩൬. [൪൨] ശ്രീ. പി. രവീന്ദ്രൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് റവന്യൂവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) രാഷ്ട്രീയ യാതനക്കാർക്ക് ഭൂമി പതിച്ചുകൊടുക്കുന്ന സമ്പ്രദായം ഗവണ്മെന്റ് ഇപ്പോഴും തുടരുന്നുണ്ടോ;

(ബി) മീനാട്ട പകുതിയിൽ കല്ലുവാതുക്കലുള്ള റിസർവ് ഭൂമി യാതനക്കാർക്ക് പതിച്ചു കൊടുക്കുവാൻ ഗവണ്മെന്റ് ഉദ്ദേശിക്കുന്നുണ്ടോ;

റവന്യൂവകുപ്പുമന്ത്രി (ശ്രീ. എ. ചിദംബരനാഥനാടാർ):

(എ) ഇല്ല.

(ബി) മീനാട്ട പകുതിയിൽ കല്ലുവാതുക്കലുള്ള റിസർവ് ഭൂമിയിൽ നിന്നും ൫൦ ഏക്കറോളം സ്ഥലം യാതനക്കാർക്ക് പതിച്ചു കൊടുക്കുവാൻ ഉത്തരവായിട്ടുണ്ട്.

வீடில்லாதவருக்கு நிலம்

*1037. [48] ஸ்ரீ. கணபதி: கீழ்காணும் கேள்விகளுக்கு கனம் ரெவன்யூவகுப்பு மந்திரி தயை கூர்ந்து விடை நல்குவாரா?

(எ) தேவிகுளம் தாலுகாவில் ஒரு வருஷத்திற்கு முன்பே கண்ணன்—தேவன் கம்பெனியிலிருந்து சர்க்கார், வீடு இல்லாதவர்களுக்கு வினியோகம் செய்யவேண்டும் என்று எத்தனை ஏக்கர் நிலத்தை எடுத்திருக்கிறது;

(பி) அது சம்பந்தமாக சர்க்கார் என்ன நடவடிக்கை எடுத்திருக்கிறது?

(ஸி) எவ்வளவு நாட்களுக்குள் அந்த நிலங்களை சர்க்கார் வினியோகம் செய்ய ஏற்பாடு செய்யும்?

ரெவன்யூ இலாகா மந்திரி (ஸ்ரீ. எ. சிதம்பரநாத நாடார்):

(எ) அந்த காரியத்திற்காக ஒரு நிலமும் எடுக்கவில்லை.

(பி)&(ஸி) (எ) பகுதியின் பதிலை சார்ந்து, இந்த கேள்விகளுக்கு இடமே இல்லை.

വായനശാലകളും പയൽസ്കൂളുകളും.

* ൧൦൩൮. [൫൦] ശ്രീ. എ. വാസുദേവൻപിള്ള: താഴെ പറയുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) ൧൧൫൦—ൽ പിന്നോക്കസമുദായോദ്ധാരണ കമ്മീഷണരുടെ നേരിട്ടുള്ള നിയന്ത്രണത്തിൻകീഴിൽ എത്ര വായനശാലകളും നിശാപാഠശാലകളും പയൽസ്കൂളുകളും ഉണ്ടായിരുന്നു.

(ബി) പ്രസ്തുത ഡിപ്പാർട്ടുമെൻറദ്ധ്യക്ഷന് ആവശ്യമുള്ള പുതിയ വായനശാലകൾ അനുവദിക്കാൻ അധികാരമുണ്ടോ?

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ):

(എ) ൩൧ വായനശാലകളും ൪൩ നിശാപാഠശാലകളും ൨൪ പയൽസ്കൂളുകളും ഉണ്ടായിരുന്നു.

(ബി) ഇല്ല.

Survey and Settlement.

*1039. [51] **Shri O. C. Ninan**: Will the Minister for Revenue be pleased to state:

(a) what is the total extent of land subdivided and demarcated for the G. M. F. Scheme in 1951;

(b) Were any lands demarcated and sub divided for the purpose in Kallooppara and Ezhumattoor Pakuthies in the Thiruvalla taluk; what is the extent thus demarcated?

Chief Minister **(Shri A. J. John):**

(*a*) Forest land: 685 acres.

(*b*) Nil.

Starred Questions Posted for Answer on 8-7-1952.

കയർഫാക്ടറി സ്റ്റാഫിൻെറ പിരിച്ചുവിടൽ.

* ൧൦൪൦. [൩൧] ശ്രീ. ആർ. സുഗതൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി ദയവായി ഉത്തരം പറയുമോ?

(എ) വ്യവസായ മാന്ദ്യത്തിൻെറ പേരും പറഞ്ഞു പത്തും ഇരുപതും കൊല്ലത്തോളം സർവ്വീസുള്ള കയർഫാക്ടറി സ്റ്റാഫിനെ ആലപ്പുഴ ഈസ്റ്റേൺ പ്രോഡ്യൂസ്, വില്യംഗുഡേക്കർ, എന്നീ കമ്പനികളിൽ നിന്നു പിരിച്ചുവിട്ടതായി ഗവണ്മെൻറിലേക്ക് പരാതി കിട്ടിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിന്മേൽ ഗവണ്മെൻറ് എന്തു നടപടികൾ എടുത്തുവെന്നു പറയുമോ?

ധനകാര്യവും സിവിൾസപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) ഉണ്ട്

(ബി) ഇതിനെപ്പററി അന്വേഷണം നടത്തി വേണ്ട നടപടികൾ എടുത്തു വരുന്നുണ്ട്.

കമ്മ്യൂണിററി പ്രോജക്ട്.

* ൧൦൪൧. [൪൩] ശ്രീ. ററം. എൻ. ഗോവിന്ദൻ നായർ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി ദയവായി ഉത്തരം പറയുമോ;

(എ) കമ്മ്യൂണിററി പ്രോജക്ട് നടപ്പാക്കുന്നതിനുവേണ്ടി തിരുവിതാംകൂർ-കൊച്ചി തിരഞ്ഞെടുത്തിട്ടുള്ള രണ്ടുകേന്ദ്രങ്ങളിലേയും വ്യാവസായികവും കാർഷികവുമായ വികസനത്തിനു ഈ ഗവണ്മെൻറിനു എന്തെങ്കിലും പദ്ധതികളുണ്ടായിരുന്നോ;

(ബി) ഉണ്ടായിരുന്നെങ്കിൽ എന്ത്;

(സി) മേൽ പറഞ്ഞ രണ്ടു കേന്ദ്രങ്ങൾ തിരഞ്ഞെടുത്തതിനുശേഷം എന്തെങ്കിലും വികസനപദ്ധതികൾ ഈ ഗവണ്മെൻറ ആസൂത്രണം ചെയ്തിട്ടുണ്ടോ;

(ഡി) ഈ പദ്ധതിക്കു വേണ്ടി ഈ ഗവണ്മെൻറിൽ നിന്നും എത്ര ശതമാനം ചെലവു വഹിക്കേണ്ടതായുണ്ട്.

(ഇ) സാങ്കേതിക സഹായം നൽകുന്നതിനു ഇവിടെ എത്തുന്ന അമേരിക്കാക്കാരെ നമ്മുടെ കോടതികളിൽ നിന്നും നിയമങ്ങളിൽ നിന്നും ഒഴിവാക്കപ്പെട്ടിട്ടുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. എ. ജെ. ജാൺ):

(എ) ഉവ്വ്.

(ബി) നെയ്യാററിൻകര—വിളവംകോട്, നെയ്യാർ ജലസേചന പദ്ധതി കുന്നത്തുനാട്—ചാലക്കുടി, ചാലക്കുടി ജലസേചന പദ്ധതി.

(സി) പദ്ധതികൾ ആലോചനയിൽ ഇരിക്കുകയാണ്.

(ഡി) കമ്മ്യൂണിററി പ്രോജക്റ്റിനെ സംബന്ധിച്ചുള്ള ചെലവുകൾ താഴെ പറയുന്ന വിധത്തിലാണ് വഹിക്കുന്നതു്;

(൧) വിദേശ കറൻസിയിലുള്ള ചെലവുകൾ ഇൻഡോ യു. എസ്സ്. ടെക്കനിക്കൽ കോർപ്പറേഷൻ ഫണ്ടിൽ നിന്നും.

(൨) സ്വയം ധനസഹായം ചെയ്യാവുന്ന പ്രോജക്ടറു കളിലെ അംഗീകരിച്ച പദ്ധതികൾക്കു വേണ്ട ധനം ഇൻഡ്യാഗവണ്മെൻറിൽ നിന്നും കടമായിട്ടും.

(൩) മേൽ രണ്ടിൽ പറയുന്നതല്ലാത്ത പദ്ധതികൾ താഴെ വിവരിക്കുന്ന പ്രകാരമാണ്.

ആവർത്തിക്കാത്ത ചെലവ് ഇൻഡ്യാഗവണ്മെൻറ ൭൫ ശതമാനം.	ആവർത്തിക്കുന്ന ചെലവ് ആദ്യ വർഷം ഇൻഡ്യാ ഗവണ്മെൻറ് ൭൫ ശതമാനം, സ്റ്റെയിററ് ൨൫ ശതമാനം.
സ്റ്റെയിററ് ഗവണ്മെൻറ ൨൫ ശതമാനം.	രണ്ടാം വർഷം ഇൻഡ്യാ ഗവണ്മെൻറ് ൫൦ ശതമാനം, സ്റ്റെയിററ് ൫൦ ശതമാനം മൂന്നാം വർഷം ഇൻഡ്യാ ഗവണ്മെൻറ് ൩൩ ൧/൩ ശതമാനം. സ്റ്റെയിററ് ൬൬ ൨/൩ ശതമാനം.

(ഇ) ഉവ്വ്.

കൃഷിക്കാർക്ക് ബോണസ്സ്.

* ൧൦൪൨. [൪൯] ശ്രീ. കെ. പി. പ്രഭാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പു മന്ത്രി സദയം മറുപടി പറയുമോ?

(എ) ഗവണ്മെൻറിലേക്ക് അളക്കുന്ന പാട്ടനെല്ലിന് പറക്ക് ൫ അണ വീതം കൃഷിക്കാർക്ക് ബോണസ്സ് കൊടുക്കാൻ നിശ്ചയിച്ചു് എവിടെയെങ്കിലും കൊടുത്തിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എവിടെയെല്ലാം? എത്ര സംഖ്യ?

ധനകാര്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദ മേനോൻ):

(എ) അങ്ങനെ ഒരു നിശ്ചയം ഉണ്ടായിട്ടില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

തുല്യജോലിക്ക് തുല്യശമ്പളം.

✻ ൧൦൪൩. [൧൯൨] ശ്രീ. പരീതു റാവുത്തർ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ?

(എ) അറബി ഭാഷാദ്ധ്യാപകന്മാർക്കും മററു ഭാഷാദ്ധ്യാപകന്മാർക്കും തുല്യശമ്പളസ്കെയിൽ തന്നെയാണോ ഇപ്പോഴും നിലവിലുള്ളതു്.

(ബി) അല്ലെങ്കിൽ അപ്രകാരം ഒരു വ്യത്യാസം വരുവാൻ കാരണമെന്തു്?

മുഖ്യമന്ത്രി (ശ്രീ. എ. ജെ. ജാൺ):

(എ) തിരുവിതാംകൂർ വിഭാഗ ിലെ മിഡിൽ സ്കൂളിൽ ഒഴിച്ചു് തുല്യശമ്പള സ്കെയിൽ തന്നെ.

(ബി) മുൻപേ തന്നെ നിലവിലിരിക്കുന്ന സ്കെയിലാണു്. ഇവ സമീകരിക്കാൻ നടപടി നടത്തുന്നുണ്ടു്.

Procurement of Paddy.

✻ 1044 [193] **Shri P. T. Thomas:** Will the Minister for Food be pleased to state:

(*a*) the amount of paddy procured by Government from Travancore-Cochin State during the years 1950 and 1951;

(*b*) what is the total amount of paddy required to give 12 oz. rice ration to all the citizens in the State;

(*c*) how many ounces of rice per head will the paddy procured from within the State give;

(*d*) what is the existing rate of procurement;

(*e*) whether Central Government has made any suggestions to this State about the abolition of paddy procurement within the State;

(*f*) if so what reply this Government has given; and

(*g*) whether this Government has considered the question of the abolition of paddy procurement within the State?

Minister for Finance and Civil Supplies. **(Shri Panampilli Govinda Menon):**

(*a*) 1950 - 1,34,45,638 paras.
1951 - 1,23,39,183 „

(b) about 22 crores 75 lakhs paras of paddy if it is assumed 12 oz. rice ration is issued to both adults and non-adults and that the offtake is cent per cent.

(c) 1 oz.

(*d*) Attention is invited to clause 3 of the paddy (Acquisition and Movement) Control Order 1951.

(*e*) No.

(*f*) Does not arise.

(*g*) No, but the question of effecting certain changes in the present procurement policy is engaging the attention of Government.

Starred Questions Posted For Answer on 9-7-1952.

പട്ടികവർഗ്ഗക്കാർ.

✽ ൧൦൪൭. [൪൭] ശ്രീ. കൊച്ചുകുഞ്ഞു്: താഴെ പറയുന്ന ചോദ്യങ്ങൾക്കു് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി പറയുമോ:

(എ) മെഡിക്കൽ കാളേജുപ്രവേശനത്തിനു പട്ടികവർഗ്ഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കു് സീററുസംവരണം ചെയ്തിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ അതിനു കാരണമെന്താണു്;

(സി) സീററുസംവരണം ചെയ്തിട്ടുണ്ടെങ്കിൽ എത്ര ശതമാനം സംവരണം ചെയ്തിട്ടുണ്ടു്?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. വി. മാധവൻ):

(എ) ഉണ്ടു്.

(ബി) ഉദിക്കുന്നില്ല.

(സി) പട്ടികജാതിക്കാർക്കും വിദ്യാഭ്യാസസൗജന്യം അർഹിക്കുന്ന സമുദായക്കാർക്കുമായി അറുപതുസീററിൽ അഞ്ചെണ്ണം സംവരണം ചെയ്തിട്ടുണ്ടു്.

ഭവനനിർമ്മാണം.

✽ ൧൦൪൮. [൪൮] ശ്രീ. സി. സി. അയ്യപ്പൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നല്കുമോ:

(എ) അധഃകൃതർക്കു വീടുണ്ടാക്കിക്കൊടുക്കുന്നതിനു ഗവൺമെൻറിനു വല്ല സ്കീമും ഉണ്ടോ;

(ബി) ഉണ്ടെങ്കിൽ കാളനികളിലോ ഗവൺമെൻറുസ്ഥലത്തോ താമസിക്കുന്ന എല്ലാവർക്കും അതനുസരിച്ചു വീടുണ്ടാക്കിക്കൊടുക്കാനുള്ള പദ്ധതി ഉണ്ടോ;

(സി) ഇല്ലെങ്കിൽ എങ്ങിനെയുള്ളവർക്കാണു് വീടുവച്ചു കൊടുക്കുക?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കൊച്ചുകുട്ടൻ):

(എ) ഉണ്ടു്.

(ബി) കാളനികളിലും ഗവൺമെൻറുസ്ഥലങ്ങളിലും താമസിക്കുന്ന അധഃകൃതർക്കു പ്രതിവർഷം ൧൦൦ വീടുവരെ ഉണ്ടാക്കിച്ചുകൊടുക്കുന്നതിനുള്ള ഒരു പദ്ധതി നടപടിയിലിരിക്കുന്നു.

(സി) ഈ ചോദ്യം ഉദിക്കുന്നില്ല.

ആയുർവ്വേദാശുപത്രിയും ഫാർമസിയും.

✽ ൧൦൪൯. [൪൯] ശ്രീ. കാമ്പിശ്ശേരിൽ കരുണാകരൻ: താഴെ പറയുന്ന ചോദ്യത്തിനു് മെഡിക്കൽവകുപ്പുമന്ത്രി സദയം മറുപടി നല്കുമോ:

തിരുവനന്തപുരം ആയുർവ്വേദാശുപത്രിയും ഫാർമസിയും കാളേജിൻെറ ഭരണത്തിൻകീഴിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. വി. മാധവൻ):

ഈ കാര്യം ഗവണ്മെൻറിൻെറ ആലോചനയിൽ ഇരിക്കുന്നു.

വാണിയർ സമുദായം.

* ൧൦൪൮. [൭൬] ശ്രീ. എം. എൻ. ഗോവിന്ദൻ നായർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി പറയുമോ:

(എ) ഒരു സമുദായത്തെ പിന്നാക്കസമുദായമായി പരിഗണിക്കുന്നതിൽ ഗവണ്മെൻറ് അംഗീകരിച്ചിട്ടുള്ള മാനദണ്ഡം എന്ത്;

(ബി) വാണിയർസമുദായത്തെ പിന്നാക്കസമുദായമായി പരിഗണിച്ചിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ എന്തുകൊണ്ട്;

(ഡി) അങ്ങിനെ അംഗീകരിക്കണമെന്നു ആ സമുദായത്തിൽ നിന്നും അപേക്ഷകൾ എന്തെങ്കിലും ഗവണ്മെൻറിനു ലഭിച്ചിട്ടുണ്ടോ?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ):

(എ) സമുദായത്തിൻെറ സാമ്പത്തികസാമൂഹ്യവിദ്യാഭ്യാസപരമായ സ്ഥിതിയെ അടിസ്ഥാനമാക്കിയാണു പിന്നാക്കസമുദായമായി പരിഗണിക്കുന്നതു്.

(ബി) ഇല്ല.

(സി) ഗവണ്മെൻറിൻെറ പര്യാലോചനയിൽ ഇരിക്കുകയാണു്.

(ഡി) ലഭിച്ചിട്ടുണ്ടു്.

ജലദൗർലഭ്യം.

* ൧൦൪൯. [൭൭] ശ്രീ. എം. എൻ. ഗോവിന്ദൻ നായർ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇൻഡ്യയുടെ നാനാഭാഗങ്ങളിൽനിന്നും ധാരാളമായി വന്നുകൊണ്ടിരിക്കുന്ന തീർത്ഥാടകന്മാർക്കും ഒരു സുഖവാസസ്ഥലമെന്ന നിലയിലും മററും എത്തിച്ചേർന്നുകൊണ്ടിരിക്കുന്ന സന്ദർശകന്മാർക്കും കന്യാകുമാരിയിൽ ജലദൌർലഭ്യം നിമിത്തം ബുദ്ധിമുട്ടേണ്ടതായി വരുന്നുണ്ടെന്നുള്ള വിവരം ഗവണ്മെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ വാട്ടർ സപ്ലൈ നടത്തുന്ന കാര്യത്തിൽ ഗവണ്മെൻറ് ഇതിനകം എന്തെങ്കിലും നടപടികൾ നടത്തിയിട്ടുണ്ടോ?

മരാമത്തും ഗതാഗതവുംവകുപ്പുമന്ത്രി (ശ്രീ. കളത്തിൽ വേലായുധൻ നായർ):

(എ) ഉണ്ടു്.

(ബി) നാഗർകോവിലിൽനിന്നു് കന്യാകുമാരിയിലേയ്ക്കു് പൈപ്പുലൈൻവഴി ശുദ്ധജലം കൊണ്ടുപോകാനുള്ള സ്കീമിൻെറ ഇൻവെസ്റ്റിഗേഷൻ എസ്റ്റിമേററ് തയ്യാറാക്കിയിട്ടുണ്ടു്. അതു് ഗവണ്മെൻറിൻെറ പര്യാലോചനയിൽ ഇരിക്കുകയാണു്.

ഗ്രാമറോഡ് വികസനപദ്ധതി.

❋ ൧൦൫൦. [൫൯] ശ്രീ. പി. ചാക്കോ: താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി പറയുമോ:

(എ) ഗ്രാമറോഡ് വികസനപദ്ധതിപ്രകാരം വേണ്ട പ്രവർത്തനങ്ങൾക്കായി സംസ്ഥാനത്തു് എത്ര സബ്ഡിവിഷൻ സ്ഥാപിച്ചിട്ടുണ്ടു്;

(ബി) ഈ പദ്ധതിപ്രകാരമുള്ള പ്രവർത്തനങ്ങൾക്കായി ൧൯൫൨-൫൩ സാമ്പത്തികവർഷത്തിൽ എത്രലക്ഷം രൂപ ബഡ്ജററ് ചെയ്തിട്ടുണ്ടായിരുന്നു;

(സി) അതിൽ എത്രമാത്രം തന്നാണ്ടിൽ ചെലവായിട്ടുണ്ടു്;

(ഡി) ഓരോ സബ്ഡിവിഷനിലും എത്ര മൈൽ റോഡുവീതം ശരിയാക്കിയിട്ടുണ്ടു്?

മരാമത്തും ഗതാഗതവുംവകുപ്പുമന്ത്രി (ശ്രീ. കളത്തിൽ വേലായുധൻ നായർ):

(എ) നാലു്.

(ബി) പത്തുലക്ഷം രൂപ.

(സി) ൫,൩൮,൧൨൭ രൂ. ൯ ണ. ൧൦ പൈ.

(ഡി)

	മൈൽ	ഫ.
തിരുവനന്തപുരം	൨൮	൨
കൊല്ലം	൮൦	....
തിരുവല്ലാ	൭൨	൨
പെരുമ്പാവൂർ	൨൪	൮

Amount spent for the Harijans and Hill Tribes during this year.

❋ 1051. [60] **Shri Ganapathy:** Will the Minister for the Uplift of Backward Communities be pleased to answer the following questions:

(*a*) How many rupees have Government spent during this year for the Harijans and Hill tribes;

(*b*) How much of this amount is met by the department for the Uplift of Backward Communities during the year;

(*c*) What improvements have been made in the Deviculam and Peermade Taluks?

Minister for Local Self Government (**Shri K. Kochukuttan**):

(*a*) & (*b*) From the beginning of the financial year 1952-53 till the end of May 1952, a sum of Rs. 31, 581-10-4 has been spent for the advancement of Backward Communities through the Department for the Advancement of Backward Communities.

(*c*) A Pial school has been started at Game Range in the High Ranges. The Harijan Sevak Sangh, Munnar, has been afforded financial assistance for carrying on amelioration work among the Backward Communities.

Rest Houses.

*1052. [66] **P. T. Thomas:** Will the Minister for Public Works be pleased to state:

(*a*) how many Rest Houses there are in the State;

(*b*) how many Camp Sheds there are in the State;

(*c*) what is the distinction between a Government Rest House and a Government Camp Shed;

(*d*) whether Government servants have got any special rights or claims to Rest Houses as compared with the general public;

(*e*) Whether Government servants are entitled to use Rest Houses as their Offices or Courts;

(*f*) Is it a fact that Rest Houses are being used very frequently by circuiting officers as Revenue, Income Tax and Sales Tax Appellate Courts; if so whether it is allowed under the existing rules;

(*g*) have Government received any complaint from any member of the public about harassment by circuiting officers, their staff and the innumerable parties appearing before such Officers?

Minister for Works and Transport (**Shri Kalathil Velayudhan Nair**):

(*a*) 49.

(*b*) 45.

(*c*) Government Rest Houses are intended for the use of the travelling public as well as Government Officers on circuit. The P. W. D. Camp Sheds are primarily intended for the use of Government Officers travelling on duty. Government Officers can occupy Camp Sheds without limit of time. Subject to preference given to Government Officers as mentioned above, other travellers also may occupy Camp Sheds and have them reserved for occupation as per rules.

(*d*) Yes.

(*e*) No.

(*f*) In Ernakulam Division Rest Houses are occasionally used by circuiting Officers for holding Appellate Courts. There is no specific rule regarding this.

(*g*) No.

പിന്നാക്കസമുദായോദ്ധാരണം.

*൧൦൫൩. [൬൭] ശ്രീ. പി. ഗോവിന്ദപ്പിള്ള: താഴെ പറയുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ നാലുകൊല്ലക്കാലത്തിൽ പിന്നാക്കസമുദായോദ്ധാരണത്തിനായി ഓരോ കൊല്ലവും എത്ര തുക വീതം നീക്കിവച്ചിരുന്നു;

(ബി) ഇതിൽ ഓരോ കൊല്ലവും ലാപ്സായിപ്പോയ തുക എത്ര?

(സി) ഇങ്ങിനെ ലാപ്സാകുവാൻ കാരണം എന്തു്; ഇതിനെന്തെങ്കിലും പരിഹാരമുണ്ടോ?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ):

(എ & ബി) വിശദവിവരങ്ങളടങ്ങിയ സ്റ്റേറ്റുമെൻറ മേശപ്പുറത്തു വച്ചിരിക്കുന്നു. *

(സി) ലാപ്സാകുന്ന തുകകളിൽ അധികഭാഗവും മരാമത്തുപണികൾ, പൊന്നുംവിലയ്ക്കു ഭൂമിയെടുക്കൽ എന്നീ ഇനങ്ങളിലാണു് ഇവ സംബന്ധിച്ചു പല ഡിപ്പാർട്ടുമെൻറുകളുമായി എഴുത്തുകുത്തുകൾ നടത്തേണ്ടിവന്നതുകൊണ്ടു് കാലതാമസം നേരിടുകയും തന്മൂലം ഈ തുകകൾ ലാപ്സാകുകയും ചെയ്യു. ഇങ്ങിനെയുള്ള കാലതാമസം മേലാൽ നേരിടാതിരിക്കുന്നതിനു വേണ്ട ഏർപ്പാടുകൾ ചെയ്യുന്നുണ്ടു്.

Starred Questions Posted For Answer on 10-7-1952.

തിരുവനന്തപുരം കൻറോൺമെൻറ ലാക്കപ്പ്*

*൨൦൫൪. [൧] ശ്രീ. വി. ശ്രീധരൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ആഭ്യന്തരകാര്യമന്ത്രി ദയവായി മറുപടി നൽകുമോ:

(എ) ൧൯൫൧ ജൂലൈ, ആഗസ്റ്റ്, സെപ്റ്റംബർ അക്ടോബർ എന്നീ മാസങ്ങളിലായി തിരുവനന്തപുരംസിററിയിലുള്ള കൻറോൺമെൻറ ലാക്കപ്പിൽ കിടന്നിരുന്ന തടവുപുള്ളികളിൽ എത്രപേക്കു മസൂരി ബാധിച്ചിട്ടുണ്ടു്;

(ബി) മസൂരി ബാധിച്ചവരേയും അല്ലാത്തവരേയും ഒരുമിച്ചു് ഒരേ ലാക്കപ്പുമുറിയിൽ തന്നെ ഏതാനുംദിവസം പാപ്പിച്ചിരുന്നതുകൊണ്ടു കൂടുതൽ തടവുകാൎക്കു് മസൂരി ബാധിച്ചിട്ടുണ്ടെന്നുള്ള വിവരം ശരിയാണോ;

ആഭ്യന്തരകാര്യമന്ത്രി (ശ്രീ. ടി. എം. വറുഗീസ്):

(എ) ൧൧.

(ബി) അല്ല, മേല്പറഞ്ഞ ൧൧ പേക്കു മസൂരിബാധയുണ്ടെന്നറിഞ്ഞപ്പോൾ അവരെ ചികിത്സയ്ക്കുവേണ്ടി തിരുവനന്തപുരം സബ് ജയിലിലേക്കു മാററി.

പബ്ലിക്കു് റിലേഷൻസ് വകുപ്പു്.

*൨൦൫൫. [൨൬] ശ്രീ. എ. എൽ. ജേക്കബ്ബ്: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ആഭ്യന്തരകാര്യമന്ത്രി സദയം മറുപടി നല്കുമോ:

(എ) ഗവണ്മെൻറിൻെറ പബ്ലിക്കു് റിലേഷൻസ് വകുപ്പിൽ നിന്നും ഗവണ്മെൻറിൻെറ ഉത്തരവുകൾ പ്രസ്സ്റൂമിൽ വയ്ക്കുകയും, ചില പ്രസ്സ്നോട്ടുകൾ ഇറക്കുകയും ചെയ്യുന്നതൊഴികെ, ഈ നാട്ടിലെ പത്രങ്ങൾക്കു എന്തെങ്കിലും സഹായം ചെയ്തുകൊടുക്കുന്നുണ്ടോ;

(ബി) ഗവണ്മെൻറിൻെറ ഏതെല്ലാം പ്രസിദ്ധീകരണങ്ങളാണു് ഈ നാട്ടിലെ ദിനപ്പത്രങ്ങൾക്കു സൗജന്യമായി കൊടുക്കുന്നതു്?

* See Appendix II.

ആഭ്യന്തരകാര്യമന്ത്രി (ശ്രീ. ടി. എം. വർഗ്ഗീസ്):

(എ) പത്രങ്ങൾക്ക് എന്തു പ്രത്യേകതരം സഹായമാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമല്ല. ഗവണ്മെൻറിൻെറ പ്രവർത്തനങ്ങൾ സംബന്ധിച്ചു ശരിയായ വിവരങ്ങൾ ഉടനടൻ പത്രങ്ങൾക്കു നൽകുന്നതിന് പബ്ലിക്ക് റിലേഷൻസ് ഡിപ്പാർട്ടുമെൻറ് ഗവണ്മെൻറിൻെറ ഒരു കേന്ദ്രഏജൻസിയായി പ്രവർത്തിച്ചുവരുന്നുണ്ട്. പ്രസ്തുത ഡിപ്പാർട്ടുമെൻറിനോട് അനുബന്ധിച്ചുള്ള "പ്രസ്സ്റൂമിൽ" എല്ലാ അംഗീകൃത പത്രപ്രതിനിധികൾക്കും വേണ്ട സൗകര്യങ്ങൾ നൽകിയിട്ടുണ്ട്.

(ബി) പ്രസ്സ് പ്രിവിലേജസ്സ് അനുവദിച്ചിട്ടുള്ള എല്ലാ പത്രങ്ങൾക്കും ഗവണ്മെൻറ് ഗസററ്, ബഡ്ജററ്, സിവിൽ ലിസ്റ്റ്, നിമസഭാനടപടികൾ എന്നിവയുടെ പ്രതികൾ ഇപ്പോൾ നൽകുന്നുണ്ട്. പബ്ലിക്ക് റിലേഷൻസ് ഡിപ്പാർട്ടുമെൻറിൽനിന്നും പ്രസിദ്ധീകരിക്കുന്ന തിരുവിതാംകൂർ-കൊച്ചിൻ വാർത്തകൾ എന്ന ബുള്ളററിൻെറ പ്രതികളും നൽകിവരുന്നു.

ക്വാറിയിങ്ങ്.

* ൧൦൪൩. [൧൯] ശ്രീ. ജോസഫ് വാഴപ്പിള്ളി: താഴെ പറയുന്ന ചോദ്യങ്ങൾക്ക് റവന്യൂവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) തൃശ്ശൂർ ഡിസ്ട്രിക്ടിൽപെട്ട ഏതെല്ലാം താലൂക്കുകളിൽ നിന്നാണ് ക്വാറിയിങ്ങിന് പണിയുടെ നികുതി ഈടാക്കുന്നത്;

(ബി) ഈ ഇനത്തിൽ ഗവണ്മെൻറിന് ആണ്ടിനാൽ എന്തു വരവുണ്ട്?

റവന്യൂവകുപ്പുമന്ത്രി (ശ്രീ. എ. ചിദംബരനാഥനാടാർ):

(എ) മുകുന്ദപുരം, തൃശ്ശിവപേരൂർ, തലപ്പിള്ളി, ചിററൂർ, കൊടുങ്ങല്ലൂർ, കൊച്ചിൻ കണയന്നൂർ എന്നീ താലൂക്കുകളിൽനിന്ന് ക്വാറിയിങ്ങിന് പണിയുടെ നികുതി ഈടാക്കുന്നു.

(ബി) ആണ്ടിൽ ശരാശരി ൧൮,൪൦൦ രൂപായുടെ വരവുണ്ട്.

ഭൂനികുതി.

* ൧൦൪൯. [൨൭] ശ്രീ. ടി.ടി. കേശവൻ ശാസ്ത്രി: താഴെ പറയുന്ന ചോദ്യങ്ങൾക്ക് റവന്യൂവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞവർഷത്തെ ഭൂനികുതി, ഇനം തിട്ടപ്പെടുത്തിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത മൊത്തം വരുമാനം എന്തായിരുന്നു;

(സി) തിരുവിതാംകൂർ-കൊച്ചി വിഭാഗങ്ങളുടെ വരവിനം, യഥാക്രമം എങ്ങിനെ?

റവന്യൂവകുപ്പുമന്ത്രി (ശ്രീ. എ. ചിദംബരനാഥനാടാർ): (എ) ഉണ്ട്.

(ബി) ഇ. രൂ. ൩൪,൭൦,൧൨൩-൪-൭.

(സി) തിരുവിതാംകൂർ വിഭാഗത്തിൽ ഇ. രൂ. ൪൨,൮൫,൨൨൫-൮-൭. കൊച്ചിവിഭാഗത്തിൽ, ഇ. രൂ. ൧൨,൭൩,൮൦൨-൧൨-൦

Pakuthy Cutcherries.

*1058. [35] **Shri M. Gopalan Nair:** Will the Minister for Revenue be pleased to state :

(*a*) the annual maintenance expense of Pakuthy Cutcherries held in Government buildings;

(*b*) is it a fact that most of the Pakuthy Cutcherries are in a dilapidated condition for want of maintenance?

Minister for Revenue (**Shri A. Chidambaranatha Nadar**) :

(*a*) An amount ranging from Rs. 5,000 to Rs. 10,000 has been sanctioned by Government according to the extent of repairs found necessary every year.

(*b*) Some of the Pakuthy Cutcherry buildings are reported to be in a dilapidated condition being old.

Paliam Estate.

*1059. [36] **Shri K. Balakrishna Menon:** Will the Minister for Revenue be pleased to state :

(*a*) if Paliam estate is collecting money value of pattom in four instalments against the provision of karar from tenants ;

(*b*) if the estate has refused money value of pattom from tenants on account of the refusal of tenants to pay pattom in 4 kists as desired by the estate ?

Minister for Revenue (**Shri A. Chidambaranatha Nadar**) :

(*a*) No.
(*b*) No.

Eviction.

*1060. [37] **Shri K. Balakrishna Menon:** Will the Minister for Revenue be pleased to state :

(*a*) if orders have been issued by the Government to evict persons in possession of poramboke and forest lands with Police aid if necessary ; and

(*b*) if the Government have enquired into whether such persons possess any other land the one in question ?

Minister for Revenue (**Shri A. Chidambaranatha Nadar**) :

(*a*) Yes.
(*b*) Enquiries are not being conducted, before eviction is effected as it is not contemplated by the rules.

குளப்பதிவு.

*1061. [40] ஸ்ரீ. ஏ. ஸாம்ராஜ்: கீழ் காணும் வினாக்களுக்கு ரெவன்யூ வகுப்பு மந்திரி அவர்கள் பதில் அளிப்பார்களா :

(எ) அகஸ்தீஸ்வரம் தாலூக்கில் இரவிபுதூர் பகுதியில் நீர்ப்பாசனங்களுக்கு இடையூறு விளைவிக்கப்பட்டு எந்த எந்த குளப்புரவுகாரர்களிடமிருந்து பதித்துக்கொடுப்பதைத் தடை செய்ய வேண்டுமென விண்ணப்பங்கள் வந்ததுண்டா ;

(பி) அவற்றில் எத்தனை பதிவுகள் ரத்து செய்யப்பட்டன; ரத்து செய்யப்படாதிருந்தால் ஏன்? அது யார் யாருக்கெல்லாம் பதித்துக்கொடுக்கப்பட்டவை?

ரெவன்யூ இலாகா மந்திரி (ஸ்ரீ. ஏ. சிதம்பரநாத நாடார்):

(ஏ) இரவிபுதூர் கிராமத்தில் எஸ். என். 12/464—ல் காடன் புதுக்குளமும், எஸ். என். 12/463—ல் காடன் குளமும்.

(பி) காடன்புதுக்குளம் ஸ்ரீ. கிருஷ்ணபிள்ளை வேலாயுதப் பெருமாள் பிள்ளை என்பவருக்கு 1123-ம் ஆண்டிற்கும், காடன் குளம் ஸ்ரீ. சாந்திராமன் பிள்ளை என்பவருக்கு 1124-ம் ஆண்டிற்கும், விவசாய டிப்பார்ட்மென்றால் பாட்டத்திற்கு கொடுக்கப்பட்டது. பாட்ட சமயம் கழிந்தும் பாட்டக்காரர்கள் அந்த இடங்களை அனுபவித்து வருகிறார்கள். அதிகாரமில்லாத அனுபவத்திற்கு எதிராகவும், ஆக்ரமிப்பை ஒழிப்பதற்கும், லாண்ட் கன்ஸர்வன்ஸி ஆக்டின்படி அவர்கள்மேல் நடவடிக்கை எடுக்கப்பட்டிருக்கிறது.

കണ്ണൻദേവൻ കമ്പനി.

* ൧൦൩൨. [൪൭] ശ്രീ. സി. സി. അയ്യപ്പൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു റവന്യൂവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിൽ കണ്ണൻദേവൻകമ്പനിക്കു എസ്റ്റേറ്റുകളായി എത്ര ഏക്കർ ഭൂമിയുണ്ടു്;

(ബി) ഈ ഭൂമിക്കു വല്ല നികുതിയും വസൂൽ ചെയ്യുന്നുണ്ടോ?

റവന്യൂവകുപ്പുമന്ത്രി (ശ്രീ. എ. ചിദംബരനാഥനാടാർ):

(എ) ൧,൩൨,൭൭൪ ഏക്കർ ൪൩ സെൻറു്.

(ബി) ഉണ്ടു്.

C1

കാളേജുകളുടെയും ഹൈസ്കൂളുകളുടെയും എണ്ണം.

* ൧൦൩൩. [൫൧] ശ്രീ. സി. കെ. വിശ്വനാഥൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നമ്മുടെ സ്റ്റേററിൽ ആകെയുള്ള കാളേജുകളുടെ എണ്ണം എത്ര;

(ബി) ഹൈസ്കൂളുകളുടെ എണ്ണം എത്ര;

(സി) ഗവമ്മെൻറു നേരിട്ടു നടത്തുന്ന കാളേജുകളുടെയും ഹൈസ്കൂളുകളുടെയും എണ്ണം എത്ര?

മുഖ്യമന്ത്രി (ശ്രീ. എ. ജെ. ജാൺ):

(എ) ൨൩.

(ബി) ൫൫൨.

(സി) ഗവമ്മെൻറു് നേരിട്ടു നടത്തുന്ന കാളേജുകളുടെ എണ്ണം ൩. (ഇതിൽ യൂണിവേഴ്സിററി കാളേജുകൾ ഉൾപ്പെടുന്നില്ല) ഹൈസ്കൂളുകൾ ൧൧൭.

പിരിച്ചുവിട്ടിട്ടുള്ള എക്സൈസ് ഗാർഡുകൾ.

* ൧൦൩൮. [൭൨] ഡാക്ടർ എൻ. എസ്സ്. പിള്ള: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

തിരുവിതാംകൂർ-കൊച്ചി സംയോജനംമൂലം പിരിച്ചുവിട്ടിട്ടുള്ള എക്സൈസ് ഗാർഡുകളിൽ കഴിഞ്ഞ മൂന്നുവർഷക്കാലത്തിനിടയ്ക്കു ആരെയെങ്കിലും ഏതെങ്കിലും ഉദ്യോഗത്തിൽ നിയമിച്ചിട്ടുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. എ. ജെ. ജാൺ) :

ഉണ്ട്, പ്രത്യേകിച്ചു സ്ഥിതിവിവരക്കണക്കുകൾ സൂക്ഷിച്ചിട്ടില്ല.

റഫറൻസ് ബുക്കുകൾ.

* ൧൦൩൯. [൯൧] ശ്രീ. പരീതുറാവുത്തർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അദ്ധ്യാപകന്മാർക്ക റഫറൻസിനു ആവശ്യമായ പുസ്തകങ്ങൾ ഗവണ്മെൻറിൽനിന്നും നൽകുന്നുണ്ടോ;

(ബി) ഈ സൗജന്യം അറബിക്ക് അദ്ധ്യാപകന്മാർക്കും ഉണ്ടോ?

മുഖ്യമന്ത്രി (ശ്രീ. എ. ജെ. ജാൺ) :

(എ) ഉണ്ട്.

(ബി) ഉണ്ട്.

അറബിക് മുൻഷി പോസ്റ്റുകൾ.

* ൧൦൩൩. [൯൪] ശ്രീ. പരീതുറാവുത്തർ: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

തിരുവിതാംകൂർ-കൊച്ചിയിൽ ആളെ നിയമിക്കാത്ത എത്ര അറബിക്ക് മുൻഷി പോസ്റ്റുകൾ ഇപ്പോൾ നിലവിലുണ്ട്?

മുഖ്യമന്ത്രി (ശ്രീ. എ. ജെ. ജാൺ) :

൧൦ (പത്തു്)

സിവിൾകേസുകൾ.

* ൧൦൩൧. [൩൨] ശ്രീ. എം. സി. മാത്യു: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ൨൫ വർഷത്തിൽ കൂടുതൽ പഴക്കമുള്ള സിവിൾകേസുകൾ ഈ സംസ്ഥാനത്തെ കോടതികളിൽ നിലവിലുണ്ടോ;

(ബി) ഉണ്ടെങ്കിൽ എത്ര കേസുകൾ ഉണ്ട്?

ആഭ്യന്തരവകുപ്പുമന്ത്രി (ശ്രീ. ടി. എം. വർഗ്ഗീസ്) :

(എ) ഉണ്ട്.

(ബി) ൩൧. ഇതിനു പുറമെ ൯൯ വിധിനടത്തൽ കേസുകളും വിവിധകോടതികളിലായി നിലവിലുണ്ട്.

ഡി. എസ്. പി. ആഫീസിൽ മോഷണം.

*൨൦൩൮. [൩൮] ശ്രീ. കെ. ജെ. താമസ്സ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അടുത്തകാലത്തു തിരുവനന്തപുരം പോലീസ് സൂപ്രണ്ടാഫീസിലെ റിക്കാർഡുകൾ സൂക്ഷിക്കുന്ന മുറിയിൽ കള്ളന്മാർ പ്രവേശിക്കുകയുണ്ടായോ;

(ബി) ഉണ്ടായെങ്കിൽ എന്തെങ്കിലും റിക്കാർഡുകൾ നഷ്ടപ്പെട്ടിട്ടുണ്ടോ?

ആഭ്യന്തരവകുപ്പുമന്ത്രി (ശ്രീ. ടി. എം. വറുഗീസ്):

(എ) റിക്കാർഡുമുറിയുടെ ഒരു കതക് തുറന്നുകിടക്കുന്നതു കാണപ്പെട്ടു. ഇതുവരെ നടത്തിയ അന്വേഷണങ്ങളിൽനിന്നും കള്ളന്മാർ പ്രവേശിച്ചതാണോ എന്നു പറയുവാൻ നിവൃത്തിയില്ല. അന്വേഷണം തുടരുന്നു.

(ബി) റിക്കാർഡുകൾ നഷ്ടപ്പെട്ടിട്ടുള്ളതായോ ഏതെങ്കിലും ഫയലിന് നാശം സംഭവിച്ചതായോ ഇതുവരെയുള്ള അന്വേഷണങ്ങളിൽനിന്നും വെളിവായിട്ടില്ല.

സ്റ്റാററിസ്റ്റിക്കൽ വകുപ്പ്.

*൨൦൩൯. [൧൧] ശ്രീ. പി. ഗോവിന്ദപ്പിള്ള: താഴെ പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി ദയവായി മറുപടി പറയുമോ:

(എ) സ്റ്റാററിസ്റ്റിക്കൽ വകുപ്പ് അഭിവൃദ്ധിപ്പെടുത്തുന്നതിനായി ഒരു റിപ്പോർട്ട് ആ ഡിപ്പാർട്ടുമെൻറിൻെറ തലവൻ സമർപ്പിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതു മേശപ്പുറത്തു വയ്ക്കാമോ;

(സി) റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ ഗവൺമെൻറ് അംഗീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനു കാരണമെന്ത്?

മുഖ്യമന്ത്രി (ശ്രീ. എ. ജെ. ജാൺ):

(എ) ഉണ്ട്.

(ബി) റിപ്പോർട്ട് ഗവൺമെൻറിൻെറ പരിഗണനയിലിരിക്കുന്നതുകൊണ്ട് മേശപ്പുറത്തുവയ്ക്കാൻ നിവൃത്തിയില്ല.

(സി) റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ വിശദമായി പരിശോധിച്ചുകൊണ്ടിരിക്കുകയാണ്.

ഭൂമിപതിവ്.

*൨൦൧൦. [൧൮] ശ്രീ. പി. ഗോവിന്ദപ്പിള്ള: താഴെ പറയുന്ന ചോദ്യങ്ങൾക്ക് റവന്യൂവകുപ്പുമന്ത്രി സദയം മറുപടി പറയുമോ:

(എ) വനംവക ഭൂമികൾ പതിച്ചുകൊടുത്തതിനേയും അവ കൈവശംവച്ചുകൊണ്ടിരിക്കുന്നവരേയും കുറിച്ച് അന്വേഷിച്ച് റിപ്പോർട്ടുചെയ്യുവാൻ ഒരു കമ്മിററിയെ നിയമിച്ചിട്ടുണ്ടോ;

(ബി) ആരെല്ലാമാണ് കമ്മററിയംഗങ്ങൾ;

(സി) അവരുടെ അന്വേഷണം പൂർത്തിയായോ;

(ഡി) പൂർത്തിയായെങ്കിൽ റിപ്പോർട്ടു മേശപ്പുറത്തു വയ്ക്കുമോ?

റവന്യൂവകുപ്പുമന്ത്രി (ശ്രീ. എ. ചിദംബരനാഥനാടാർ):

(എ) ഇല്ല.

(ബി, സി, ഡി) ചോദ്യം ഉദിക്കുന്നില്ല.

Starred Questions Posted for Answer on 11-7-1952.

Industrial Loans.

*1071. [1] **Shri P. S. Nataraja Pillai:** Will the Minister for Industries be pleased to state:

(a) the amounts granted as loans to industrial concerns during the year 1950-51; and

(b) the names of the industrial concerns and the amount granted to each?

Minister for Finance and Civil Supplies (**Shri Panampilli Govinda Menon**):

(a) Rs. 40,50,000.

(b) Travancore Rayons Ltd.—Rs. 30 lakhs.

(ii) Alagappa Textiles (Cochin) Ltd.—Rs. 10 lakhs.

(iii) Cochin Malleables Ltd.—Rs. 50,000.

Dredgers.

*1072. [15] **Shri P. V. Avira Tharakan:** Will the Minister for Public Works be pleased to state when the Government will be able to lend the dredgers to the cultivators?

Minister for Works and Transport (**Shri Kalathil Velayudhan Nair**): Dredgers can be made available to the cultivators only after completion of works undertaken departmentally, *i. e.*, say after 2 or 3 years.

കോക്കനട്ട് സെസ്.

*൧൦൭൩. [൨൪] ശ്രീ. എം. എം. അബ്ദുൽഖാദർ: താഴെ പറയുന്ന ചോദ്യങ്ങൾക്ക ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി പറയുമോ:

(എ) ഈ സ്റ്റേററിൽ കോക്കനട്ട് സെസ്സിനത്തിൽ എത്ര സംഖ്യ കുടിശ്ശികയുണ്ട്;

(ബി) ടി സംഖ്യ പിരിച്ചെടുക്കാൻ എന്തു നടപടികൾ സ്വീകരിച്ചു;

(സി) എത്ര സംഖ്യ ഈ സ്റ്റോറിൽനിന്നും നാളതുവരെ ഈയിനത്തിൽ പിരിച്ചിട്ടുണ്ട്?

ധനകാര്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) :

(എ) ൪൧,൨൧൪ രൂ. ൪ ണ. ൨ പൈ.

(ബി) സെൻട്രൽ എക്സൈസ് ഡിപ്പാർട്ടുമെൻറിൽനിന്നും വേണ്ട നടപടികൾ എടുത്തുകൊണ്ടിരിക്കുകയാണ്.

(സി) ൨൧,൬൯,൪൨൭ രൂ. ൧ ണ. ൩ പൈ.

മത്സ്യം പിടിക്കുന്നതിനുള്ള കപ്പൽ.

*൧൦൭൪. [൪൮] ശ്രീ. കുട്ടപ്പൻ കോയിക്കൽ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ-കൊച്ചി സക്കാരിൻെറ വക 'ചന്ദ്രിക' എന്ന പേരോടുകൂടിയ മത്സ്യം പിടിക്കുന്നതിനുള്ള ഒരു കപ്പൽ ഉണ്ടായിരുന്നതുകൊണ്ട് ഇപ്പോൾ മത്സ്യം പിടിക്കുന്നുണ്ടോ;

(ബി) ഇല്ലെങ്കിൽ ഇപ്പോൾ അതുകൊണ്ട് എന്തുചെയ്യുന്നു?

മുഖ്യമന്ത്രി (ശ്രീ. എ. ജെ. ജോൺ) :

(എ) ചന്ദ്രിക എന്ന കപ്പൽ ഉപയോഗിച്ച് ഇപ്പോൾ മത്സ്യം പിടിക്കുന്നില്ല. ചില കേടുപാടുകൾ ഉള്ളതുകൊണ്ടാണ് ഇപ്പോൾ മത്സ്യം പിടിക്കുന്നതിനു അതു് ഉപയോഗിക്കാതെയിരിക്കുന്നതു്;

(ബി) ഇപ്പോൾ അതുകൊണ്ട് ഒന്നും ചെയ്യുന്നില്ല.

Cottage Industries Board.

*1075. [49] **Shri A. Kunjan Nadar:** Will the Minister for Industries be pleased to state:

(a) whether the Cottage Industries Board has submitted any scheme to the Government; if so how many and when;

(b) how many are sanctioned; if so when; and

(c) what is the estimated cost of each scheme?

Minister for Finance and Civil Supplies **(Shri Panampilli Govinda Menon)** :

(a), (b) & (c) A statement showing the details required is placed on the table.†

2. As regards schemes numbers 1, 5 and 16, the provision proposed in the Part II budget was deleted by the Standing Finance Committee. As regards numbers 2 and 3, further details are necessary and these have been called for from the Board and the departments concerned. Scheme number 4 has already been dropped as the Chief Conservator of Forests is of the opinion that bamboo of the type suitable for the manufacture

† See Appendix III.

of plywood will not be available in the State forests in commercial quantities at economic costs. Items 6, 13, 14 and 15 are under the consideration of Government. A scheme with the required financial and administrative details is yet to be forwarded by the Board in the case of the Handloom Industry. (Item No. 12). Item Nos. 7 to 11 were intended to be financed by the Central Government but as they promised only a negligible portion of the amount necessary, the schemes were dropped.

3. There is a provision of Rs. 2 lakhs in the budget for taking up schemes which had not been finalised by the Board at the time of framing the budget. An additional provision of Rs. 2 lakhs is being proposed under the head. As soon as the budget is finalised, suitable schemes will be selected and implemented limiting the expenditure to the amount available in the budget.

മിഡ്‌വൈഫുമാർ.

* ൨൦൧൬. [൭൨] ശ്രീ. സി. അച്യുതമേനോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ-കൊച്ചി സ്റ്റേറ്റിൽ ആകെ എത്ര റൂറൽ മിഡ്‌വൈഫുമാർ ഉണ്ട്;

(ബി) അവരുടെ ശമ്പളം, അലവൻസ്, പരീക്ഷായോഗ്യത, ജോലിവ്യവസ്ഥകൾ ഇവ എന്ത്;

(സി) അവർക്ക് പ്രൈവററ പ്രാക്‌ടീസ് അനുവദിച്ചിട്ടുണ്ടോ;

(ഡി) അവരുടെ സേവനങ്ങൾക്ക് എന്തെങ്കിലും നിരക്ക് ഗവണ്മെൻറിൽനിന്നും നിശ്ചയിച്ചിട്ടുണ്ടോ?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. വി. മാധവൻ):

(എ) ൨൬൨. (പൊതുജനാരോഗ്യവകുപ്പിൽനിന്നും നിയമിച്ചിട്ടുള്ളത് ൨൦൮. പഞ്ചായത്തുവകുപ്പിൽനിന്നും നിയമിച്ചിട്ടുള്ളത് ൩൭. പഞ്ചായത്തുകൾ നിയമിച്ചിട്ടുള്ളത് ൨൩.)

(ബി) ശമ്പളവും അലവൻസും.

പൊതുജനാരോഗ്യവകുപ്പിലുള്ളവരിൽ കൊച്ചിവിഭാഗത്തിലെൻവ മിഡ്‌വൈഫുമാർക്ക് രൂ. ൩൦—൬൦. തിരുവിതാംകൂർ വിഭാഗത്തിലുള്ളവരിൽ ൧ പേർക്ക് രൂ. ൩൦—൮൭-൦. ബാക്കിയുള്ളവർക്ക് രൂ. ൨൭—൩൦-൦. ഡിപ്പാർട്ടുമെൻറ പരിഷ്കാരമനുസരിച്ച് എല്ലാവരുടേയും ശമ്പളം രൂ. ൩൦—൧൭ ആക്കിയിട്ടുണ്ട്. ശമ്പളത്തിനനുസരിച്ച് ഡീയർനസ് അലവൻസും ഉണ്ട്. തിരുവിതാംകൂർ വിഭാഗത്തിലുള്ളവർക്ക് പ്രതിമാസം രൂ. ൬. സഞ്ചാരപ്പടിയുണ്ട്. കൊച്ചിവിഭാഗത്തിലുള്ളവർക്കും സഞ്ചാരപ്പടി നൽകുന്നതിന് ഇത്തവണ ബഡ്ജററിൽ വകകൊള്ളിച്ചിട്ടുണ്ട്.

പഞ്ചായത്തുവകുപ്പിലെ ൩൭ പേർക്ക് പ്രതിമാസം രൂ. ൨൭—൩൦-൦ ഡീയർനസ് അലവൻസും രൂ. ൬ സഞ്ചാരപ്പടിയും.

പഞ്ചായത്തുകളിൽനിന്നും നിയമിച്ചിട്ടുള്ളവർക്ക രണ്ടു ഗ്രേയിഡുകളുണ്ടു്. (൧) ശമ്പളം ൨൫, ഡീയർനസ് അലവൻസ് രൂ. ൧൫, സഞ്ചാരപ്പടി രൂ. ൬, വാടക അലവൻസ് രൂ. ൫. (൨) ശമ്പളം രൂ. ൨൦, ഡീയർനസ് അലവൻസ് രൂ. ൧൫, സഞ്ചാരപ്പടി രൂ. ൬, വാടക അലവൻസ് രൂ. ൫

പരീക്ഷായോഗ്യത.

ഗവണ്മെൻറിൽനിന്നും അംഗീകരിച്ചിട്ടുള്ള ഏതെങ്കിലും മിഡ്‌വൈഫറിസ്കൂളിലെ സർട്ടിഫിക്കറ്റോ, ഗവണ്മെൻറിൽനിന്നും ഏർപ്പെടുത്തിയിട്ടുള്ള മിഡ്‌വൈഫറി പരീക്ഷായോഗ്യതയോ.

ജോലിവ്യവസ്ഥകൾ.

പഞ്ചായത്തുകളിൽനിന്നും നിയമിച്ചിട്ടുള്ളവർ അതതു പഞ്ചായത്തുകളുടെ അധീനതയിലാണു്. അവർ ശമ്പളം പററുന്നതും അതതു പഞ്ചായത്തുഫണ്ടിൽനിന്നുമാണു്. ബാക്കിയുള്ള എല്ലാ മിഡ്‌വൈഫുമാരും മററ സർക്കാർ ജീവനക്കാരുടെ സേവനവ്യവസ്ഥകൾ അനുസരിക്കുന്നു.

(സി) ഇല്ല.

(ഡി) ഇല്ല.

ട്രാൻസ്പോർട്ടു് ബസ്സുകൾ.

*൧൦൯൯. [൫൯] ശ്രീ എം. സി. മാത്യു: താഴെ കാണുന്ന ചോദ്യങ്ങൾക്കു് ഗതാഗതവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ൧൯൫൦–൫൧, ൫൧–൫൨, ൫൨–൫൩ ഈ വർഷങ്ങളിൽ ട്രാൻസ്പോർട്ടു ഡിപ്പാർട്ടുമെൻറിൽനിന്നും എത്ര ബസ്സുകൾവീതം വാങ്ങിയിട്ടുണ്ടു്;

(ബി) അവ ഏതെല്ലാം കമ്പനികളുടെ വകയാണു്;

(സി) രണ്ടു കമ്പനികളിൽനിന്നു മാത്രമെ ബസ്സുകൾ വാങ്ങാവൂ എന്നു വല്ല ഗവണ്മെൻറുത്തരവുമുണ്ടായിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ അതേതെല്ലാം കമ്പനികളുടേതാണു്;

(ഇ) ആ കമ്പനികളിൽനിന്നല്ലാതെ ബസ്സുകൾ വാങ്ങിയിട്ടുണ്ടോ;

(എഫ്) ഉണ്ടെങ്കിൽ അതിനു പ്രത്യേക കാരണം വല്ലതുമുണ്ടോ?

മരാമത്തും ഗതാഗതവുംവകുപ്പുമന്ത്രി (ശ്രീ. കളത്തിൽ വേലായുധൻ നായർ) :

(എ) ൫൦–൫൧ ൧൩൪.
൫൧–൫൨ ൫൬.
൫൨–൫൩ ൨൩.

(ബി) ഫോർഡു് മോട്ടോർ കമ്പനി ഇൻഡ്യ ലിമിററഡ്.
അശോക് മോട്ടോഴ്സ് ലിമിററഡ്.
ജനറൽ മോട്ടോഴ്സ് ഇൻഡ്യ ലിമിററഡ്.
പെനിൻസുലാർ മോട്ടോർ കാർപ്പറേഷൻ ലിമിററഡ്.

(സി) ഇല്ല.

(ഡി, ഇ, എഫ്) ചോദ്യം ഉദിക്കുന്നില്ല.

കയർവ്യവസായമാന്ദ്യം.

❋ ൧൦൭൮. [൩൯] ശ്രീ. എസ്സ്. വാസുദേവൻപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ-കൊച്ചിയിലെ കയർവ്യവസായത്തിനുണ്ടായിട്ടുള്ള പരിതാപകരമായ അധഃപതനത്തിനു പരിഹാരം ഉണ്ടാക്കുവാൻ ഗവണ്മെൻറ് എന്തെങ്കിലും നടപടികൾ എടുത്തിട്ടുണ്ടോ;

(ബി) കയർവ്യാപാരം പുഷ്ടിപ്പെടുത്തുവാൻ വിദേശീയവിപണികളിൽ ട്രെയിഡ് ഏജൻസികളെയോ, മാർക്കറ്റിംഗ് ഉദ്യോഗസ്ഥന്മാരെയോ ഏർപ്പെടുത്തുവാൻ ഗവണ്മെൻറ് ഉദ്ദേശിക്കുന്നുണ്ടോ?

ധനകാര്യവും സിവിൽസപ്ലൈസുംവകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) ഉണ്ട്.
(ബി) ഇല്ല.

ആലുവാ—മൂന്നാർ റോഡ്.

❋ ൧൦൭൯. [൩൨] ശ്രീ. പി. ഗോവിന്ദപ്പിള്ള: താഴെ കാണുന്ന ചോദ്യത്തിനു ഗതാഗതവകുപ്പുമന്ത്രി സദയം മറുപടി പറയുമോ:

തിരുവിതാംകൂറിൽ ഏററവും വ്യാപാരപ്രാധാന്യമുള്ളതും വളരെയധികം പൊതുജനങ്ങൾ ഉപയോഗിച്ചുവരുന്നതുമായ ആലുവാ-മൂന്നാർ റോഡിൻെറ ശോചനീയമായ നില ഗവണ്മെൻറിൻെറ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

മരാമത്തും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. കള[illegible]ിൽ വേലായുധൻ നായർ):

ഇല്ല.

Starred Questions Posted for Answer on 12-7-1952.

Encroachments on the A. V. M. Canal.

❋ 1080. [35] **Shri M. Gopalan Nair:** Will the Minister for Land Revenue be pleased to state:

whether there are extensive encroachments with valuable improvements on the A. V. M. canal?

Minister for Revenue **(Shri A. Chidambaranatha Nadar):**

Yes.

Text Books.

❋ 1081. [38] **Shri T. S. Ramaswami:** Will the Minister for Education be pleased to state:

(*a*) the total cost of text books printed for school children this year;

(*b*) the number of wholesale A and B licensees in the State to whom these were sold;

(*c*) the printing presses in which these were printed;

(*d*) whether there is any difference in the prices of the same text books in the two years; if so, what and why so?

Chief Minister (**Shri A. J. John**):

(*a*) The total cost of text books printed this year can be known only at the end of the year.

(*b*) Licensees are not classed as A class and B class. But there were only wholesale licensees and retail licensees numbering 12 and 720 respectively on 26-6-1952.

(*c*) The list of printing presses is laid on the table.

(*d*) There is no difference in the prices of text books published this year and last year.

Sanitation in the Markets.

1082. [50] **Shri R. Kesava Pillai**: Will the Minister for Revenue be pleased to state:

(*a*) the measures taken to maintain sanitation in the markets of the State; and

(*b*) the reasons for the insanitary condition of the town market of Kottarakara?

Minister for Revenue (**Shri A. Chidambaranatha Nadar**):

(*a*) Provision for ample supply of clean water for drinking and washing purposes, adequate latrine accommodation, proper drainage and clean floors for sale of articles.

(*b*) Absence of compound walls, slaughter of animals within the market premises, unsatisfactory disposal of bones etc, of slaughtered animals, unhygienic way of sale of meat, location of the market well in the centre of the market etc. contribute to the insanitary condition of the town market at Kottarakara.

Survey of lands Allotted.

✱ 1083. [52] **Shri C. K. Kumara Panicker**: Will the Minister for Revenue be pleased to State:

(*a*) whether it is a fact that people from Shertallai to whom lands have been allotted in Poopara Pakuthy, Devicolam taluk have not yet been put in possession of the same due to non-survey of the lands;

(*b*) have Government received any representations in this regard?

Minister for Revenue (**Shri A. Chidambaranatha Nadar**):

(*a*) Yes.

(*b*) Yes.

See Appendix IV

തേഡ്ഫാറം ടെക്സ്റ്റ്.

✽ ൧൦൮൪. [൫൯] ശ്രീ. എം. സി. മാത്യു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈയാണ്ടിൽ മൂന്നാംഫാറത്തിലേയ്ക്ക് തിരഞ്ഞെടുത്തിട്ടുള്ള ഇംഗ്ലീഷ് ടെക്സ്റ്റ്ബുക്കിലെ പല പാഠങ്ങളും ആ ക്ലാസ്സിൽ പഠിപ്പിക്കാൻ പറ്റിയതല്ലെന്ന പരാതിയുണ്ടായിട്ടുണ്ടോ;

(ബി) വല്ല സ്കൂളിൽനിന്നും ഹെഡ്മാസ്റ്റർമാർ ഇതുസംബന്ധിച്ച് പരാതി അയച്ചിട്ടുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. എ. ജെ. ജാൺ):

(എ) ഉണ്ട്.

(ബി) ഉണ്ട്.

Harijan Uplift.

✽ 1085. [60] **Shri Ganapathy**: Will the Minister for the Uplift of the Backward Communities be pleased to answer the following questions:

(*a*) has any suitable scheme been drawn up for the advancement of the Harijans and Hill Tribes after you assumed office;

(*b*) if so, how many Harijans and Hill tribes are benefited by it;

(*c*) in which Taluks;

(*d*) have you done anything in the Deviculam and Peermade Taluks?

Minister for Local Self Government (**Shri K. Kochukuttan**):

(*a*) Yes.

(*b*) 120 members will be benefitted.

(*c*) The taluks in which the scheme is to be implemented, have not been finally decided.

(*d*) Yes. A pial school has been started at Game Range in the High Ranges. The Harijan Sevak Sangh has been afforded financial assistance for carrying on amelioration work among the Backward Communities of the taluks.

Municipal and Panchayat Elections.

✽ 1086. [64] **Shri K. Sattanatha Karayalar**: Will the Minister for Local Self Government be pleased to state:

(*a*) when were the previous Municipal and Panchayat elections held;

(*b*) do the Government propose to extend the life of these municipalities and panchayats still further;

(*c*) if so, for how long;

(*d*) if not, when does the Government propose to dissolve the present municipal councils;

(*e*) does the Government propose to conduct fresh municipal elections in the immediate future;

(*f*) if so, when and what basis;

(*g*) is the Municipal Chairman to be elected by the Council or by the electorate directly?

Minister for Local Self Government (**Shri K. Kochukuttan**):

(*a*) Municipal Elections were held in 1122 in Travancore area and in 1124 in Cochin area and the Panchayat Elections in 1115 in Cochin area in 1949 in Travancore area.

(*b*) No.

(*c*) Does not arise in view of answer to (b).

(*d*) By the end of October 1952.

(*e*) Yes.

(*f*) The date has not been fixed. Election will be on the basis of adult franchise.

(*g*) By the Council.

Starred Questions Posted for Answer on 14-7-1952.

<u>ഒററമുറിത്തടവ്.</u>

* ൧൦൮൭. [൪൪] <u>ശ്രീ. സി. അച്യുതമേനോൻ:</u> താഴെ പറയുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പുമന്ത്രി ദയവായി ഉത്തരം പറയുമോ:

(എ) ഈ ജൂൺമാസത്തിൽ വിയ്യൂർ സെൻട്രൽജയിലിൽ എത്ര തടവുകാരെ ഒററമുറിത്തടവിനു ശിക്ഷിച്ചിട്ടുണ്ട്; കാരണമെന്ത്;

(ബി) പരിയാരംകേസ് പ്രതിയായ പങ്കി എന്ന ഒരു തടവുകാരനെ അങ്ങനെ ശിക്ഷിച്ചിട്ടുണ്ടോ; എന്തുകാരണത്തിനു്, എത്ര ദിവസത്തേയ്ക്കു്;

(സി) തടവുകാരുടെ ഭക്ഷണത്തെ സംബന്ധിച്ച് അവർ എന്തെങ്കിലും നിവേദനം നടത്തിയിരുന്നുവോ; അതേപ്പററി എന്തു നടപടി എടുത്തു?

ആഭ്യന്തരവകുപ്പുമന്ത്രി (<u>ശ്രീ. ടി. എം. വർഗ്ഗീസ്</u>):

(എ) ജയിൽനിയമങ്ങൾ ലംഘിക്കുകമൂലം ൧൯൫൨ ജൂൺ മാസത്തിൽ മൂന്നുപേരെ ശിക്ഷിച്ചിട്ടുണ്ടു്.

(ബി) ഉണ്ടു്. ജയിൽ ഉദ്യോഗസ്ഥന്മാരോട് മര്യാദകേടായി പെരുമാറുകയും ജയിലിൽ ഭക്ഷണം പാകംചെയ്യുന്ന തടവുകാരുമായി വഴക്കടിക്കുകയും മററും ചെയ്തതിനു് ഒരുമാസത്തെ ഒററമുറി തടവിനു ശിക്ഷിച്ചിട്ടുണ്ടു്.

(സി) ഭക്ഷണം പാകംചെയ്യുന്നതിനെപ്പററി ചില തടവുകാർ നിവേദനം നടത്തുകയും അതിനു അപ്പോഴപ്പോൾ വേണ്ട നടപടികൾ എടുക്കുകയും ചെയ്തിട്ടുണ്ടു്.

ട്രാവൽ ബ്യൂറോ.

* ൧൦൯൮. [൪൯] എം. സി. മാത്യു: താഴെ പറയുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) Travancore-Cochin Traval Bureau എന്ന കമ്പനിക്ക് സംസ്ഥാനത്തെ മുസാവരികൾ വിട്ടുകൊടുത്തിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിന്റെ ഉദ്ദേശമെന്ത്;

(സി) പ്രസ്തുത കമ്പനിക്കാർ യാത്രക്കാരിൽനിന്നും മുമ്പുണ്ടായിരുന്നതിൽ കൂടുതൽ വാടക ഇപ്പോൾ ഈടാക്കുന്നുണ്ടോ;

(ഡി) യാത്രക്കാരെ ആകർഷിക്കുന്നതിന് പ്രസ്തുത കമ്പനിക്കാർ വല്ലതും ചെയ്തിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കിൽ അവ എന്തൊക്കെയാണ്?

മരാമത്തും ഗതാഗതവുംവകുപ്പുമന്ത്രി (ശ്രീ. കളത്തിൽ വേലായുധൻ നായർ):

(എ) ഏതാനും മുസാവരികൾ വിട്ടുകൊടുത്തിട്ടുണ്ട്.

(ബി) ഈ രാജ്യം സന്ദർശിക്കുന്ന സന്ദർശകരുടെ താമസത്തിനും, ഭക്ഷണത്തിനും മററും വേണ്ട ഏർപ്പാടുകൾ ചെയ്യുന്നതിന് ഹോട്ടൽ നടത്തിപ്പിൽ പരിചയമുള്ളവരെ ഏല്പിച്ചാൽ കൂടുതൽ നന്നായിരിക്കുമെന്നു കരുതിയാണ്.

(സി) കൂടുതൽ വാടക ഈടാക്കുന്നതായി ചില പരാതികൾ ലഭിച്ചിട്ടുണ്ട്.

(ഡി) ഉവ്വ്.

(ഇ) ഇതിന്റെ ഒരു പട്ടിക മേശപ്പുറത്തു വച്ചിട്ടുണ്ട്.

എൻ. ജി. ഓ. മാരുടെ സ്ഥലംമാററം.

* ൧൦൯൯. [൯൦] ശ്രീ. പി. രവീന്ദ്രൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് മരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂന്നുകൊല്ലം തുടർച്ചയായി ഒരു സ്ഥലത്തു ജോലി ചെയ്യുന്ന പി. ഡബ്ളിയു. ഡി.യിലെ എൻ. ജി. ഓ.മാരെ ഉടനടി സ്ഥലംമാററണമെന്ന് ചീഫ്എൻജിനീയർ ഉത്തരവു പുറപ്പെടുവിച്ചിട്ടുണ്ടോ;

(ബി) എൻ. ജി. ഓ. മാരെ കഴിയുന്നതും അവരുടെ സ്വദേശങ്ങളിൽ നിയമിക്കേണ്ടതാണെന്ന് ഇതിനുമുൻപ് ഗവണ്മെൻറ് നിർദ്ദേശിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ ചീഫ്എൻജിനീയരുടെ ഉത്തരവ് ഗവണ്മെൻറ് നിർദ്ദേശങ്ങൾക്ക് വിരുദ്ധമല്ലേ?

മരാമത്തും ഗതാഗതവുംവകുപ്പുമന്ത്രി (ശ്രീ. കളത്തിൽ വേലായുധൻ നായർ:

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) അല്ല.

---

c. See Appendix V.

ബോട്ടുനിർമ്മാണം.

* ൧൦൯൦. [൩൭] ശ്രീ. രാമകൃഷ്ണൻ: താഴെ പറയുന്ന ചോദ്യത്തിന് ഗതാഗതവകുപ്പുമന്ത്രി സദയം മറുപടി പറയുമോ:

കൊച്ചിയിൽ ബോട്ടുകൾ നിർമ്മിക്കുന്നതിന് പ്രത്യേകം ഗവണ്മെൻറ് അനുവാദം ആവശ്യമാണോ?

മരാമത്തും ഗതാഗതവുംവകുപ്പുമന്ത്രി (ശ്രീ. കളത്തിൽ വേലായുധൻ നായർ:

ആവശ്യം ഇല്ല.

Teak Plantations in the State.

* 1091. [38] **Shri R. Kesava Pillai :** Will the Minister for Revenue be pleased to state:

(*a*) the number of teak plantations in the State;

(*b*) the yearly income from them for the years 1950 1951 and 1949?

(*c*) whether any of these which were in Government have passed out of its possession since 1950.

Minister for Revenue (**Shri A. Chidambaranatha Nadar**):

(*a*) 72 at the close of the financial year 1950-51)

(*b*) 1950-51 (financial year) Rs. 8, 89, 627.

1949-50 (from 17th August 1949 to the end of March 1950) Rs. 4,23,516.

1948-49 (from the middle of August 1948 to the middle of August 1949 - Erstwhile Travancore State only) Rs. 10,25,303.

(c) 50·35 acres of plantation at Edamon has been released to Pathanapuram Taluk Ex-Tappers Benefit Co-operative Society, Punalur, for colonisation.

പുറമ്പോക്കു് ഒഴിപ്പിക്കൽ.

* ൧൦൯൨. [൪൦] ശ്രീ. പി. ഗോവിന്ദപ്പിള്ള: താഴെ പറയുന്ന ചോദ്യങ്ങൾക്കു് റവന്യൂവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുറംപോക്കു് കൈവശക്കാരെ ഒഴിപ്പിക്കുന്നതിൽ എന്തു് നയമാണു് ഗവണ്മെൻറു് കൈക്കൊണ്ടിട്ടുള്ളതു്;

(ബി) പുറമ്പോക്കു് ഒഴിപ്പിക്കുന്നതിൽ മററു ഭൂമിയില്ലാത്ത കുടികിടപ്പുകാരോടും ധനവാന്മാരായ കൈവശക്കാരോടും ഒരേതരം നയമാണോ കൈക്കൊള്ളുന്നതു്;

(സി) മററുഭൂമിയില്ലാത്ത കുടികിടപ്പുകാർ തങ്ങൾ താമസിക്കുന്ന പുറംപോക്കുകൾ പതിച്ചുകൊടുക്കുകയോ, കുത്തകപ്പാട്ടത്തിനു് കൊടുക്കുകയെം ചെയ്യണമെന്നു കാണിച്ചു് സർക്കാരിനു കൊടുത്തിട്ടുള്ള ഹർജികളിന്മേൽ പൊതുവെ എന്തുനടപടികളാണു് എടുക്കുവാൻ പോകുന്നതു്?

റവന്യൂവകുപ്പുമന്ത്രി (ശ്രീ. എ. ചിദംബരനാഥനാടാർ):

(എ) ലാൻഡ് കൺസർവൻസി ആക്ടിലെ വ്യവസ്ഥപ്രകാരം അനധികൃതമായി പ്രവേശിക്കുന്നവരെ ഒഴിപ്പിക്കുന്നതാണ്. എന്നാൽ അപ്രകാരം ഇറക്കിവിടേണ്ടിവരുന്ന ഹരിജനങ്ങളെയും ഭൂമിയില്ലാത്തവരെയുംപററി ഗവണ്മെൻറ് പ്രത്യേകം പരിഗണിക്കുന്നതാണ്.

(ബി) അതെ.

(സി) ഓരോ കേസും അതിൻെറ സ്വഭാവം അനുസരിച്ചു തീർച്ച ചെയ്യുന്നതാണ്.

വായനശാലകളും നിശാപാഠശാലകളും.

✻ ൧൦൯൩. [൪൧] ശ്രീ. കൊച്ചുകുഞ്ഞു്: താഴെ പറയുന്ന ചോദ്യങ്ങൾക്കു് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പിന്നോക്കസമുദായസംരക്ഷണഡിപ്പാർട്ടുമെൻറിൻെറ കീഴിൽ പുതിയ വായനശാലകളും നിശാപാഠശാലകളും ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഈ വർഷത്തിൽ എത്ര വായനശാലകളും നിശാപാഠശാലകളും ആരംഭിക്കുന്നുണ്ടു്?

മുഖ്യമന്ത്രി (ശ്രീ. എ. ജെ. ജാൺ):

(എ) ൧൦൦ വായനശാലകളും ൧൦൦ നിശാപാഠശാലകളും ഇപ്പോൾതന്നെ അനുവദിച്ചിട്ടുണ്ടു്. ഇവ പിന്നോക്കസമുദായഡിപ്പാർട്ടുമെൻറിൻെറ കീഴിൽ നിന്നും വിദ്യാഭ്യാസഡിപ്പാർട്ടുമെൻറിൻെറ നിയന്ത്രണത്തിൽ ആക്കിയിരിക്കയാണ്. പുതുതായി കൂടുതൽ സ്ഥാപനങ്ങളുടെ ആവശ്യം ബോദ്ധ്യപ്പെട്ടാൽ അവ അനുവദിക്കുന്ന കാര്യം ആലോചിക്കുന്നതാണ്.

(ബി) മുകളിൽ പറഞ്ഞ ഉത്തരം അനുസരിച്ചു് ഈ ചോദ്യം ഉദിക്കുന്നില്ല.

Public Service Commission.

✻ **1094 [41] Shri Ganapathy**: Will the Minister for Backward Communities be pleased to answer the following questions:

(*a*) what action is being taken by the Public Service Commission for special case appointments of the Backward communities;

(*b*) how many Harijans have been appointed at your instance after you assumed office ?

Minister for Local Self Government **(Shri K. Kochukuttan):**

(*a*) The communities which are to be considered as backward for purposes of recruitment to the Public Service are being considered by Government. The Public Service Commission has

to advise candidates on the basis of the orders that Government may issue in the matter.

(b) None. Appointment of candidates to the public service is made on the advice of the Public Service Commission only.

പുതിയ ജോലികൾ.

✱ ൧൦൯൫. [൧൮] ശ്രീ. പി. രവീന്ദ്രൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ഗതാഗതവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എലക്ട്രിസിറ്റി ഡിപ്പാർട്ടുമെൻറിൽ ൧൧൨൭-ൽ എത്ര പുതിയ ജോലികൾ ആരംഭിക്കുവാൻ ഗവണ്മെൻറ് അനുവാദം നൽകിയിട്ടുണ്ട്;

(ബി) അവയെല്ലാം പൂർത്തിയായിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ അതിനുള്ള കാരണമെന്ത്?

മരാമത്തും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. കളത്തിൽ വേലായുധൻ നായർ):

(എ) ൧൨൦ എണ്ണം.

(ബി) ഇല്ല.

(സി) മിക്കവയുടെയും പണികൾ ആരംഭിച്ചു കഴിഞ്ഞിട്ടുണ്ട്. എല്ലാം മുഴുവനായി തീർന്നിട്ടില്ല. കണ്ടക്ടേഴ്സ് (Conductors) ജി. ഐ. വയർ (G. I. wire) മുതലായവയുടെ കുറവാണ് കാരണം.

Starred Questions Posted for Answer on 22-7-1952.

Panchayats in Cochin.

✱ **1096 [19] Shri V. R. Krishnan Ezhuthassan:** Will the Minister for Local Self Government be pleased to state:

(*a*) the number of Panchayats in Cochin area prior to the enforcement of the present Panchayat Act;

(*b*) the names of Panchayats that were suppressed since then and the reason for their suppression;

(*c*) the population as per the latest census of the area comprised in each those Panchayats;

(*d*) the names of villages in Cochin area that have been deprived of Panchayat administration due to the suppression of Panchayat mentioned above?

***Minister for Local Self Government* (Shri K. Kochukuttan):**

(*a*) 100.

(*b*) The Panchayats of Vadavucode, Chellanam, Perambara, Pullut, Avinisserry, Edakunny, Vellanikara, Thekkumkara, were abolished in the erstwhile Cochin area. As the financial position of the above 8 Panchayats was found meagre and since the population of each Panchayat was below 8000 based on the 1941 census.

(c) Population as per the 1951 census cannot be given at present. The population as per the 1941 census is given below ;

1.	Vadavucode	955
2.	Chellanam	6,152
3.	Perambara	6,094
4.	Pullut	5,198
5.	Avinisserry	6,442
6.	Edakunny	6,774
7.	Vellanikara	4,286
8.	Thekkumkara	6,243.

(d) The villages of the abolished Panchayats have been added on to the adjacent Panchayats and hence no village in erstwhile Cochin area is excluded from Panchayat Administration.

Co-operative Societies.

* 1097 [20] **Shri V. R. Krishnan Ezhuthassan:** Will the Minister for Local Self Government be pleased to state :

(a) the number of co-operative societies registered in the State during each of the last three years (a) in Cochin area and (b) in Travancore area ;

(b) the number of co-operative societies that went into liquidation during the above period ; and

(c) the number of co-operative societies that are now functioning ?

Minister for Local Self-Government **(Shri K. Kochukuttan) :**

(a) No. of Societies registered.

	1949	*1950*	*1951*
Travancore	185	63	97
Cochin	46	36	22

(b) No. of societies that went into liquidation.

	1949	*1950*	*1951*
Travancore	65	21	101
Cochin	16	6	14

(c) 2,667.

Sripandaravaka (Manian) lands.

* 1098 [21] **Shri V. R. Krishnan Ezhuthassan:** Will the Minister for Revenue be pleased to state ;

(a) the total area of land in different taluks of the State classified as Sripandaravaka (Manian) lands.

(b) the extent of wet lands and dry lands in the category mentioned above ;

(c) the tax or rent realised from these lands ; and

(d) the rate at which tax or rent is realised ?

Minister for Revenue **(Shri A. Chidambaranatha Nadar):**

(a) 27,941 acres 17 cents.

(b) Wet lands 6,794 acres 52 cents. Dry lands 21,146 acres 65 cents.

(c) For wet lands 1,20,663 Paras 7 Edangalies.
For dry lands Rs. 14,271—7—5 ps.

(*d*) The rent is realised according to settlement rate ranging from 7½ Paras of paddy per acre of wet lands, and settlement rates for dry lands.

Compulsory Education.

✻ 1099 [25] **Shri V. R. Krishnan Ezhuthassan :** Will the Chief Minister be pleased to state:

(*a*) the date on which compulsory education was brought into effect in certain parts of the State;

(*b*) The number of new schools opened during the last educational year in the areas under compulsion ; and

(*c*) the number of students who were in school during the year preceding the introduction of compulsion and during the first year of compulsion ?

Chief Minister **(Shri A. J. John):**

(*a*)	Thovala Agastheeswaram Trivandrum City	In the year 1946—47.
	Kalkulam Vilavancode Rural areas of Trivandrum Kunnathoor Parur	In the year 1947-48.
	Nedumangad and Pathanapuram	In the year 1948—49.
	Shenkottah and Chittoor	In the year 1951—52.

(*b*) 32.

(*c*) Information is being collected.

Manure.

✻ 1100 [26] **Shri V. R. Krishnan Ezhuthassan:** Will the Minister for Agriculture be pleased to state:

(*a*) the amount of money spent by the State in the year 1951-52 and 52-53 (up to April 1st) for the manufacture of; (1) Municipal Compost and (2) Rural compost.

(*b*) the quantity of compost so manufactured.

(*c*) whether, and if so, how much subsidy was granted to cultivators for the manufacture of village compost ?

Chief Minister **(Shri A. J. John):**

(*a*) During the year 1951-52, Government have incurred a total expenditure of Rs. 35,477-4-10 on account of pay and allowances to the staff, contingencies, bonus, etc. for the manufacture of compost. The actual manufacture is being done by

Municipalities, Village Unions, Panchayats, individuals etc. at their own cost. Information regarding the expenditure during 5-2-52 is not available, being the current year.

(*b*) 14,493.84 tons of municipal compost and 18,039 tons of rural compost have been prepared during the year 1951-52. Since the year 1952-53 is not yet over, the statistics of production of compost for the year are not ready.

(*c*) a sum of Rs. 961-4-0 has been paid as bonus for the year 1951-52 to the ryots and co-operative societies, engaged in the manufacture of village compost. Bonus for the year 1952-53 has not yet been paid.

Corruption.

*** 1101 [29] Shri. V. R. Krishnan Ezhuthassan:** Will the Chief Minister be pleased to state :

(*a*) how many cases of corruption have been charged by the Anti-Corruption Section of the Police Department in the year 1951-52 and how many of these cases have ended in conviction ; and

(*b*) in acquittal ?

Chief Minister **(Shri A. J. John)** :

(*a*) Eleven ; these are pending trial in Courts.

(*b*) No answer is necessary.

Unstarred Questions posted for Answer on 30-6-1952.

കമ്മ്യൂണിസ്റ്റുകാരന്റെ വീടു പൊളിപ്പ്.

൨൫൨. [൪] ശ്രീ. സി. കെ. വിശ്വനാഥൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് അഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈക്കം താലൂക്കിൽ മേൽമുറിയിൽ തലവടിപാപ്പൻ എന്ന കമ്മ്യൂണിസ്റ്റുകാരന്റെ വീട് പോലീസുകാരും ഗുണ്ടാകളും ചേർന്നു പൊളിച്ചുകളഞ്ഞതു പണിയിച്ചു കിട്ടണമെന്നു സഖാവു പാപ്പന്റെ അമ്മയുടെ അപേക്ഷ ലഭിച്ചിട്ടുണ്ടോ;

(ബി) അപേക്ഷയിന്മേൽ എന്തു നടപടി സ്വീകരിച്ചു;

(സി) ആ വീട്ടിനു എന്തു വിലവരും?

ഉത്തരം.

(എ) ഉണ്ട്.

(ബി) വേണ്ട അന്വേഷണം നടത്തി പരാതി അവാസ്തവമാണെന്നു കണ്ടു.

(സി) ഉദ്ദേശം ൧൫൦ രൂപ വിലവരും.

പോലീസുമർദ്ദനം.

൨൫൩. [൫] ശ്രീ. സി. അച്യുതമേനോൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് അഭ്യന്തരവകുപ്പുമന്ത്രി ദയവായി മറുപടി നൽകുമോ:

(എ) ശ്രീ. പി. ഗംഗാധരൻ എന്ന തടവുകാരനിൽ നിന്നു

അദ്ദേഹത്തെ ചിറവർ ലോക്കപ്പിൽവച്ചു പോലീസു മർദ്ദിച്ചതായി ഒരു പരാതി ലഭിക്കുകയുണ്ടായോ;

(ബി) ടി പരാതിയെ സംബന്ധിച്ച് എന്തെങ്കിലും അന്വേഷണം നടത്തുകയുണ്ടായോ;

(സി) ഉണ്ടെങ്കിൽ അതിൻെറ ഫലമെന്തു്; അന്വേഷണറിപ്പോർട്ടിന്മേൽ ഗവമ്മെൻറ് എന്തു നടപടി നടത്തി?

ഉത്തരം.

(എ) പരാതി ലഭിച്ചിട്ടുണ്ട്.

(ബി) അന്വേഷണം നടത്തുകയുണ്ടായി.

(സി) അന്വേഷണത്തിൽ പരാതി അടിസ്ഥാനരഹിതമാണെന്നു ബോദ്ധ്യമായി.

പോലീസുകാരുടെ എണ്ണം.

൨൫൪. [൧] ശ്രീ. കെ. പി. പ്രഭാകരൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സംസ്ഥാനത്തിൽ ആകെയുള്ള ലോക്കൽപോലീസുകാരെത്ര; പോലീസു സ്റ്റേഷനുകളും ഔട്ട്പോസ്റ്ററുകളും എത്ര;

(ബി) ശരാശരി എത്ര ജനസംഖ്യയ്ക്കു് ഒരു പോലീസുകാരൻ ഉണ്ട്; എത്ര ജനസംഖ്യയ്ക്കു് ഒരു പോലീസ് സ്റ്റേഷൻ ഉണ്ട്;

(സി) ഈ ശരാശരിക്കണക്കിൽ കൂടുതൽ പോലീസ്സ്റ്റേഷനുകളും പോലീസുകാരും എനാമാവു പെരിങ്ങോട്ടുകരയിൽ (അന്തിക്കാട്) ഉണ്ടോ;

(ഡി) ഉണ്ടെങ്കിൽ എന്തുകൊണ്ട്?

ഉത്തരം.

(എ) ൧. ൫൩൨൭ ലോക്കൽപോലീസ്.
൨. ൮൫ പോലീസ്സ്റ്റേഷൻ.
൩. ൭൧൦ ഔട്ട്പോസ്റ്റ്.

(ബി) ൧. ൨൭൦൭ ആളുകൾക്ക് ഒരു പോലീസുകാരൻ.
൨. ഉദ്ദേശം ൩൮൯൦൫-ന് ഒരു സ്റ്റേഷൻ.

(സി) ഇല്ല.

(ഡി) സി-യുടെ ഉത്തരംകൊണ്ട് ഈ ചോദ്യം ഉദിക്കുന്നില്ല.

ചക്കം ചിറ.

൨൫൫. [൭൦] ശ്രീ. എം. വി. ചെറിയാൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ഗതാഗതവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂവാററുപുഴതാലൂക്ക് രാമമംഗലം പകുതി മേമ്മുറിക്കരയിൽ "ചക്കംചിറ" എന്ന സ്ഥലത്തു് ഒരു ചിറ കുഴിപ്പിക്കുന്നതിനു് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിരുന്നോ;

(ബി) ആ നടപടി സ്റ്റേ ചെയ്തിട്ടുണ്ടോ;

(സി) അതിൻെറ പ്രാധാന്യത്തെ കരുതി പ്രസ്തുത ചിറ(കളും) കുഴിപ്പിക്കുവാൻ വേണ്ട നടപടികൾ ഉടൻ സ്വീകരിക്കുമോ?

ഉത്തരം.

(എ) ഉണ്ട്. എസ്റ്റിമേററ് അനുവദിച്ചിട്ടുണ്ട്.
(ബി) ഇല്ല.
(സി) ചിറയ്ക്കാവശ്യമുള്ള സ്ഥലം അക്വയർചെയ്തു കഴിഞ്ഞാലുടൻ അതു് കുഴിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതായിരിക്കും.

ഊററനാട്ട് അണ.

൨൫൩. [൧൧] ശ്രീ. എം. വി. ചെറിയാൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ഗതാഗതവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂവാററുപുഴ താലൂക്ക് തിരുമാറാടിപകുതി ഓണക്കൂറ കരയിൽ ഉഴവൂർ തോടിൽ 'ഊററനാട്ട്' അണ കെട്ടുന്നതിനു താലൂക്കുകമ്മിററി അംഗീകരിക്കുകയോ എസ്റ്റിമേററ് തയാറാക്കുകയൊ ചെയ്തിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ആ പണി ഇതുവരെ നടത്താതിരുന്നതെന്താണു്?

ഉത്തരം.

(എ) അണ കെട്ടുന്നതിനുള്ള എസ്റ്റിമേററ് തയ്യാറാക്കിയിട്ടുണ്ട്. എന്നാൽ താലൂക്കുകമ്മിററിയുടെ അംഗീകാരം സിദ്ധിച്ചിട്ടില്ല.
(ബി) താലൂക്കുകമ്മിററിയുടെ അംഗീകാരം കിട്ടിയാലുടൻ പണി തുടങ്ങുന്നതാണു്.

കൃഷ്ണപുരം മുൻസിഫ് കോടതി.

൨൫൧. [൧൫] ശ്രീ. കുട്ടപ്പൻ കോയിക്കൽ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ഗതാഗതവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷ്ണപുരം മുൻസിഫ് കോടതി കായംകുളം ടൌണിൽ നിന്നും മാററി സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ എവിടേക്കാണെന്നു പറയുമോ?

ഉത്തരം

(എ) ഇല്ല.
(ബി) ചോദ്യം ഉദിക്കുന്നില്ല.

കുഴിത്തുറ ഫിഷറി മിഡിൽസ്കൂൾ.

൨൫൨. [൧൭] ശ്രീ. കാമ്പിശ്ശേരിൽ കരുണാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളി താലൂക്കിൽ കുഴിത്തുറ ഫിഷറി മിഡിൽസ്കൂളിൻെറ ശോച്യാവസ്ഥയെപ്പററി നാട്ടുകാരിൽ നിന്നു വല്ല നിവേദനങ്ങളും ലഭിച്ചിട്ടുണ്ടോ;
(ബി) ഉണ്ടെങ്കിൽ അതനുസരിച്ചു് വല്ല നടപടികളും നടത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ?

ഉത്തരം.

(എ) കൂടുതൽ സ്ഥലസൗകര്യത്തിനും മററുമായി നിവേദനങ്ങൾ ലഭിച്ചിട്ടുണ്ട്.

(ബി) നടപടികൾ നടത്തിവരുന്നു.

Anstarred Questions posted for Answer on 1-7-1952.

ആലപ്പുഴ തണ്ണീർമുക്കം റോഡ്.

൨൫൯. [൨] ശ്രീ. ആർ. സുഗതൻ: താഴെ പറയുന്ന ചോദ്യത്തിന് ഗതാഗതവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആലപ്പുഴ തണ്ണീർമുക്കം റോഡ് ബസ്സിനും യാത്രക്കാർക്കും സഞ്ചാരയോഗ്യമല്ലാതെ ആയി തീന്നിട്ടുണ്ടോ?

ഉത്തരം.

ഇല്ല.

ഠാണാവിലും ചന്തയിലും വിളക്ക്.

൨൬൦. [൩] ശ്രീ. കെ. വി. കൃഷ്ണൻകുട്ടി വാര്യർ: താഴെ പറയുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി പറയുമോ:

ഇരിങ്ങാലക്കട മുനിസിപ്പാലിററിയിൽ ഠാണാവിലും ചന്തയിലും ഉള്ള നാലുംകൂടിയ വഴിയുടെ നടുവിലുള്ള വിളക്കുംകാലുകളിന്മേൽ വളരെ മാസങ്ങളായി വിളക്ക കത്തിക്കാറില്ലെന്നു അധികൃതന്മാരുടെ ദൃഷ്ടിയിൽ പെട്ടിട്ടുണ്ടോ; കത്തിക്കാറില്ലെങ്കിൽ അതിന്റെ കാരണം എന്ത്?

ഉത്തരം.

ഉണ്ട്.

കത്തിക്കുന്നതിന് ആവശ്യമായ ഉപകരണങ്ങൾ ഇല്ലാഞ്ഞിട്ട്.

റോഡിന്റെ അപകടാവസ്ഥ.

൨൬൧. [൪] ശ്രീ. പി. ഭാസ്കരൻ നായർ: താഴെ പറയുന്ന ചോദ്യത്തിന ഗതാഗതവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആററരികിലൂടെ കോട്ടയം ടൗണിൽ താഴത്തങ്ങാടിയിൽനിന്ന് ഇല്ലിക്കൽ പാലംവരെയുള്ള പബ്ലിക്ക് റോഡിന്റെ പല ഭാഗങ്ങളും നദിയിലേക്ക മണ്ണിടിഞ്ഞുപെയ്യൊണ്ടിരിക്കുന്നതിനാൽ ഗതാഗതത്തിന് അപകടകരമായ നിലയിലെത്തിയിരിക്കയാണെന്നു ഗവണ്മെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

ഉത്തരം.

ഉണ്ട്. നിവാരണമാർഗ്ഗങ്ങൾ ഗവണ്മെന്റിന്റെ പരിഗണനയിൽ ഇരിക്കുന്നു.

കുററപ്പുഴ തോട്.

൨൬൨. [൫] ശ്രീ. പി. ചാക്കോ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ഗതാഗതവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ;

(എ) തിരുവല്ലാതാലൂക്കിൽ ഇറിഗേഷൻ ആവശ്യത്തിലേക്കായി വെട്ടിയിട്ടുള്ളതും പൂർത്തിയാകാതെ നിറുത്തിയിട്ടുള്ളതുമായ കുററപ്പുഴ തോടിന്റെ പണിക്കായി ബഡ്ജററിൽ കഴിഞ്ഞവർഷം ഉൾക്കൊള്ളിച്ചിട്ടുക എന്നു്;

(ബി) ഇതുവരെ എന്തു പണി നടത്തി?

ഉത്തരം.

(എ) ൧൨൨,൫൦൦ ക.

(ബി) തിരുവല്ലാ-കോഴഞ്ചേരി റോഡ് ലെവൽ പൊക്കി. തിരുവല്ലാ മല്ലപ്പള്ളി റോഡുവരെയുള്ള തോടിന്റെ ജോലി പൂർത്തിയാക്കി. കറേറാട്ടുപാലം പുതുക്കി പണിയിച്ചു. സ്ളൂയിസ്സിന്റെ പണിയും ഏതാണ്ട് നടത്തീട്ടുണ്ട്.

കുഴൽക്കിണർ.

൨൩൩. [൧] ശ്രീ. എൻ. രാഘവക്കുറുപ്പ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ഗതാഗതവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുമരകത്തു് കുഴൽക്കിണർ ഉണ്ടാക്കികിട്ടണമെന്നു് എന്തെങ്കിലും നിവേദനം ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിന്മേൽ എന്തു നടപടി നടത്തി?

ഉത്തരം

(എ) ഉണ്ട്.

(ബി) ഈ സംസ്ഥാനത്തു് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന ൧൧ കുഴൽക്കിണറുകളുടെ പ്രയാറിററി ലിസ്റ്റിൽ ഇതിനേയും ഉൾപ്പെടുത്തിയിട്ടുണ്ട്.

കുമരകം വെച്ചൂർ റോഡ്.

൨൩൪. [വ്വ] ശ്രീ. എൻ. രാഘവക്കുറുപ്പ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് മരാമത്തുവകുപ്പു മന്ത്രി സദയം മറുപടി പറയുമോ:

(എ) കുമരകം-വെച്ചൂർ റോഡ് പ്ലാൻ ചെയ്തിട്ട് എത്ര വർഷമായി;

(ബി) ആ റോഡിൽ എത്ര ഭാഗം പണി തീർന്നിട്ടുണ്ട്; ബാക്കി എത്ര ഭാഗംകൂടി പണിതീരാനുണ്ട്;

(സി) ആ റോഡുമുഴവൻ പണിതീർത്തു് ഗതാഗത യോഗ്യമാക്കിത്തീർക്കാത്തതു് എന്തുകൊണ്ട്?

ഉത്തരം.

(എ) ഏകദേശം പത്തുവർഷമായി.

(ബി) ആറഫർലോങ്ങ് ദൂരം പണി തീർന്നിട്ടുണ്ട്. ബാക്കി മൂന്നു മൈൽ നാലുഫർലോങ്ങ് ദൂരം പണിതീരുവാനുണ്ട്.

(സി) റോഡിനാവശ്യമുള്ള സ്ഥലം കിട്ടുവാനുള്ള താമസംകൊണ്ട്.

ചങ്ങനാശേരി ചന്തക്കടവു്.

൨൬൫. [൯] ശ്രീ. റ്റി. റ്റി. കേശവൻശാസ്ത്രി: താഴെ കാണുന്ന ചോദ്യങ്ങൾക്കു് മരാമത്തുവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചങ്ങനാശേരി ചന്തക്കടവുറോഡിന്റെ അപകടനില സംബന്ധിച്ചുള്ള നിവേദനങ്ങൾ കിട്ടിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിന്മേൽ എന്തു് നടപടികൾ എടുത്തു?

ഉത്തരം.

(എ) ഉണ്ടു്.

(ബി) റോഡു് നന്നാക്കുന്നതിനുവേണ്ട എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടു്. മേൽ വേണ്ട നടപടികൾ എടുത്തുവരുന്നു.

Moovattupuzha-Edappalli road.

266 [10] **Shri. N. P. Varghese :** Will the Minister for Works be pleased to state :

(*a*) Whether it is a fact that the Moovattupuzha-Edapalli road is in a very bad condition for vehicle traffic ;

(*b*) how many buses are plying through the road ;

(*c*) what is the maintenance grant per mile for that road ; and

(*d*) is there a proposal to metal that road ?

Answer.

(*a*) The condition of the road is not satisfactory.

(*b*) Four.

(*c*) Rs. 500 per annum.

(*d*) Yes.

Arayoor Thodu.

267 [12] **Shri A. Kunjan Nadar :** Will the Minister for Public Works be pleased to state :

(*a*) whether any representation has been received from the public for deepening the Arayoor Thodu in Neyyattinkara Taluk ; and

(*b*) if so what steps are taken for the same.

Answer.

(*a*) Yes.

(*b*) A report on this has been called for from the Chief Engineer, P. W. D. and further action will be taken on receipt of the same.

പി. ഡബ്ലിയു. ഡി. റോഡ്.

൨ന്യവ്യ. [ഫ൭] ശ്രീ. കെ. പി. പ്രഭാകരൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് മരാമത്തുവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ?

(എ) പുത്തൻ പീടികയിൽ നിന്നും മുററിച്ചൂർ കടവിലേക്ക ഒരു പി. ഡബ്ലിയു. ഡി. റോഡ് വെട്ടുന്നതിന് ഗവണ്മെൻറ് തീരുമാനിച്ചിട്ടുണ്ടോ:

(ബി) ഉണ്ടെങ്കിൽ ഏതു കൊല്ലത്തിൽ;

(സി) എത്ര സംഖ്യയാണ് അതിനുവേണ്ടി അനുവദിച്ചിട്ടുള്ളതു്;

(ഡി) പ്രസ്തുത റോഡു് പണി ഇപ്പോൾ ഏതു നിലയിലിരിക്കുന്നു?

ഉത്തരം.

(എ) ഉണ്ടു്.

(ബി) ഫൻ൭ ൦-ൽ.

(സി) ൨൩, ഫ൦൦ ക. (എസ്റ്റിമേററു സംഖ്യ)

(ഡി) സ്ഥലം കൈവശം കിട്ടാത്തതിനാൽ പണി ആരംഭിച്ചിട്ടില്ല.

റോഡ്.

൨ന്യൻ. [ഫന്യ] ശ്രീ. കെ. പി. പ്രഭാകരൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക മരാമത്തുവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ടശ്ശാംകടവിൽനിന്ന് മാമ്പുള്ളിപുലത്തറ കടവിലേക്ക ഒരു പി. ഡബ്ലിയു. ഡി. റോഡു വെട്ടുന്നതിനു ഗവണ്മെൻറിൽനിന്നും ഉത്തരവു നൽകിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതു കൊല്ലത്തിൽ; അതിനുവേണ്ടി അനുവദിച്ച സംഖ്യ എത്ര;

(സി) പ്രസ്തുത റോഡുപണി ഇപ്പോൾ ഏതു നിലയിൽ ഇരിക്കുന്നു?

ഉത്തരം.

(എ) ഉണ്ടു്.

(ബി) ഫൻ൭ ഫ-ൽ ൨൦, ൭൦൦ ക. (estimated amount)

(സി) സ്ഥലം കൈവശം കിട്ടാത്തതിനാൽ പണി ആരംഭിച്ചിട്ടില്ല.

കടുത്തുരുത്തി-പിറവം റോഡ്.

൨൧൦. [ഫൻ] ശ്രീ. എം. വി. ചെറിയാൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് മരാമത്തുവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കടുത്തുരുത്തി പിറവം റോഡ് ഇപ്പോഴും വാഹനഗതാഗത യോഗ്യമാണോ;

(ബി) പ്രസ്തുത റോഡിൽ മുളക്കുളം കരയിൽ ഒരു കാൺക്രീററു പാലം തീർത്തിട്ടുണ്ടോ;

(സി) ഈ റോഡിൻെറ രണ്ടററത്തും ഏതാനംഭാഗം പണി പൂർത്തിയാട്ടില്ലേ;

(ഡി) ഈ റോഡ് കോട്ടയത്തുനിന്നും എറണാകുളത്തേക്കുള്ള ഏററവും എളുപ്പവഴിയാണോ?

ഉത്തരം.

(എ) അല്ല.
(ബി) ഉണ്ട്.
(സി) ഉണ്ട്.
(ഡി) അല്ല.

കൃഷ്ണൻകോട്ട ബണ്ട്.

൨൧൮. [൨൮] ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ഡിസ്ത്രിക്റ്റിൽ മുകുന്ദപുരം താലൂക്കിൽ കൃഷ്ണൻകോട്ടയിൽ കൃഷി ആവശ്യത്തിനുവേണ്ടി കെട്ടിയിരിക്കുന്ന ബണ്ടിന്റെ പണി പൂർത്തിയാക്കാത്തത് എന്തുകൊണ്ടാണ്;

(ബി) ഈ ബണ്ടുമൂലം പുതുതായി വല്ല സ്ഥലവും കൃഷിക്ക് ഉപയുക്തമാക്കാൻ പററിയിട്ടുണ്ടോ;

(സി) ഈ ബണ്ടു പണിക്ക് ഇതിനകം എത്ര ഉറുപ്പിക ചെലവായിട്ടുണ്ട്?

ഉത്തരം.

(എ) ഗതാഗതസൌകര്യങ്ങളെ കുറിച്ചുണ്ടായ ആക്ഷേപങ്ങളെ തുടന്ന് പുതിയ ഗവേഷണങ്ങൾ ആവശ്യമായി വന്നതുകൊണ്ട് പണി പൂർത്തിയാക്കാൻ സാധിച്ചില്ല.
(ബി) ഇല്ല.
(സി) ൩൧,൭൦൯ രൂപ ൭ അണ.

ജലവിതരണം.

൨൧൨. [൨൧] ശ്രീ. ടി. കെ. കൃഷ്ണൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പു മന്ത്രി സദയം മറുപടി പറയുമോ:

(എ) കുന്നംകുളം മുനിസിപ്പൽ അതിർത്തിയിൽ ജലവിതരണത്തിനായി പൈപ്പുലൈൻ സ്ഥാപിക്കുന്നതിനെ സംബന്ധിച്ചുള്ള സർവ്വേ പൂർത്തിയായിട്ടുണ്ടോ;

(ബി) ഈ പൈപ്പുലൈൻ ഇടുന്നതിന് വല്ല എസ്റ്റിമേററും തയ്യാറാക്കിയിട്ടുണ്ടോ;

(സി) ഇതിന്റെ പണി എന്നു മുതൽ ആരംഭിക്കുവാനാണ് ഗവണ്മെന്റ് ഉദ്ദേശിക്കുന്നത്?

ഉത്തരം.

(എ) ഇല്ല.
(ബി) ഇല്ല.
(സി) പണി എന്നു ആരംഭിക്കുമെന്നു ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

കള്ളുഷാപ്പ്.

൨൭൩. [൩൨] ശ്രീ. പരീതുറാവുത്തർ: താഴെ പറയുന്ന ചോദ്യത്തിനു പൊതുജനാരോഗ്യവകുപ്പു മന്ത്രി സദയം മറുപടി പറയുമോ:

പത്തനംതിട്ട റെയിഞ്ചിൽ ഉൾപ്പെട്ട കടപ്പുറ, നമ്പർ ൫൨ കള്ളുഷാപ്പ് പ്രസ്തുത കരയിൽനിന്നും മാററി മറെറാരു കരയിലാണോ സ്ഥാപിച്ചിരിക്കുന്നതു്?

ഉത്തരം.

അതെ. എന്നാൽ അതു മാററിസ്ഥാപിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ടു്.

കോളനൈസേഷൻ പദ്ധതി.

൨൭൪. [൩൩] ശ്രീ. പരീതു റാവുത്തർ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പു മന്ത്രി ദയവായി ഉത്തരം പറയുമോ:

(എ) കോളനൈസേഷൻ പദ്ധതി അനുസരിച്ച് സ്ഥലം കിട്ടുന്നതിലേക്കായി പത്തനംതിട്ട താലൂക്കിൽനിന്നും ഗവണ്മെൻറിലേക്ക് അപേക്ഷകൾ ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എത്ര;

(സി) അതിന്മേൽ എന്തു നടപടി നടത്തി?

ഉത്തരം.

(എ) ഉണ്ടു്.

(ബി) ഉദ്ദേശം ൫,൦൦൦ അപേക്ഷകൾ.

(സി) കോളനി രൂപീകരിക്കുന്നതിനുള്ള പ്രാരംഭനടപടികൾ എടുത്തുവരുന്നു.

Bridge over Neyyar Chembanvila Vaikal

275. [34] **Shri A. K. Chelliah:** Will the Minister for Works and Transport be pleased to State:

(*a*) whether the Government has sanctioned money for a bridge to be constructed over Neyyar-Chembanvila Vaikal in Colachel Pakuthi; and

(*b*) if so, when was it sanctioned?

Answer.

(*a*) Yes.

(*b*) In the budget for the year 1952-53 (vide item 380, Part I)

Aroor-Edacochi Bridge.

276 [37] **Shri L. M. Pylee:** Will the Minister for Works & Transport be pleased to state:

(*a*) at what stage is the scheme for the construction of Aroor-Edacochi Bridge now is;

(*b*) when is the construction likely to begin?

Answer.

(*a*) The scheme is in the investigation stage.
(*b*) The construction is likely to begin within a year.

നഷ്ടപരിഹാരം.

൨൭൭. [൩൩] ശ്രീ. സി. സി. അയ്യപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുകുന്ദപുരം താലൂക്കിൽ കുറിച്ചി എന്ന സ്ഥലത്ത് അധഃകൃതകാളനിയിൽ ൩൧ പേരുടെ സ്ഥലങ്ങളും അതിൽപ്പെട്ട ആറു് ഷെഡ്ഡുകളും ചാലക്കുടി ജലസേചനപദ്ധതിയനുസരിച്ച് തോടുകളും മറ്റും താഴ്ത്തുന്നതിന് എടുത്തുവോ; ഉണ്ടെങ്കിൽ അവയ്ക്ക് എന്തെങ്കിലും നഷ്ടപരിഹാരം കൊടുത്തിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ എന്തുകൊണ്ട് കൊടുത്തില്ല;

(സി) ഉണ്ടെങ്കിൽ ഓരോരുത്തർക്കും എന്തു വീതം കൊടുത്തു?

ഉത്തരം.

(എ) ഉവ്വ്. നഷ്ടപരിഹാരം ഇതുവരെ കൊടുത്തിട്ടില്ല.

(ബി, സി) ഇറിഗേഷൻ ഡിപ്പാർട്ടുമെൻറിൽനിന്നും വസ്തു വകകളുടെ വില നിശ്ചയിച്ചു വരുന്നുണ്ട്. നഷ്ടപരിഹാരം കഴിയുന്നവേഗത്തിൽ കൊടുക്കുന്നതാണ്.

നെല്ലിക്കാലാ നാരങ്ങാനം റോഡ്.

൨൭൮. [൪൧] ശ്രീ. പരീതുറാവുത്തർ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് മരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്തനംതിട്ട താലൂക്കിൽ തിരുവല്ലാ വി. ആർ. ഡി. യിൽ പെട്ട നെല്ലിക്കാലാ നാരങ്ങാനം റോഡിൻെറ ശോച്യാവസ്ഥ ഗവണ്മെൻറിൻെറ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത റോഡിൻെറ പണിയെ ഉദ്ദേശിച്ച് വല്ല നിവേദനവും ഗവണ്മെൻറിന് ലഭിച്ചിട്ടുണ്ടോ;

(സി) അതിന്മേൽ എന്തു നടപടി ഗവണ്മെൻറ് നടത്തിയിട്ടുണ്ട്?

ഉത്തരം.

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) വർക്ക്സ് കമ്മിററി സെലക്ററ് ചെയ്യുമ്പോൾ മാത്രമേ പ്രസ്തുത റോഡിൻെറ പണി ആരംഭിക്കാൻ നിവൃത്തിയുള്ളൂ. ആ വിവരം നിവേദകരെ അറിയിച്ചിട്ടുണ്ട്.

Shertallai Main Bridge.

279. [43] **Shri C. K. Kumara Panicker**; Will the Minister for Works and Transport be pleased to state:

(*a*) whether the attention of Government has been drawn to the dangerous condition of the Shertallay main bridge; and

(*b*) is there any proposal to reconstruct the above bridge?

Answer.

(*a*) The bridge is not in a dangerous condition.
(*b*) No.

Maintenance Grant.

280 [45] **Shri R. Ponnappa Nadar:** Will the Minister for Works be pleased to state:

(*a*) what is the maintenance grant of Pazhayar during 1951-52 so far as Bhoothapandy section is concerned;

(*b*) what is the grant spent during the years 1950-51-52 (year-war) except the recurring expenditure for pay to the work establishment staff; and

(c) is there a practice to spend the maintenance grant of one work for another work?

Answer.

(*a*) Rs. 5,217.

(*b*) The grant spent during 1950-51 is Rs. 1,625. The grant spent during 1951-52 is Rs. 1,417.

(*c*) The Division Officers are competent to distribute the maintenance grant under a particular head to the various works under that head according to necessity and requirements.

Budgeted Works.

281. [46] **Shri R. Ponnappa Nadar:** Will the Minister for Works be pleased to state:

whether the P. W. D. had started all the budgeted works for the year 1951-52 so far as the Nagercoil Division is concerned or at least got all estimates technically approved?

Answer.

All but 12 items of budgeted works, have been started. Estimates for some of the items not taken up for execution, are under scrutiny.

ശുദ്ധജലക്ഷാമം.

൨൮൨ [൪൯] ശ്രീ. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി പറയുമോ:

(എ) വൈപ്പിൻകരയിൽ ശുദ്ധജലത്തിനു ക്ഷാമമുണ്ടെന്നുള്ളതു് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ:

(ബി) അതു് എത്രയും വേഗം പരിഹരിക്കുന്നതിനു് എന്തു പദ്ധതിയാണു് ഗവണ്മെന്റിനു ഉള്ളതു്;

(സി) ഇപ്പോൾ ഉള്ള ജലവിതരണത്തെ സംബന്ധിച്ചു് പരാതികൾ വല്ലതും ലഭിച്ചിട്ടുണ്ടോ;

(ഡി) അതു് പരിഹരിക്കുന്നതിനു് എന്തു നടപടികൾ കൈക്കൊണ്ടിട്ടുണ്ടു്?

<u>ഉത്തരം.</u>

(എ) ഉണ്ടു്.

(ബി) കുറച്ചുകാലത്തേക്കുകൂടി എൽ. സി. ടി. വഴി വെള്ളംകൊണ്ടു പോകേണ്ടിവരും. വൈപ്പിൻകരയിലും പറവൂർ വടക്കേക്കര മുതലായ തീരപ്രദേശങ്ങളിലും കുഴൽവെള്ളം നൽകുന്നതിനു് ഒരു പദ്ധതി ഗവണ്മെന്റിന്റെ ആലോചനയിൽ ഉണ്ടു്. ഈ പദ്ധതിയുടെ ഇൻവെസ്റ്റിഗേഷൻ നടന്നുവരുന്നതും അടുത്തുതന്നെ എസ്റ്റിമേറ്റുകൾ തയ്യാറാകുന്നതുമാണു്.

(സി) ഉണ്ടു്.

(ഡി) എൽ. സി. ടി. കൾ കേടുപാടുകൾ തീർക്കുന്നതിനു വേണ്ട നടപടി എടുത്തുവരുന്നു.

Scheduled Tribes.

283 [50] *Shri Ganapathy; Will the Minister for Harijan Uplift and Protection of Backward Communities be pleased to state:

(*a*) what are the steps taken by the Government to uplift the Secheduled Tribes;

(*b*) is there a separate Department to look after their welfare;

(*c*) how much fund is allotted to it in the year 1950-51 and 1951-52;

(*d*) what are the tangible results obtained with that fund?

Answer.

(*a*) Four pial schools are conducted for the benefit of the children belonging to Scheduled Tribes. The pupils studying in these schools are supplied clothes free of cost. Co-operative Societies have been organised for Scheduled Tribes. Government have been affording financial assistance to private agencies for doing ameliorative work among the Scheduled Tribes. The Scheduled Tribes who are engaged in handi-crafts are given the necessary assistance by the Government.

(*b*) No. But there is a separate Department for Scheduled Tribes, Scheduled Castes and Other Backward Communities.

(*c*) Funds allotted during the financial year 1950-51. Rs. 11,000.

Funds allotted during the financial year 1951-52. Rs. 30,000.

(*d*) Welfare activities were carried on among Scheduled Tribes costing Government Rs. 11,000.

Conference for the Tribal Welfare.

284. [51] **Shri Ganapathy :** Will the Minister for Harijan Uplift and Protection of Backward Communities be pleased to state:

(*a*) whether the Government are in possession of the speech of Nehruji, Prime Minister of India about the recruitment of tribal welfare officers and qualification suggested by him;

(*b*) whether it is a fact that the Travancore Government have appointed officers of similar qualifications to look after the welfare of the Hill tribes;

(*c*) what are the names of the officers;

(*d*) what is their grade. jurisdiction etc;

(*e*) what are the facilities given to them to attend to the tribal needs;

(*f*) whether this Government have received representation from Shri N. S. Kochukunju, Ex- M. L. A.. to form a separate section with the Welfare Officer in charge for the tribal welfare alone attached to the Department for the Advancement of Backward Communities; and

(*g*) if so, what action has been taken?

Answer

(*a*) No.

(*b*) to (*e*) These questions do not arise in view of the answer to (a);

(*f*) No.

(*g*) This question does not arise in view of the answer to (f).

Demography of the various Tribes of the State.

285. [52] **Shri Ganapathy :** Will the Minister for Harijan Uplift and Protection of Backward Communities be pleased to state :

(*a*) whether this Government are in possession of Demography of the various tribes of the State, their population, their customs and manners etc;

(*b*) is there any scheme for the tribal welfare in the State; if so, who has prepared it; and;

(*c*) whether the scheme will be implemented this year itself?

Answer.

(*a*) Yes.

(*b*) Yes. Government have prepared it in consultation with the Advisory Committee for the Uplift of Backward Communities.

(*c*) The scheme is being implemented.

വാഴൂർ—പുലിയന്നൂർ റോഡ്.

൨൭൩. [൬൪] ശ്രീ. എം. സി. മാത്യു : താഴെ പറയുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാഴൂർ—പുലിയന്നൂർ റോഡിൽ ൧൫-ാം മൈലിൽനിന്നും എട്ടു ഫർലോങ്ങു ദൂരത്തിനുള്ള റോഡ് ഗവണ്മെൻറ് ഏറെറടുത്തിട്ടുള്ളതാണോ;

(ബി) ആണെങ്കിൽ എത്ര നാളുകളായി;

(സി) ആ റോഡിൻെറ മെയിൻറനൻസിനു വല്ല സംഖ്യയും ഗവണ്മെൻറ് ചെലവാക്കുന്നുണ്ടോ;

(ഡി) പ്രസ്തുത റോഡ് ഇപ്പോൾ ഗതാഗതയോഗ്യമല്ലെന്നുള്ള വിവരം ഗവണ്മെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉത്തരം.

(എ) അതെ.

(ബി) വളരെ നാളുകളായി.

(സി) ഉണ്ട്.

(ഡി) ഉണ്ട്. (വേനൽക്കാലത്തു് ഗതാഗതയോഗ്യമാണ്.)

Unstarred Questions posted for Answer on 2-7-1952.

സഞ്ചാരബത്ത.

൨൭൧. [൯] ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ഡിസ്ത്രിക്റ്റിൽ റവന്യുഡിപ്പാർട്ടുമെൻറിലെ ജോലിക്കാർക്ക് രണ്ടു വർഷങ്ങളായി ലഭിക്കേണ്ട സഞ്ചാരബത്ത നൽകിയിട്ടില്ലാത്തതു് വാസ്തവമാണോ;

(ബി) ആണെങ്കിൽ അങ്ങനെ കൊടുക്കാതിരിക്കാനുള്ള കാരണമെന്താണെന്നു് വ്യക്തമാക്കുമോ?

ഉത്തരം.

(എ) സഞ്ചാരബത്ത നൽകിയിട്ടില്ല.

(ബി) തിരുവിതാംകൂർ—കൊച്ചി സംയോജനത്തിനുശേഷം ൧-൦-൧൧൨൫ മുതൽ തിരുവിതാംകൂർ സർവീസ് റഗുലേഷനിലെ ചട്ടങ്ങൾ, കൊച്ചി സംസ്ഥാനത്തേയും സംബന്ധിക്കുന്നതായിത്തീർന്നു. ആ ചട്ടങ്ങൾ അനുസരിച്ച്, വില്ലേജുദ്യോഗസ്ഥന്മാർക്ക്, ഒരേ താലൂക്കിനകത്തുള്ള യാത്രകൾക്ക് സഞ്ചാരബത്ത അനുവദിക്കാൻ പാടില്ല.

Pay of Officers in the Revenue Department.

288. [12] **Shri M. Gopalan Nair :** Will the Minister for Revenue be pleased to state:

(*a*) the pay of Tahsildars, Sheristadars, Deputy Tahsildars, Head Accountants, Treasurers, Clerks, Revenue Supervisors, Proverthicars, Accountants and peons in the Revenue Department in 1900, 1910, 1920, 1930, 1940, 1950 and 1952;

(*b*) the pay of the officers of the same status as those mentioned in part (a) in the other major Departments during the above period;

(*c*) whether there is considerable disparity in the pay of (a) & (b) groups; if so, what is the reason for the same;

(*d*) whether the officers and subordinates of the Revenue Department are overworked.

Answer.

(*a*) Separate statements for Travancore and Cochin areas are appended.†

(*b*) It is not possible to find officers of corresponding status in all other departments. Each department has grown upto its present stature in its own way. The particulars of the staff and the pay of the officers in the other departments are shown in the Budgets.

(*c*) Does not arise in view of the answer to (b).

(*d*) Officers and subordinates of the Revenue Department are generally overworked.

Medical College.

289. [14] **Shri R. Kesava Pillai :** Will the Minister for Education be pleased to state:

(*a*) the amount of Rupees in lakhs invested for the Medical College at Trivandrum ;

(*b*) different items of expenditure.

(i) for building

(ii) for medicine

(iii) for appliances and laboratory

(iv) for library.

Answer.

(*a*) Rs. 37·28 lakhs.

(*b*) Rs. 32 lakhs.

Nil.

Rs. 3·78 lakhs.

Rs. 0·15 lakh.

പലതരം കരങ്ങൾ.

൨൯൦. [൧൬] ശ്രീ. ടി. കെ. ദിവാകരൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് റവന്യൂവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

† See Appendix. VI

(എ) അടിസ്ഥാനനികുതിക്കു പുറമെ പണ്ടാരവക, ദേവസ്വം, ശ്രീപാദം, മണിയംകരം, തുടങ്ങിയ മററിനം കരങ്ങൾകൂടി നൽകേണ്ടി വരുന്ന സംസ്ഥാനത്തെ ഭൂമിയുടെ വിസ്തീർണ്ണം എത്ര; ഏതെല്ലാം ഡിസ്ത്രിക്ടിൽ; എത്ര ഏക്കർ വീതം;

(ബി) ഈ വക ഭൂമികളെ അടിസ്ഥാനനികുതി ഒഴികെയുള്ള കരങ്ങളിൽനിന്നും ഒഴിവാക്കുവാൻ ഗവണ്മെൻറ് ഉദ്ദേശിക്കുന്നുണ്ടോ;

(സി) ഉണ്ടെങ്കിൽ അതിന്മേൽ ഗവണ്മെൻറ് എന്തു നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം.

(എ) അടിസ്ഥാനനികുതിക്കുപുറമെ മററിനം കരങ്ങൾ നൽകി വരുന്നതു് (ജന്മിക്കരം) ജന്മഭൂമികൾക്കു മാത്രമാണു്.

	വിസ്തീർണ്ണം	
	ഏക്കർ	സെൻറ്
തിരുവനന്തപുരം ഡിസ്ത്രിക്ട്	൩൩,൫൧൨	൬൮
കൊല്ലം	൪൬,൧൨൫	൧൯
കോട്ടയം (പറവൂർ കുന്നത്തുനാട്ട് താലൂക്കു്)	൧൯,൨൨൬	൨൫
ആകെ	൫,൭൬,൨൭൦	൪൬

(ബി) ഗവണ്മെൻറിന്റെ പരിഗണനയിൽ ഇരിക്കുകയാണു്.

(സി) ചോദ്യം ഉദിക്കുന്നില്ല.

ഉപ്പുണ്ടാക്കാൻ കൊടുത്ത സ്ഥലം.

൬൬൫. [൫൬] ശ്രീ. രാമകൃഷ്ണൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് റവന്യൂവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂക്കൻ തോമാക്കുട്ടിക്കു് മാലിപ്പുറത്തു് എത്ര ഏക്കർ സ്ഥലം ഉപ്പുണ്ടാക്കുന്നതിനു് പാട്ടത്തിനു് കൊടുത്തിട്ടുണ്ടു്;

(ബി) ആ സ്ഥലങ്ങൾ നെൽക്കൃഷിക്കു പററുമോ എന്നന്വേഷിച്ചിട്ടുണ്ടോ?

ഉത്തരം.

(എ) ൧൦ ഏക്കർ

(ബി) ഇല്ല.

Unstarred Questions Posted for Answer on 3-7-1952.

ചങ്ങനാശേരി ക്യാമ്പ് ഷെഡ്ഡു്.

൬൬൮. [൩] ശ്രീ. ടി. ടി. കേശവൻ ശാസ്ത്രി: താഴെ പറയുന്ന ചോദ്യങ്ങൾക്കു് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചങ്ങനാശേരി പട്ടണത്തിൽ യാത്രക്കാരുടെ ഉപയോഗത്തിന് ഒരു ക്യാമ്പുഷെഡ്ഡ് ഇല്ലാത്തവിവരം ഗവണ്മെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) ഇതിനുവേണ്ട നടപടികൾ എടുക്കാൻ ആലോചനയുണ്ടോ?

ഉത്തരം.

(എ) ഉണ്ട്.

(ബി) നടപടികൾ എടുത്തു കഴിഞ്ഞു. കെട്ടിടം പണി ഒരു മാസത്തിനകം പൂർത്തിയാകും.

തിരുവല്ലാ ചന്തത്തോട്.

൨൯൩. [൪] ശ്രീ. ഓ. സി. നൈനാൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവല്ലാ ചന്തത്തോട് പണി തുടങ്ങിയിട്ട് എത്ര കൊല്ലമായി;

(ബി) ഇപ്പോൾ അതിന്റെ പണി ഏതു സ്ഥിതിയിലിരിക്കുന്നു;

(സി) ആ തോടിന്റെ ആവശ്യത്തിന് സ്ഥലം എടുക്കുന്നതിനുള്ള നടപടി ഏതു സ്ഥിതിയിൽ ഇരിക്കുന്നു;

(ഡി) സ്ഥലം എടുപ്പു നടപടി ആരംഭിച്ചിട്ട് എത്ര നാളായി?

ഉത്തരം.

(എ) ഒരു കൊല്ലവും നാലുമാസവും.

(ബി) കലുങ്കിന്റെ പണി കഴിഞ്ഞു. കൽപടകൾ കെട്ടലും കോപ്പിംഗ്സ്റ്റോൺസ് (Coping stones) പടുക്കലും ശേഷിപ്പുണ്ട്. തോട് ൩൦൦൦ അടി നീളം താഴ്ത്തിക്കഴിഞ്ഞു. ബാക്കി പണി നിർത്തിവച്ചിരിക്കയാണ്. പണിയിൽ പുതിയ ചില വ്യതിയാനങ്ങൾ ഉദ്ദേശിക്കുന്നുണ്ട്.

(സി) ആദ്യത്തെ എസ്റ്റിമേറ്റിൻപ്രകാരമുള്ള പണിക്കു വേണ്ട സ്ഥലം എല്ലാം എടുത്തു കഴിഞ്ഞിട്ടുണ്ട്. പുതിയ നിർദ്ദേശപ്രകാരമുള്ള സ്ഥലങ്ങൾ എടുക്കുന്നതിനുള്ള ലാൻഡ് പ്ലാനും ഏരിയാ ലിസ്റ്റും തയ്യാറചെയ്തുവരുന്നു.

(ഡി) ഒന്നരക്കൊല്ലം.

Muvattupuzha—Thodupuzha Road.

294. [6] **Shri N. P. Varghese:** Will the Minister for Works be pleased to state.:

(*a*) what is the number of buses plying on Moovattupuzha-Thodupuzha road per day;

(*b*) when was it last metalled;

(*c*) what is the maintenance grant per mile of that road; and

(*d*) is there any proposal to tarcrete or concrete that road in view of the very heavy traffic plying along that road?

Answer.

(*a*) 23.

(*b*) In the year 1951-52.

(*c*) Rs. 1,200.

(*d*) No.

Palmyrah Fibre.

295. [8] **Shri A. Kunjan Nadar:** Will the Minister for Industries be pleased to state:

(*a*) the quantity of palmyrah fibre produced in the State in the years 1948, 1949 and 1951;

(*b*) the quantity exported from the State each year;

(*c*) the export duty realised from it each year; and

(*d*) the amount of sales tax realised from the palmyrah fibre and brush industry in the State?

Answer

(*a*) The information is not available.

(*b*) From the accounts of the Excise Department, it is seen that 21,866 and 13,131 cwts. of palmyrah fibre were exported during the years 1123 (1947-48) and 1124 (1948-49) respectively. Details for the other years are not available.

(*c*) The export duty realised was Rs. 13,670 in 1123 and Rs. 8,239 in 1124.

(*d*) These details are being collected.

ഇടവഴി.

൨൯൬. [൧൧] ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ: താഴെ പറയുന്ന ചോദ്യത്തിന് മരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കൊടുങ്ങല്ലൂർ താലൂക്കിൽ മേത്തലവില്ലേജിൽ കൊടുങ്ങല്ലൂർ ബോയിസ് ഹൈസ്കൂളിന്റെ തെക്കുപടിഞ്ഞാറെ മൂലയിൽനിന്ന് പടിഞ്ഞാട്ടുള്ള ഇടവഴി വീതികൂട്ടി മെററലിട്ട് അഴിക്കോട്ടുറോഡിൽ അയ്യപ്പാലത്തു ചെന്നു ചേരത്തക്കവണ്ണം നന്നാക്കുന്നതു സംബന്ധിച്ച് മുമ്പത്തെ കൊച്ചി ഗവണ്മെൻറ് സ്വീകരിച്ചിരുന്ന നടപടികൾ ഈ ഗവണ്മെൻറ് നിറുത്തിവച്ചിട്ടുണ്ടോ; അതിനു വല്ല പ്രത്യേക കാരണവുമുണ്ടോ?

ഉത്തരം.

നിറുത്തിവച്ചിട്ടില്ല.

അറപ്പത്തോട്.

൨൯൭ [൧൨] ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് മരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊടുങ്ങല്ലൂർ താലൂക്കിൽ ഏറിയാട്ട് അഴിക്കോട്ട് വില്ലേജുകളിലായി സ്ഥിതിചെയ്യുന്ന അറപ്പത്തോട്ട് മണ്ണുവന്നു നികന്നിരിക്കകാരണം വേനൽക്കാലങ്ങളിൽ വള്ളങ്ങളുടെ ഗതാഗതത്തിന് വളരെ ബുദ്ധിമുട്ട് നേരിടുന്നതായി ഗവണ്മെൻറിൻെറ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) ഈ തോട്ട് താഴ്ത്തണമെന്നു കാണിച്ച് നാട്ടുകാരുടെ ഏതെങ്കിലും നിവേദനം ഗവണ്മെൻറിലേക്ക് കിട്ടിയിട്ടുണ്ടോ;

(സി) ഇക്കാര്യത്തിൽ എന്തെങ്കിലും നടപടി ഗവണ്മെൻറ് സ്വീകരിച്ചിട്ടുണ്ടോ ?

<u>ഉത്തരം.</u>

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) പ്രസ്തുത തോടിൻെറ അററകുററപ്പണികൾ തീർത്ത് നികന്ന ഭാഗങ്ങൾ കുഴിച്ച് ബോട്ടുകൾ പോകത്തക്കവണ്ണം ശരിയാക്കിയിട്ടുണ്ട്. ഇപ്പോൾ സാധാരണ ബോട്ടുകൾക്ക് ഏറിയാട്ട് ചന്തവരെ യാതൊരു തടസ്സവും കൂടാതെ സഞ്ചരിക്കാം. കൂടുതൽ പണികളൊന്നും ഇപ്പോൾ ആവശ്യമില്ല.

കയർ കയററുമതി.

൨൯൭. [൧൭] ശ്രീ. കെ. കുട്ടപ്പൻ: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി പറയുമോ:

൧൯൪൫ മുതൽ ൧൯൫൧ വരെ തിരുവിതാംകൂർ-കൊച്ചി സംസ്ഥാനത്തു നിന്നും പ്രതിവർഷം വിദേശങ്ങളിലേക്ക് കയററുമതിചെയ്ത കയറിൻേറയും കയറുല്പന്നങ്ങളുടേയും കണക്കുകളും ഓരോ സാധനത്തിൻേറയും പ്രതിവർഷമുള്ള ശരാശരി വിലയും എന്താണ് ?

<u>ഉത്തരം.</u>

† ലിസ്ററ് മേശപ്പുറത്തുവച്ചിട്ടുണ്ട്.

അടിച്ചിറ-മാന്നാനം അതിരമ്പുഴ റോഡ്.

൨൯൯. [൨൩] ശ്രീ. ജെയിംസ് തറയിൽ: താഴെ പറയുന്ന ചോദ്യത്തിനു മരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൾകുമോ:

കോട്ടയം ഡിവിഷനിൽ അടിച്ചിറ-മാന്നാനം അതിരമ്പുഴ റോഡിൻെറ ശോച്യാവസ്ഥ ഗവണ്മെൻറിൻെറ ദൃഷ്ടിയിൽ പെട്ടിട്ടുണ്ടോ ?

<u>ഉത്തരം.</u>

ഉണ്ട്.

---

† See Appendix VII.

അതിരമ്പുഴ-ഉ്ളാലം റോഡു്.

൩൦൦. [൨൪] ശ്രീ. ജെയിംസ് തറയിൽ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് മരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം ഡിവിഷനിൽ അതിരംപുഴ-ഉ്ളാലം റോഡിൽ അതിരംപുഴ മുതൽ ഏററമാനൂർവരെയുള്ള ഭാഗം മെററൽചെയ്തിട്ടു് എത്ര കാലമായെന്നു പറയുമോ;

(ബി) പ്രസ്തുത ഭാഗം ചെളിയും കുഴിയുമായി വാഹനഗതാഗതത്തിനു് തീരെ അപര്യാപ്തമായിരിക്കുന്ന വിവരം ഗവണ്മെൻറിൻെറ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(സി) അതിരംപുഴ—ഉ്ളാലം റോഡിൽ ഏതെങ്കിലും ഭാഗം കോൺക്രീററ ചെയ്യുന്നതിനു് ഗവണ്മെൻറു് ആലോചിക്കുന്നുണ്ടോ?

ഉത്തരം.

(എ) ആകെയുള്ള പത്തുഫർലോംഗിൽ ഏററമാനൂരോടടുത്തുള്ള നാലു ഫർലോംഗ് മെററൽചെയ്തിട്ടു് ആറു വർഷവും ബാക്കിയുള്ള ആറുഫർലോംഗ് മെററൽചെയ്തിട്ടു് നാലുവർഷവുമായി.

(ബി) ഉണ്ടു്.

(സി) ഉണ്ടു്.

റാന്നി മേലുകര റോഡു്.

